# മസ്ദൂർ ഭാരതി

ജനുവരി 2024

MAZDOORBHARATHI MONTHLY

തൊഴിലാളി വാർത്താ മാസിക




## ആത്മനിർഭരതയുടെ ആരവം മുഴക്കി

# അയോധ്യ



അയോധ്യയിൽ പൂജിച്ച അക്ഷതം കേരള ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ സ്വീകരിക്കുന്നു.



എൻ.എസ്.എസ്. ജനറൽ സെക്രട്ടറി സുകുമാരൻ നായർ അക്ഷതം സ്വീകരിക്കുന്നു.



എസ്.എൻ.ഡി.പി. യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശനും കുടുംബാംഗങ്ങളും അക്ഷതം സ്വീകരിക്കുന്നു.





**മസ്ദൂർ ഭാരതി**

**ഉപദേശക സമിതി**

അഡ്വ.സി.കെ.സജി നാരായണൻ
കെ.ഗംഗാധരൻ
പി.ഗോപാലൻകുട്ടി മാസ്റ്റർ
വി.രാധാകൃഷ്ണൻ
ഡോ.എം.വി.നടേശൻ
ഡോ.കെ.ആർ.രാധാകൃഷ്ണപിള്ള
കല്ലറ അജയൻ
എം.എസ്. ശ്യാംകുമാർ
കെ.വി.രാജേന്ദ്രൻ

മാനേജർ : ഇ.ദിവാകരൻ

**പത്രാധിപസമിതി**

എഡിറ്റർ : കെ.കെ.വിജയകുമാർ
അസി.എഡിറ്റർ : ടി.എം.നാരായണൻ
സബ് എഡിറ്റർ : കെ.പി.അഖിലേഷ്

സി.ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ
ജി.കെ.അജിത്ത്
കെ.മഹേഷ്
എം.പി.രാജീവൻ



G20 L20 INDIA 2023

# മസ്ദൂർ ഭാരതി

MAZDOORBHARATHI MONTHLY
തൊഴിലാളി വാർത്താ മാസിക

**ഭാരതീയ മസ്ദൂർ സംഘം കേരളപ്രദേശ് മുഖപത്രം**

Volume: 41 2024 JANUARY Issue 1



**മസ്ദൂർഭാരതി**
**കല്ലായ് റോഡ്, കോഴിക്കോട് – 673002**
**ഫോൺ : 0495 2305040**
**e-mail : mazdoorbharathi@gmail.com**



**മുഖപ്രസംഗം** — **ശ്രീരാമ ജന്മസ്ഥാൻ ക്ഷേത്രത്തിലൂടെ രാജ്യം പുതിയ യുഗത്തിലേക്ക്** 4

**ആത്മനിർഭരതയുടെ ആരവം മുഴക്കി അയോദ്ധ്യ** ..................................6
കെ.വി.രാജേന്ദ്രൻ

**ഞാൻ കണ്ട അയോദ്ധ്യ** ..................................................................14
സി.ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ

**ശ്രീരാമൻ ദേശീയതയുടെ പ്രതീകം**..................................................19
ടി.വിജയൻ

**രാമക്ഷേത്രം തൊഴിലാളിയുടെ കരുത്ത്**..............................................22
ബിജു.വി

വാർത്തകൾ....................................................25-28, 38-50

**നിരീക്ഷണങ്ങൾ വിശകലനങ്ങൾ** കല്ലറ അജയൻ — **രാമായണങ്ങളും രാമക്ഷേത്രവും** 29

അദ്ധ്വാനം ആരാധനയാണ്

മസ്ദൂർ ഭാരതി
MAZDOORBHARATHI MONTHLY
തൊഴിലാളി വാർത്താ മാസിക

പുസ്തകം: 41 2024 ജനുവരി ലക്കം 1

# ശ്രീരാമ ജന്മസ്ഥാൻ ക്ഷേത്രത്തിലൂടെ രാജ്യം പുതിയ യുഗത്തിലേക്ക്

ഹിന്ദുദേവീ-ദേവന്മാരിൽ ശ്രീരാമനും ശ്രീകൃഷ്ണനും വലിയ പ്രാധാന്യമാണുള്ളത്. മനുഷ്യരായി ജീവിച്ച രണ്ട് അവതാരപുരുഷന്മാരാണ് ഇരുവരും.ഓരോ ഭാരതീയന്റെയും പൊതു പൂർവികരായ ഇവർ ദേശീയതയുടെ പ്രതീകങ്ങളാണ്. രണ്ടു പേരുടേയും ജീവിതവുമായി ബന്ധപ്പെട്ടാണ് ഇതിഹാസങ്ങളായ രാമായണവും മഹാഭാരതവും എഴുതപ്പെട്ടത്. ഭാരതത്തിലെ എല്ലാ ഭാഷകളിലും രണ്ടുപേരേയും പ്രകീർത്തിച്ചുകൊണ്ടുള്ള ധാരാളം ഗ്രന്ഥങ്ങളും വിരചിതമായി. ഹിന്ദുസംസ്കാരം നിലനിന്നിരുന്ന ഇന്തോനേഷ്യ പോലുള്ള രാജ്യങ്ങളിലടക്കം ശ്രീരാമനുമായി ബന്ധപ്പെട്ട കലാരൂപങ്ങൾ ഇന്നും നിലനില്ക്കുന്നു. ഇരുവരുടെയും ജന്മസ്ഥാനങ്ങളായ അയോധ്യയും മഥുരയും പുണ്യസ്ഥലങ്ങളായി കരുതപ്പെടുകയും ചെയ്യുന്നു. ശ്രീരാമനെ മാതൃകാപുരുഷോത്തമൻ എന്നാണ് വിശേഷിപ്പിക്കുന്നത്. ഹിന്ദു-മുസ്ലീം ഐക്യത്തിനുവേണ്ടി പ്രവർത്തിച്ച മഹാത്മാ ഗാന്ധി ശ്രീരാമഭക്തനായിരുന്നു. സ്വാതന്ത്ര്യലബ്ധിക്കുശേഷം രാമരാജ്യം സ്ഥാപിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. ശ്രീരാമനും മറ്റും ദേശീയ ഐക്യം ഊട്ടിയുറപ്പിക്കാനുള്ള പ്രതീകമാണെന്ന യാഥാർത്ഥ്യം അദ്ദേഹം ഉൾക്കൊണ്ടിരുന്നു എന്നാണ് ഇതിലൂടെ നമുക്ക് മസ്സിലാക്കാൻ കഴിയുന്നത്.

ഭാരതം ആക്രമിച്ചു കീഴടക്കാനുള്ള ആഗ്രഹവുമായി വന്ന മുസ്ലീം ആക്രമണകാരികൾ ഭാരതീയരെ മാനസികമായി തകർക്കുക എന്ന ലക്ഷ്യത്തോടുകൂടി ക്ഷേത്രധ്വംസനങ്ങൾ പതിവാക്കിയിരുന്നു. അതിന്റെ ഭാഗമായിട്ടാണ് ഹിന്ദുക്കൾ പവിത്രമായി കരുതിയിരുന്ന ഗുജറാത്തിലെ സോമനാഥക്ഷേത്രം, കാശിയിലെ വിശ്വനാഥക്ഷേത്രം, മഥുരയിലെ ശ്രീകൃഷ്ണ ക്ഷേത്രം, അയോധ്യയിലെ ശ്രീരാമക്ഷേത്രം എന്നിവയും മറ്റനേകം ക്ഷേത്രങ്ങളും തകർത്തത്. മുഗൾവംശ സ്ഥാപകനായ ബാബറുടെ നിർദ്ദേശപ്രകാരമാണ് പടത്തലവനായ മീർബാഖിയുടെ നേതൃത്വത്തിൽ 1526-ൽ ശ്രീരാമക്ഷേത്രം തകർക്കുകയും അവിടെ പള്ളിപണിയുകയും ചെയ്തത്. അതുകൊണ്ടാണ് അത് ബാബറി മസ്ജിദ് എന്ന പേരിൽ അറിയപ്പെട്ടുതുടങ്ങിയത്. ക്ഷേത്രം തകർത്ത് പള്ളി പണിതുവെങ്കിലും ഹിന്ദുക്കൾക്ക് പ്രസ്തുത സ്ഥലത്തിനോടുള്ള ആരാധനാ മനോഭാവം അവസാനിച്ചില്ല. പള്ളിക്കു സമീപംതന്നെ പിന്നീടവർ സീതാ കാ രസോയിയും രാംഛബൂത്രയും നിർമ്മിച്ചു. രാമജന്മഭൂമി തിരിച്ചുപിടിക്കാനുള്ള ശ്രമങ്ങളും ഹിന്ദുക്കൾ തുടർച്ചയായി ചെയ്തുവന്നിരുന്നു. ബ്രിട്ടീഷ് ഭരണകാലത്തും ഇതിനുള്ള പ്രക്ഷോഭം തുടർന്നു. ഹിന്ദുക്കളുടെ നിരന്തരമായ എതിർപ്പിനിടയിൽ മുസ്ലിങ്ങൾക്ക് അത് ആരാധനാലയമായി ഉപയോഗിക്കാൻ സാധിച്ചിരുന്നില്ല. 1934-ൽ ഹിന്ദു സന്യാസിമാരുടെ ആക്രമണത്തെത്തുടർന്ന് മുസ്ലീങ്ങൾക്ക് തർക്കമന്ദിരത്തിലേക്ക് പ്രവേശനം നിഷേധിക്കുകയും ചെയ്തു. ക്രമസമാധാന പ്രശ്നങ്ങൾ ഒഴിവാക്കാൻ സർക്കാർ കെട്ടിടത്തിനു ചുറ്റും ഇരുമ്പുവേലികൾ സ്ഥാപിക്കുകയും ചെയ്തു.

1949 ഡിസംബർ 23-ന് തർക്കമന്ദിരത്തിൽ ശ്രീരാമന്റേയും സീതയുടേയും വിഗ്രഹങ്ങളിൽ ആരാധന നടന്നു. ഇതിനെത്തുടർന്ന് ഭര

ണാധികാരികൾ കെട്ടിടം താഴിട്ടു പൂട്ടുകയും ഇരുവിഭാഗത്തിനും പ്രവേശനം നിഷേധിക്കുകയും ചെയ്തു. എങ്കിലും വിഗ്രഹങ്ങൾക്ക് നിത്യപൂജ ചെയ്യുന്നതിന് പൂജാരിമാരെ പ്രവേശിപ്പിക്കുമായിരുന്നു. 1950 മുതൽ ഫൈസാബാദ് കോടതിയിൽ തർക്കമന്ദിരത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ചുള്ള കേസ്സുകൾ നടന്നു. പിന്നീട് ജില്ലാകോടതിയിലും ലക്നൗ ഹൈക്കോടതിയുടെ അലഹബാദ് ബഞ്ചിലും മാറ്റപ്പെട്ട് തീരുമാനങ്ങളില്ലാതെ തുടർന്നു. 1984 ഏപ്രിലിൽ വിശ്വഹിന്ദുപരിഷത്ത് രാമജന്മഭൂമി മുക്തിയജ്ഞത്തിന് തുടക്കംകുറിച്ചു. 1986 ഫിബ്രവരി 1-ന് കോടതി ക്ഷേത്രാരാധന നടത്താൻ ഗേറ്റുകൾ തുറന്നുകൊടുക്കാൻ ഉത്തരവിട്ടു. 1989 നവംബർ 9-ന് ശിലാന്യാസം നടത്താൻ വിശ്വഹിന്ദു പരിഷത്ത് തീരുമാനിക്കുകയും പ്രതീകാത്മകമായി ശിലാന്യാസം നടത്തുകയും ചെയ്തു. 1990 -ൽ ഭാരതീയ ജനതാപാർട്ടിനേതാവ് എൽ. കെ. അദ്വാനിയുടെ നേതൃത്വത്തിൽ നടന്ന ശ്രീരാമരഥയാത്ര ക്ഷേത്രനിർമാണത്തിനാവശ്യമായ ജനാഭിപ്രായം ഉണ്ടാക്കി. അതിന്റെ ഫലമായി രഥയാത്ര സമാപനത്തിനോടനുബന്ധിച്ച് വലിയതോതിൽ ജനങ്ങൾ അയോധ്യയിൽ എത്തിച്ചേരുകയും മുലായം സിംഗ് യാദവിന്റെ നേതൃത്വത്തിലുള്ള യു.പി. സർക്കാർ ബലപ്രയോഗത്തിലൂടെ അവരെ നേരിടുകയുമുണ്ടായി. പോലീസ് വെടിവെപ്പിലൂടെ നിരവധി പേരുടെ ജീവൻ അന്ന് ബലിയർപ്പിക്കപ്പെട്ടു.

1991-ൽ നടന്ന നിയമസഭാ തിരഞ്ഞെടുപ്പിലൂടെ ബി.ജെ.പി. നേതൃത്വത്തിലുള്ള കല്യാൺസിംഗ് സർക്കാർ ഉത്തർപ്രദേശിൽ ഭരണത്തിൽ വരികയും ചെയ്തു. 1992 ഡിസംബർ 6-ന് വീണ്ടും കർസേവ നടത്താൻ വിശ്വഹിന്ദുപരിഷത്തിന് സന്യാസിമാരുടെ നേതൃത്വത്തിലുള്ള ധർമ്മ സംസദ് അനുമതി നല്കി. ഇതിന്റെ അടിസ്ഥാനത്തിൽ ഒന്നരലക്ഷത്തിലധികം കർസേവകർ കേന്ദ്ര സർക്കാരിന്റെ വിലക്കുകളും മറ്റും ലംഘിച്ച് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നായി അയോധ്യയിലെത്തി. പ്രതീകാത്മകമായ കർസേവ തന്നെയാണ് എല്ലാവരും പ്രതീക്ഷിച്ചിരുന്നത്. എന്നാൽ അതിന് കേന്ദ്രസർക്കാർ അനുമതി നിഷേധിച്ചപ്പോൾ ഒരുവിഭാഗം കർസേവകർ പോലീസ് ബാരിക്കേഡുകളെയെല്ലാം തകർത്ത് തർക്കമന്ദിരത്തിന്റെ മകുടങ്ങളിൽ കയറി കെട്ടിടം തകർക്കാൻ ആരംഭിച്ചു. ഏതാനും മണിക്കൂറുകൾകൊണ്ട് തർക്കമന്ദിരം തുടച്ചുനീക്കപ്പെട്ട കാഴ്ചയാണ് കാണാൻ കഴിഞ്ഞത്. തുടർന്ന് വിഗ്രഹങ്ങൾ താല്ക്കാലികമായി നിർമിച്ച ക്ഷേത്രത്തിലേക്ക് മാറ്റിസ്ഥാപിക്കുകയും ചെയ്തു. ഈ നടപടിയെത്തുടർന്ന് യു.പി.യിലടക്കമുള്ള മൂന്ന് ബി.ജെ.പി. സർക്കാരുകളെ നരസിംഹറാവുവിന്റെ നേതൃത്വത്തിലുള്ള കേന്ദ്രസർക്കാർ പിരിച്ചുവിടുകയുമുണ്ടായി. തുടർന്ന് ക്ഷേത്രനിർമാണത്തിനാവശ്യമായ പ്രവർത്തനങ്ങൾ വിശ്വഹിന്ദുപരിഷത്തിന്റെ നേതൃത്വത്തിൽ നടന്നുവന്നിരുന്നു.

വർഷങ്ങൾ പിന്നിട്ടിട്ടും കേസിൽ തീർപ്പ് കൽപ്പിക്കാതെ കോടതി നടപടികൾ അനിശ്ചിതമായി നീണ്ടുപോയി. ക്ഷേത്രനിർമ്മാണത്തിനനുകൂലമായി ആദ്യം അലഹബാദ് ഹൈക്കോടതിവിധിയും 2019 നവംബർ 9-ന് സുപ്രീംകോടതിവിധിയും ഉണ്ടായ സാഹചര്യത്തിലാണ് നിയമാനുസൃതമുള്ള ക്ഷേത്രനിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞത്. സുപ്രീംകോടതി വിധിയനുസരിച്ച് കേന്ദ്രസർക്കാർ രൂപീകരിച്ച ശ്രീരാമജന്മഭൂമി തീർത്ഥക്ഷേത്ര ട്രസ്റ്റിന്റെ നേതൃത്വത്തിലാണ് ക്ഷേത്രനിർമ്മാണം നടന്നുകൊണ്ടിരിക്കുന്നത്. ജനപങ്കാളിത്തത്തിലൂടെയാണ് ധനസമാഹരണം നടക്കുന്നത്. പ്രധാനമന്ത്രി നരേന്ദ്രമോദിയാണ് പ്രവൃത്തിയുടെ ഉദ്ഘാടനം 2020 ആഗസ്ത് 5-ന് നടത്തിയത്. ശ്രീരാമക്ഷേത്രത്തിന്റെ നിർമ്മാണം പൂർത്തിയായ സാഹചര്യത്തിലാണ് 2024 ജനുവരി 22-ന് പ്രാണപ്രതിഷ്ഠ നിശ്ചയിച്ചിട്ടുള്ളത്. പ്രധാനമന്ത്രി തന്നെയാണ് ഈ ചടങ്ങുകൾക്കും മുഖ്യാതിഥിയായി പങ്കെടുക്കുന്നത്. ഉപക്ഷേത്രങ്ങളുടേയും മറ്റും നിർമ്മാണം തുടർന്നും നടക്കുന്നതാണ്. ക്ഷേത്രത്തിലേക്കുള്ള ഗതാഗതം സുഗമമാക്കുന്നതിന് - റോഡുകളുടെ വികസനവും റെയിൽവേസ്റ്റേഷന്റെ നവീകരണവും പുതിയ വിമാനത്താവളത്തിന്റെ നിർമാണവും ഇതോടൊപ്പം നടന്നിരിക്കുന്നതും സന്തോഷകരമാണ്. ഒരു പുതിയ യുഗത്തിലേക്ക് ഭാരതം കുതിച്ചു പായാൻ ഒരുങ്ങുന്ന ഘട്ടത്തിൽത്തന്നെ ശ്രീരാമക്ഷേത്രനിർമ്മാണവും നടക്കുന്നത് ജനങ്ങളിൽ ആത്മവിശ്വാസം ഉണ്ടാക്കുമെന്നുറപ്പാണ്. ■

# ആത്മനിർഭരതയുടെ ആരവം മുഴക്കി അയോദ്ധ്യ



**കെ. വി. രാജേന്ദ്രൻ**
**9495493071**



**അ**യോദ്ധ്യയും മഥുരയും കാശിയും രാമേശ്വരവും കന്യാകുമാരിയും കൈലാസവും ഭാരതീയ ജനമനസ്സുകളിൽ ചിരപ്രതിഷ്ഠനേടിയ സാംസ്കാരിക കേന്ദ്രങ്ങളാണ്. പൗരാണികവും ചരിത്രപരവുമായ സവിശേഷതകൾകൊണ്ട് സമ്പുഷ്ടമായ ഇത്തരം നിരവധി പവിത്ര കേന്ദ്രങ്ങളാണ് ഭാരതത്തെ പുണ്യഭൂമിയാക്കി തീർത്തത്. സഹസ്രാബ്ദങ്ങളായി ജനജീവിതത്തിൽ ഇത് നിറഞ്ഞ്നിൽക്കുന്നു. കയ്യേറ്റങ്ങൾക്കും അധിനിവേശങ്ങൾക്കും ഇതിനെ തകർക്കാനായില്ല. വൈദേശിക ആക്രമണങ്ങൾകൊണ്ട് തകർക്കപ്പെട്ട പുണ്യകേന്ദ്രങ്ങളെ പുനരുദ്ധരിച്ച് പൂർവ്വവൈഭവം കാത്ത്സൂക്ഷിക്കാൻ ഭാരതം ഒറ്റമനസ്സായി പ്രവർത്തിച്ച സോമനാഥത്തിന്റെ ചരിത്രം ഇതിന് സാക്ഷ്യംവഹിക്കുന്നു. സ്വതന്ത്രഭാരതത്തിലെ ആഭ്യന്തര മന്ത്രി സർദാർവല്ലഭായ് പട്ടേൽ 1947ൽ ജുനഗണ്ഡിൽ നടന്ന ഒരു സമ്മേളനത്തിൽവച്ച് സമാജത്തിൽനിന്നും ശേഖരിക്കുന്ന ധനംകൊണ്ട് സോമനാഥക്ഷേത്രം പുനർനിർമ്മിക്കുമെന്നും ജ്യോതിലിംഗ പ്രതിഷ്ഠ നടത്തുമെന്നും പ്രഖ്യാപിച്ചു. അന്നത്തെ കേന്ദ്രമന്ത്രി കെ.എം. മുൻഷി അധ്യക്ഷനായി സമിതി രൂപീകരിച്ചു. സോമനാഥക്ഷേത്രത്തിലെ ജ്യോതിർലിംഗസ്ഥാപനം നിർവ്വഹിച്ചുകൊണ്ട് രാഷ്ട്രപതി ഡോ. രാജേന്ദ്രപ്രസാദ് ഇങ്ങനെ പറഞ്ഞു. ''ജനമനസ്സുകളിൽ അഗാധമായ ഭക്തിയും ശ്രദ്ധയും ഉള്ള ഒരു പ്രതീകത്തെയും നശിപ്പിക്കാനുള്ള അധികാരം ലോകത്തിൽ ഒരു വ്യക്തിക്കും ശക്തിക്കും ഇല്ലെന്നുള്ള സന്ദേശമാണ് സോമനാഥക്ഷേത്രപുനർനിർമ്മാണം നൽകുന്നത്.'' എന്നാൽ അയോധ്യയുടെ കാര്യത്തിൽ ഇതുണ്ടായില്ലെന്ന് മാത്രമല്ല ഏകപക്ഷീയമായ ഹിന്ദുവിരുദ്ധ നിലപാടുകളായിരുന്നു ഭാരതത്തിലെ ബിജെപി ഒഴിച്ചുള്ള രാഷ്ട്രീയ കക്ഷികളും ഭരണകൂടങ്ങളും എടുത്തത്. മര്യാദ പുരുഷോത്തമനായ ഭഗവാൻ ശ്രീരാമചന്ദ്രന്റെ പവിത്രമായ ജന്മസ്ഥാനം തർക്കഭൂമിയാക്കി നിലനിർത്താൻ അവർ ശ്രമിച്ചു. അതിനുവേണ്ടിയുള്ള കുതന്ത്രങ്ങൾ മെനഞ്ഞു. മുസ്ലീം ന്യൂനപക്ഷ വോട്ട്ബാങ്കിനെ പ്രീണിപ്പിക്കാൻ ദേശീയവാദികളായ മുസ്ലീംങ്ങളുടെപോലും അഭിപ്രായത്തെ നിരാകരിച്ചു. അയോദ്ധ്യ എന്നും പരിഹരിക്കാതെ നിർത്തേണ്ട ഒന്നാണെന്നും ഹിന്ദു-മുസ്ലീം വിഭാഗീയത സൃഷ്ടിച്ച് - ബ്രിട്ടീഷുകാരൻ പ്രയോഗിച്ച വിഭജനതന്ത്രം നടപ്പിലാക്കാനാണ് ഇക്കൂട്ടർ ശ്രമിച്ചത്. എന്നാൽ സ്വാതന്ത്ര്യസമരകാലഘട്ടത്തിൽപ്പോലും കാണാൻ സാധിക്കാത്ത ദേശീയ ജനജാഗരത്തിലൂടെ ദേശീയ ജനത്തിനേറ്റ മുറിപ്പാടുകൾ മാറ്റാൻ ഭാരതത്തിന് കഴിഞ്ഞു എന്നുള്ളതാണ് അയോദ്ധ്യ നൽകുന്ന സന്ദേശം.

ജനുവരി 22ന് ഒൻപതിൽ 6 ഗ്രഹങ്ങളും അനുകൂലരാശിയിൽവരുന്ന പഞ്ചബാണങ്ങളുടെ ദോഷം തീ



**ലേഖകൻ അയോദ്ധ്യ സന്ദർശിച്ചപ്പോൾ**

ണ്ടാത്ത പവിത്രമായ സജ്ജീവനി മുഹൂർത്തത്തിൽ ഉച്ചയ്ക്ക് 12 മണി 29 മിനിറ്റ് എട്ട് സെക്കന്റ് മുതൽ 34 സെക്കന്റ് വരുന്ന മുഹൂർത്തത്തിലാണ് ഭഗവാൻ രാംലാലയുടെ പ്രാണപ്രതിഷ്ഠ നടക്കുന്നത്. ആയിരത്താണ്ടുകാലത്തെ അടിമത്തവും അപമാനവും പേറിയ ഒരു രാഷ്ട്രം അതിന്റെ സ്വത്വം വീണ്ടെടുക്കുന്ന ദിവ്യമുഹൂർത്തം. ലോകം കാത്തിരിക്കുന്ന ആത്മനിർഭരതയുടെ ആരവം മുഴങ്ങുന്ന പുണ്യനിമിഷം. മഹാകവി കാളിദാസൻ തന്റെ പൂർവകലാമൃതം, എന്ന ഗ്രന്ഥത്തിൽ കുറിച്ച സജ്ജീവനി മുഹൂർത്തത്തിൽ, ഭാരതം വിശ്വഗുരുസ്ഥാനത്തേക്ക് അവരോധിക്കപ്പെടുന്ന നിമിഷം. സ്വാതന്ത്ര്യത്തിന്റെ പുലരി കാണാൻ ഭാഗ്യം ലഭിച്ചവരെപ്പോലെ, ഇന്നത്തെ പുതിയ തലമുറയും ഭാഗ്യവാന്മാരാണ് ഈ പ്രാണപ്രതിഷ്ഠയുടെ കാലത്ത് ജീവിച്ചത്. സുപ്രസിദ്ധ കവി കുമാർ വിശ്വാസ് പറഞ്ഞത് സ്മരണീയമാണ് ‘‘ലോകത്തെവിടെയുമുള്ള മനുഷ്യരുടെ പൂർവ്വികനാണ് മനു. അതിനാൽ പ്രപഞ്ചത്തിന്റെയാകെയുള്ള രാമനെയാണ് ഇവിടെ പ്രതിഷ്ഠിക്കുന്നത്. ഇത്രയും കാലം കാത്തിരിക്കേണ്ടിവന്നു എന്നതായിരുന്നു നമ്മുടെ ദൗർഭാഗ്യം, ഭാഗ്യത്തിന്റെയും അഭിമാനത്തിന്റെയും മുഹൂർത്തം സൃഷ്ടിക്കാൻ ജനാധിപത്യ ഭാരതത്തിന് സാധിച്ചത് നമ്മുടെ കരുത്തിനെ സൂചിപ്പിക്കുന്നു.’’

**പശ്ചാത്തലം**

ഭഗവാൻ ശ്രീരാമചന്ദ്രന്റെ വിയോഗത്തിന് ശേഷം രാമപുത്രനായ കുശൻ അയോധ്യ നഗരി മോടിപിടിപ്പിച്ചതായി രഘുവംശത്തിൽ പറയുന്നു. പിന്നീട് അവിടെ ഭവ്യമായ ബഹുനില ക്ഷേത്ര കെട്ടിടം പണിതത് വിക്രമാദിത്യ മഹാരാജാവാണ്. രഘുവംശത്തിൽ പറയുന്നു. ബിസി 600-ൽ സാകേതം എന്ന വിളിപ്പേരുണ്ടായിരുന്ന അയോദ്ധ്യയ്ക്ക് കുമാര ഗുപ്തനോ സ്കന്ദഗുപ്തനോ തലസ്ഥാനമാക്കിയിരുന്നുവെന്നും ചന്ദ്രഗുപ്തന്റെ മകൾ പ്രഭാവതി ഗുപ്ത രാമഭക്തയായിരുന്നുവെന്നും അവരുടെ മകൻ പ്രവരസേനൻ രണ്ടാമൻ സേതുബന്ധു രചിച്ചുവെന്നും ഫ്രാൻസിസ് ബുക്കാനനും അലക്സാണ്ടർ കണ്ണിംഗ്ഹാമും രേഖപ്പെടുത്തിയിട്ടുണ്ട്. ഗുപ്തനുശേഷം തലസ്ഥാനം കനൗജിലേക്കു മാറ്റിയതിനാൽ അയോദ്ധ്യ അവഗണിക്കപ്പെട്ടുവെന്നും 11-ാം നൂറ്റാണ്ടിൽ ഗഹദവാലകൾ പുനരുജ്ജീവിപ്പിച്ചുകൊണ്ട് ധാരാളം വൈഷ്ണവക്ഷേത്രങ്ങൾ ഇവിടെ നിർമ്മിച്ചുവെന്നും പ്രസിദ്ധ ഇൻഡോളജിസ്റ്റ് ‘‘ഹാൻസ്ടി ബക്കർ’’ രേഖപ്പെടുത്തുന്നു. ഇവിടെ സ്ഥിതിചെയ്തിരുന്ന ബൃഹത്തും മനോഹരവുമായ ക്ഷേത്രത്തെക്കുറിച്ച് ബക്കർ അടിവരയിട്ട് പറയുന്നുണ്ട്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ കണ്ടെത്തിയ അബ്ദുൾ ഗഫാർ എഴുതിയ ഗ്രന്ഥവും ചരിത്രകാരനായ ‘‘ഹർഷനരേൽ’’ പരിശോധിച്ച സ്രോതസ്സുകൾ വെളിപ്പെടുന്നത് യുവാവായ ബാബർ സൂഫിസന്യാസിയുടെ വേഷത്തിൽവന്ന് ഷാജലാൽ സച്ചിദ് മൂസ, ആഷിയാർ എന്നിവരുമായി ചർച്ചചെയ്യുകയും ഹിന്ദുസ്ഥാൻ കീഴടക്കുമെന്ന് പ്രതിജ്ഞയെടുക്കുകയും ചെയ്തു. അതിന്റെ സഫലീകരണമായിരുന്നു അയോദ്ധ്യയിലെ ശ്രീരാമജന്മഭൂമി ക്ഷേത്രം തകർക്കൽ. 1528-ൽ ബാബറിന്റെ നിർദ്ദേശപ്രകാരം സേനാനായകനായിരുന്ന മീർബക്കി രാമക്ഷേത്രം തകർത്ത് മസ്ജിദ് പണിതു. 1813-14 ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ സർവ്വേയർ ഫ്രാൻസിസ് ബുക്കൻ എഴുതിയിട്ടുണ്ട്. തുടർന്ന് അയോദ്ധ്യ വീണ്ടെടുക്കാനുള്ള നിരവധി പോരാട്ടങ്ങൾ നടന്നു. തിരികെ ലഭിച്ച ജന്മസ്ഥാനിൽ പൂജകൾ നടന്നിരുന്നതായും 1658-1700കളിൽ ഔറംഗസേബ് പൂർണ്ണമായും രാമക്ഷേത്രം തകർത്ത് 3 മിനാരങ്ങൾ കെട്ടിയുയർത്തി ബാബറിമസ്ജിദ് എന്ന പേര് നൽകുകയും ചെയ്തുവെന്ന് പ്രാദേശിക പാരമ്പര്യം ഉദ്ധരിച്ചുകൊണ്ട് ബുക്കൻ എഴുതിയിട്ടുണ്ട്. രജപുത്രരാജാവായ ജയസിംഗ് രണ്ടാമൻ സൂക്ഷിച്ച തെളിവുകളിൽനിന്നും രാമക്ഷേത്രത്തിന്റെ ചരിത്രം മനസ്സിലാക്കാം. ജന്മസ്ഥലത്തെ - ഛത്തി - പ്ലാറ്റ്ഫോമിനെ ഛബുത്രയെന്നും വിളിച്ചിരുന്നു. ഗൗതമബുദ്ധനും മഹാവീരനും സ



ന്ദർശിക്കുകയും താമസിക്കുകയും ചെയ്ത നഗരം എന്ന് ബുദ്ധ-ജൈന ഗ്രന്ഥങ്ങൾ പറയുന്നു. യുദ്ധമില്ലാത്ത അഥവാ അജയ്യമായത് എന്ന് അഥർവവേദവും സൂചിപ്പിക്കുന്നു. 9-ാം നൂറ്റാണ്ടിലെ ജൈന കാവ്യമായ ആദി പുരാണത്തിലും അയോദ്ധ്യ പേര് കൊണ്ടല്ല നിലനിൽക്കുന്നത്. ശത്രുക്കൾക്ക് കീഴടക്കാനാവാത്തതിന്റെ ഗുണംകൊണ്ടാണ് എന്ന് സൂചിപ്പിക്കുന്നു - സത്യോപഖ്യാന പറയുന്നത്, അയോദ്ധ്യ എന്നാൽ പാപങ്ങളാൽ കീഴടക്കാൻ കഴിയാത്തത് എന്നാണ്.

സംസ്കൃതം ജൈന, ഗ്രീക്ക്, ചൈനീസ് ഗ്രന്ഥങ്ങളിൽ ''സാകേത് '' എന്ന് അയോദ്ധ്യയെ വിളിച്ചിരുന്നു. ഇംഗ്ലീഷുകാർ ''ഔധ്'' ''ഛൗറവ'' എന്നുമാണ് വിളിച്ചിരുന്നത്. രാമായണത്തിലെ കോസലരാജ്യത്തിന്റെ തലസ്ഥാനമാണ് അയോദ്ധ്യ എന്നും പാണിനിയുടെ അഷ്ടാധ്യായിലും പതഞ്ജലിയുടെ വ്യാഖ്യാനത്തിലും സാകേതം കാണാൻ കഴിയും. ബുദ്ധഗ്രന്ഥമായ "മഹാവാസ്തു"വിൽ ഇക്ഷ്വാകു രാജാവായ സുജ്ഞതയുടെ ഇരിപ്പിടമായി അയോദ്ധ്യയെ പരിചയപ്പെടുത്തിയിട്ടുണ്ട്. വിനയപിടകം - സംയുക്ത നികായയും ശ്രീവാസ്തിയും 6 യോജന അകലെ ഒരു നദിക്കരയിലെ സാകേതവും സ്ഥിതിചെയ്യുന്നതായും, ജൈനഗ്രന്ഥമായ ''പൗമാചാര്യയിലെ'' സൂചന അനുസരിച്ച് അയോജ (അയോദ്ധ്യ) കോസലപുരി, വിനിയ - സയ (സാകേതം) ഈ മൂന്ന് പേരുകളിൽ അറിയപ്പെടുന്നത് അയോദ്ധ്യ തന്നെയാണ് എന്ന് പറയപ്പെടുന്നു. പ്രസേനജിത്തിന്റെ നിർദ്ദേശ പ്രകാരം ധനഞ്ജയൻ എന്ന വ്യാപാരി അയോദ്ധ്യ നവീകരിച്ചുവെന്നും അജാതശത്രു എന്ന മഗധ രാജാവ് അയോദ്ധ്യ കീഴടക്കിയെന്നും അതിന് ശേഷം ''പുഷ്യമിത്ര ധുംഗ'' ടെ നേതൃത്വത്തിൽ മൗര്യസാമ്രാജ്യം അയോദ്ധ്യ ഭരിച്ചുവെന്നും - ബിസി ഒന്നാം നൂറ്റാണ്ടിൽ ധനദേമന്റെ ലിഖിതത്തിൽ സാകേതത്തിൽ ഒരു ഗവർണറെ നിശ്ചയിച്ചുവെന്നും സൂചിപ്പിക്കുന്നുണ്ട്. ഈ ചരിത്രത്തിന്റെ എല്ലാം ഓർമപ്പെടുത്തലുകൾ സൂചിപ്പിക്കുന്നത് അയോദ്ധ്യയെന്ന ദേവഭൂമിയുടെ പ്രത്യേകതകളാണ്. രാമജന്മഭൂമി പ്രക്ഷോഭം തുടങ്ങുന്നതിന് മുൻപ് ഒരു സഞ്ചാരിയായി ഒരുകൂട്ടം ആളുകളോടൊപ്പം ഞാൻ അവിടെ പോയിട്ടുണ്ട്. ആ നഗരത്തിന്റെ പരിസരം മുഴുവൻ ഹൈന്ദവക്ഷേത്രനഗരിയാണെന്ന് കണ്ടാൽ മനസ്സിലാകും. സീതയുടെ അടുക്കള, സീതയെ വിവാഹം കഴിച്ചുകൊണ്ടുവന്ന് വിവാഹ ആഘോഷങ്ങൾ നടന്ന ''കനക മഹൽ'' - കൈകേയിയുടെ ആവശ്യപ്രകാരം വരംകൊടുത്ത ദശരഥന്റെ ദുഃഖം തളർന്നുവീണ് മാറത്തടിച്ച് കരഞ്ഞ ''ക്രോധാലയം'' ഇങ്ങനെ തുടങ്ങി നൂറ് കണക്കിന് വാനരസേനയുടെ സാന്നിധ്യം, സരയൂ നദിയിലെ തീർത്ഥഘട്ടങ്ങൾ നൂറുകണക്കിന് കെട്ടിടങ്ങൾ ഇതെല്ലാം അയോദ്ധ്യയുടെ പവിത്രതയും ചരിത്രവും വിളിച്ചോതുന്ന ദൃശ്യങ്ങളാണ്. അതിനിടയിൽ മറ്റൊരു മതസ്ഥരുടെ പള്ളി വരാൻ സാധ്യതയില്ലെന്ന് ഏത് സാധാരണ ഭക്തനും മനസ്സിലാകും. മറ്റൊരു സവിശേഷത കാണാൻ സാധിച്ചത് അവിടുത്തെ പോസ്റ്റ് ഓഫീസ് ജന്മസ്ഥാൻ പോസ്റ്റാഫീസ് എന്നാണ്, പോലീസ്സ്റ്റേഷനും പേര് ജന്മസ്ഥാൻ പോലീസ് സ്റ്റേഷൻ എന്നാണ്. കുരങ്ങന്റെ കടിയേറ്റ ഞാൻ ചികിത്സനേടിയ ആശുപത്രി ജന്മസ്ഥാൻ രാജകീയ ചികിത്സാലയം എന്നാണ്. ഈ സർക്കാർ സംവിധാനങ്ങളെല്ലാം ശ്രീരാമജന്മസ്ഥാൻ എന്ന് അടയാളപ്പെടുത്തി നിലനിന്നത് ബിജെപി സർക്കാർ വന്നതുകൊണ്ടല്ല, നൂറ്റാണ്ടുകളായി നിലനിന്ന ഒരു മഹാപാരമ്പര്യത്തിന്റെ തുടർച്ചയാണ് അയോദ്ധ്യ.ആ തുടർച്ചയ്ക്കുനേരെ നടന്ന അതിക്രമമാണ് 1528ൽ ബാബർ നടപ്പിലാക്കിയത്. അതിന്റെ ദൃഷ്ടാന്തങ്ങൾ കാശിയിലും മഥുരയിലും പോയാൽ ഇന്നും കാണാം.

23 തലമുറ 500 വർഷക്കാലം നടത്തിയ പ്രതിരോധത്തിന്റെയും ചെറുത്ത് നിൽപ്പിന്റെയും ചരിത്രമുണ്ട് അയോദ്ധ്യയ്ക്ക്. ചോരപ്പാടായി ഒഴുകിയൊടുങ്ങിയ ബലിദാനത്തിന്റെയും മുഗളന്മാർ തൂക്കിലേറ്റിയ പൂജാരിമാരുടെയും കഥ പറയാനുണ്ട് അയോദ്ധ്യയ്ക്ക്. എത്രയോ ബലിദാനികളുടെ ചോരയുടെ ചുവപ്പ് ഏറ്റുവാങ്ങിയ സരയൂനദിയും ഈ കാലത്തിന്റെ സാക്ഷിയായി ഇന്നും ഒഴുകുന്നുണ്ട്.

ഈ മുറിപ്പാട് മാറ്റി രാഷ്ട്രത്തിനേറ്റ അപമാനത്തിന്റെ പാപക്കറ കഴുകാൻ ഒരുപാട് ശ്രമങ്ങൾ നടന്നിട്ടുണ്ട്. അതിൽ അവസാനത്തേതായിരുന്നു 1934 സുന്നി വഖഫ് ബോർഡിന്റെ ചെയർമാൻ അമീർഅലിയും ശ്രീരാമന്യാസിന്റെ മഹന്ത് രാമചന്ദ്ര ദാസും നടത്തിയ ദീർഘസംഭാഷണത്തിൽ മുസ്ലീം വിഭാഗം അവരുടെ അവകാശവാദം പൂർണ്ണമായി ഒഴിവാക്കുകയും ജന്മഭൂമി ക്ഷേത്രം നിർമ്മിക്കാൻ തത്വത്തിൽ തീരുമാനിക്കുകയും ചെയ്തു. എന്നാൽ ബ്രിട്ടീഷുകാർ ഇടപെട്ട് ആ സംരംഭം തടയുകയാണുണ്ടായത്. അതിനുശേഷം സ്വതന്ത്രഭാരതം സോമനാഥക്ഷേത്രത്തിന്റെ മാതൃകയിൽ അയോധ്യയും കാശിയും മഥുരയും പുനരുദ്ധരിക്കേണ്ടതായിരുന്നു.

സ്വതന്ത്രഭാരതത്തിന്റെ ആദ്യഗവൺമെന്റിന്റെ തീരുമാനത്തെ അട്ടിമ

റിച്ചവർ ഒരുകാലത്തും അയോദ്ധ്യ പ്രശ്നം ഒത്തുതീർപ്പാവാതിരിക്കാനാണ് ശ്രമിച്ചത്. അതിൽ നിർണ്ണായക പങ്ക് ഇന്ത്യയിലെ കമ്യൂണിസ്റ്റുകാർക്കുണ്ടായിരുന്നു – മലയാളിയും തികഞ്ഞ മുസ്ലീമും പുരാവസ്തുശാസ്ത്രജ്ഞനുമായ കെ.കെ. മുഹമ്മദിന്റെ 'ഞാൻ എന്ന ഭാരതീയൻ' എന്ന പുസ്തകത്തിൽ തന്റെ ഗവേഷണാനുഭവങ്ങൾ വിശദീകരിച്ചിട്ടുണ്ട് അദ്ദേഹം പറയുന്നു: ''ഈയൊരു ഭാഗം രേഖപ്പെടുത്താതെ ജീവിതകഥ പൂർണ്ണമാവില്ല. ആരുടെയെങ്കിലും വികാരത്തെ വ്യണപ്പെടുത്താനോ അതുവഴി മറ്റൊരു വിഭാഗത്തെ പ്രോത്സാഹിപ്പിക്കുവാനോ അല്ല. 1978-ലാണ് എനിക്ക് ആർക്കിയോളജി പഠനകാലത്ത് അയോദ്ധ്യ പര്യവേഷണത്തിന് അവസരം ലഭിച്ചത്. പ്രൊഫ. വി.ബി. ലാൽ നേതൃത്വം കൊടുക്കുന്ന സംഘത്തിൽ ഡൽഹി സ്കൂൾ ഓഫ് ആർക്കിയോളജിയിൽ നിന്നും ഞാനും ഒരംഗമായിരുന്നു. അന്നത്തെ പര്യവേഷണത്തിൽ മുൻപ് നിലനിന്ന തൂണുകളുടെ അടിയിൽ ഇഷ്ടിക പാകിയ അടിത്തറ കാണാൻ കഴിയുമായിരുന്നു. പുരാവസ്തു വിദഗ്ധന്റെ ചരിത്രബോധത്തോടെയും നിസ്സംഗതയോടെയും ആണ് ഈ വസ്തുക്കൾ നോക്കിക്കണ്ടത്. ബാബറി മസ്ജിദിന്റെ ചുവരുകളിൽ ക്ഷേത്രതൂണുകൾ ഉണ്ടായിരുന്നു. ഈ തൂണുകൾ ബ്ലാക്ക് ബസാൾട്ട് (Black Basalt) എന്നറിയപ്പെടുന്ന കല്ലുകൾകൊണ്ടാണ് നിർമ്മിച്ചത്. ഈ തൂണുകളുടെ താഴ്ഭാഗത്ത് 11-12 നൂറ്റാണ്ടുകളിലെ ക്ഷേത്രങ്ങളിൽ കാണാറുള്ള പൂർണ്ണകലശം കൊത്തിവച്ചിട്ടുണ്ട്. ഇതുപോലുള്ള 14 തൂണുകൾ പള്ളിക്കുമുൻപിൽ കാണാൻ സാധിച്ചു. പ്രൊഫ. വി.ബി. ലാലിന്റെ നേതൃത്വത്തിൽ നടന്ന രണ്ടുമാസത്തെ പര്യവേഷണത്തിൽ ഒരുകാര്യം വ്യക്തമായി. ബാബറുടെ സൈന്യാധിപൻ മീർബാക്കി തകർത്തതോ അതല്ലെങ്കിൽ അതിന് മുമ്പ് തകർന്ന് കിടന്നതോ ആയ ക്ഷേത്ര ഭാഗങ്ങൾ ഉപയോഗിച്ചാണ് പള്ളി പണിതത്''. (ഞാൻ എന്ന ഭാരതീയൻ പേജ് 114, 115) അദ്ദേഹം തുടരുന്നു. ഇടത്പക്ഷ ചരിത്രകാരൻമാരായ ജെ.എൻ.യു.വിലെ എസ്. ഗോപാൽ റോമിലാഥാപ്പർ, ബിപിൻചന്ദ്ര, പ്രൊഫ. ആർ.എസ്. ശർമ്മ, അക്തർ അലി, ഡി.എൻ.ഝാ, സൂരജ് ഭാൻ, ഇർഫാൻ ഹബീബ് തുടങ്ങിയ ഇടതുപക്ഷ കൂട്ടായ്മയാണ് പ്രശ്നം പരിഹരിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നത്. ഇതിൽ ഇർഫാൻ ഹബീബ് ഇന്ത്യൻ കൗൺസിൽ ഓഫ് ഹിസ്റ്റോറിക്കൽ റിസർച്ചിന്റെ ചെയർമാനായിരുന്നു. ബാബറി മസ്ജിദിന്റെ കമ്മറ്റികൾ പലതും ചേരുന്നത് ഈ ഓഫീസിലായിരുന്നു. ബാബറി മസ്ജിദ് ആക്ഷൻ കമ്മറ്റിയുടെ എക്സ്പേർട്ട് ആയ ഗവൺമെന്റിന്റെ പല കമ്മറ്റികളിലും പങ്കെടുക്കുന്നത് ഇർഫാനായിരുന്നു. ഹിസ്റ്റോറിക്കൽ റിസർച്ചിന്റെ ഓഫീസിൽ ബാബറി കമ്മറ്റി ചേരുന്നതിനെ അന്നത്തെ മെമ്പർ സെക്രട്ടറി ആയിരുന്ന എം.ജി.എസ്. നാരായണൻ എതിർത്തിരുന്നതായും അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. മുസ്ലീം സമൂഹം പള്ളിവിട്ടുകൊടുത്ത് പ്രശ്നം പരിഹരിക്കാൻ നടത്തിയ ശ്രമങ്ങളെയെല്ലാം അട്ടിമറിച്ചതും മുസ്ലീം തീവ്രവാദികളെ കലാപത്തിന് പ്രേരിപ്പിച്ചതും ഇർഫാൻ ആയിരുന്നു. അദ്ദേഹം ടൈംസ് ഓഫ് ഇന്ത്യയിൽ എഴുതിയ ഏകപക്ഷീയമായ ലേഖനങ്ങൾ തീവ്രസ്വഭാവമുള്ള മുസ്ലീംകൾക്ക് പ്രേരണയേറ്റുന്നതായിരുന്നു.



രാജീവ്ഗാന്ധി പ്രധാനമന്ത്രിയായിരുന്നപ്പോഴും ചന്ദ്രശേഖരറും വി.പി. സിങ്ങും പ്രധാനമന്ത്രിമാർ ആയിരുന്നപ്പോഴും നിരവധി സംഭാഷണങ്ങൾ നടന്നു. വി.പി. സിങ്ങിന്റെ കാലം ഉച്ചയ്ക്ക് ലഖ്നൗവിലെ മുസ്ലീംപള്ളിയിൽ നമാസ് ചെയ്ത് തിരിച്ചുവരുന്ന ബാബറി മസ്ജിദ് ആക്ഷൻ കൗൺസിൽ നേതാക്കന്മാരോട് പരമപൂജ്യ സ്വാമി സത്യമിത്രാനന്ദജി കൈകൂപ്പിക്കൊണ്ട് അഭ്യർത്ഥിച്ചു. ''ശ്രീരാമ ജന്മഭൂമിക്ക് വേണ്ടി ഞാൻ നിങ്ങളോട് ഭിക്ഷ യാചിക്കുകയാണ് നമാസ് കഴിഞ്ഞാൽ സക്കാത്ത് നൽകണം എന്നാണ് ഇസ്ലാമിക വിശ്വാസം. സക്കാത്തിന്റെ പേരിലെങ്കിലും ജന്മഭൂമി ഞങ്ങൾക്ക് വിട്ടുതരൂ – എന്ന് സ്വാമിജി അഭ്യർത്ഥിച്ചു. ''ക്ഷേത്രം തകർത്താണ് മസ്ജിദ് നിർമ്മിച്ചത് എന്ന് തെളിഞ്ഞാൽ സ്വമേധയാ ഈ അവകാശവാദം ഞങ്ങൾ ഉപേക്ഷിക്കാം എന്ന് ചർച്ചയുടെ ഒരുഘട്ടത്തിൽ സച്ചിദ്ഷഹാബുദ്ദിൻ പറഞ്ഞതാണ്. അടുത്തഘട്ടം ചർച്ചയിൽ അദ്ദേഹം നിലപാട് മാറ്റി. അതിനുപിന്നിൽ ഇർഫാൻ ഹബീബ് എന്ന ഇടതു ചരിത്രകാരനായിരുന്നു. 19-ാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ നടന്ന ജന്മഭൂമി വീണ്ടെടുക്കൽ പ്രക്ഷോഭങ്ങളെക്കുറിച്ച് ബ്രിട്ടീഷ് ജഡ്ജിന്റെ വിധിന്യായത്തിൽ അർത്ഥശങ്കയ്ക്കിടയില്ലാതെ പറഞ്ഞിരുന്നു ക്ഷേത്രം തകർത്താണ് മസ്ജിദ് പണിതതെന്ന്.

**പോരാട്ടത്തിന്റെ നാൾവഴികൾ**

ടിബറ്റിൽനിന്നും മംഗോളിയയിലേക്കും ചൈനയിലേക്കും ശ്രീലങ്കയിൽനിന്ന് ജാവയിലേക്കും ജപ്പാനിലേക്കും വ്യാപിച്ച മഹത്തായ നാഗരികത ഗ്രീക്കുകാരുടെയും ഹ്യൂണൻമാരുടെയും ശതവാഹനന്മാരുടെയും കൊടുങ്കാറ്റുകളെ അതിജീവിച്ച ഭാരതം ഇസ്ലാമിക പടയോട്ടങ്ങൾക്കു മുമ്പിൽ അല്പം പകച്ചുപോയെങ്കിലും ഐതിഹാസികമായ ആയിരം വർഷത്തെ ചെറുത്ത് നില്പ് ശിവജിയും, റാണാപ്രതാപനും ഗുരുഗോവിന്ദസിംഹനും നും കൃഷ്ണദേവ

രായരും ഹരിഹരനും ബുക്കനും തുടങ്ങി എണ്ണമറ്റ ബലിദാനികളുടെ ജീവരക്തത്താൽ കുതിർത്ത വീരോചിതമായ പരിശ്രമങ്ങൾ ഭാരതത്തിന്റെ സാംസ്കാരികത്തനിമ നിലനിർത്തി. സ്വാമിദയാനന്ദസരസ്വതിയും സ്വാമി വിവേകാനന്ദനും ആ ദീപത്തെ കെടാതെ സൂക്ഷിച്ചു. ബ്രിട്ടീഷ് ആക്രമണത്തിന്റെ കരുത്തിനെ പ്രതിരോധിക്കാൻ ആയിരക്കണക്കിന് ധീരന്മാർ ആഭേരിമുഴക്കി തൂക്ക്മരങ്ങളിൽ ഊഞ്ഞാലാടി. ഇരുപതാംനൂറ്റാണ്ടിൽ മഹർഷി അരവിന്ദനും ബാലഗംഗാധരതിലകനും മഹാത്മാഗാന്ധിയും നേതൃത്വം നൽകി. 1925ൽ ഡോക്ടർ കേശവബലിറാം ഹെഡ്ഗേവാർ സ്ഥാപിക്കുകയും 1940ന് ശേഷം പൂജനീയ ഗുരുജി നേതൃത്വം നൽകുകയും ചെയ്ത രാഷ്ട്രീയ സ്വയം സേവകസംഘം ഈ പൈതൃകം ഏറ്റെടുത്ത് മുന്നോട്ട് പോയി.

1528 മുതൽ ഹിന്ദുസമാജം രാമജന്മഭൂമിക്കുവേണ്ടിയുള്ള പോരാട്ടങ്ങൾ നടത്തുകയാണ്. ഹിന്ദുസമാജം നടത്തിയ 76 യുദ്ധങ്ങൾ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 1934ൽ ക്ഷേത്രം തകർത്ത് നിർമിച്ച 3 മിനാരങ്ങൾ ഭാഗികമായി ഹിന്ദുക്കൾ തകർത്തു എന്നാൽ ബ്രിട്ടീഷ് സർക്കാർ ഹിന്ദുക്കളിൽ നിന്നും നിർബന്ധപ്പിരിവു നടത്തി. 89000 രൂപ ശേഖരിച്ച് 1936-ൽ മിനാരങ്ങളുടെ കേടുപാടുകൾ തീർത്തു. 1949 ഡിസംബർ 23 ശ്രീരാമവിഗ്രഹം പ്രത്യക്ഷപ്പെട്ടതോടെ ജന്മസ്ഥാൻ ഹിന്ദുക്കളുടെ നിയന്ത്രണത്തിലായി. 1984ൽ ആണ് ദേശീയ സമ്മേളനം എന്ന നിലയിൽ വിശ്വഹിന്ദുപരിഷത്ത് അയോദ്ധ്യാവിഷയം ഏറ്റെടുക്കുന്നത്. അതിനായി ദേശവ്യാപകമായി നടത്തിയ ജനജാഗരണം ശ്രീരാമജന്മഭൂമി ക്ഷേത്രത്തിനനുകൂലമായ മാനസികാവസ്ഥ ഭാരതത്തിൽ സൃഷ്ടിക്കപ്പെട്ടു.

**ശിലാന്യാസം**

1989 നവംബർ 9ന് മഹാമണ്ഡലേശ്വർമാരുടെ നേതൃത്വത്തിൽ ശ്രീരാമക്ഷേത്രത്തിന് തറക്കല്ലിടാൻ തീരുമാനിച്ചു. ബീഹാറിൽനിന്നുള്ള ദളിത്കാർമ്മികനായ കാമേശ്വർ ചൗപാൽ ആണ് അതിനുള്ള നിയോഗ





മുണ്ടായത് അദ്ദേഹം പറയുന്നു. അശോക് സിംഗാൾജിയും മഹാമണ്ഡലേശ്വരന്മാരും നിർമ്മോഹ അഹാഡയുടെ നേതൃനിരയിലുള്ളവരും നൂറ് കണക്കിന് സന്യാസിമാരും പങ്കെടുക്കുന്ന ചടങ്ങാണ്. ശിലാന്യാസത്തിന് നിമിഷങ്ങൾക്കു മുൻപാണ് അശോകസിംഘാൾജി എന്നോട് ഇത് പറഞ്ഞത്; ചെളിയും മണ്ണും ചുമന്ന് മുഷിഞ്ഞ് നാറിയ വസ്ത്രങ്ങളും നിറംമങ്ങിയ തലയിൽക്കെട്ടുമായി നിൽക്കുന്ന ദളിതനും കർഷകനുമായ താനാണോ ഇത് ചെയ്യേണ്ടത്, ലോകം കാത്തിരിക്കുന്ന ആവേശോജ്ജ്വല മുഹൂർത്തത്തിന് കർമ്മം കൊണ്ട് സാക്ഷ്യം വഹിക്കാൻ ഈ ദളിതനോ? വലിഞ്ഞ് മുറുകിയ ശരീരം ഒരു നിമിഷം മറുപടി പറയാതെ സ്തംഭിച്ചുനിന്നപ്പോൾ അശോക്സിംഘാൾജി തോളിൽതട്ടിക്കൊണ്ട് പറഞ്ഞു. മനുഷ്യരിൽ ആരും പതിതരല്ലെന്ന് സംഘത്തിന്റെ സന്ദേശം ലോകത്തിന് കാട്ടിക്കൊടുക്കേണ്ട ചരിത്രദൗത്യമാണ് നിന്റേത്. അങ്ങനെ പണ്ഡിറ്റ് ഗണേശ്വർ ശാസ്ത്രികൾ കുറിച്ച ഭവ്യമുഹൂർത്തത്തിൽ ഭഗവാൻ ശ്രീരാമചന്ദ്രന്റെ ജന്മസ്ഥാന ക്ഷേത്രത്തിന്റെ അടിസ്ഥാനശില പാകി.

രാജീവ്ഗാന്ധിക്ക് ശേഷം അധികാരത്തിൽവന്ന വി.പി. സിംഗിന്റെ മന്ത്രിസഭയ്ക്ക് ബി.ജെ.പി. പിന്തുണ നൽകിയിരുന്നു. രാജ്യമാസകലം ഉയർന്നുവന്ന രാമനാമങ്ങളുടെ പ്രകമ്പനം തടുക്കാൻ മണ്ഡൽക്കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുമെന്ന് പറഞ്ഞ് ഹിന്ദുസമൂഹത്തെ ജാതീയമായി തിരിക്കാനാണ് വി.പി. സിംഗ് ശ്രമിച്ചത്. മണ്ഡൽവിരുദ്ധ പ്രക്ഷോഭം നാട്ടിലാകെ ഉയർന്നു. എന്നാൽ ഭഗവാൻ രാമചന്ദ്രന്റെ നാമധേയം ആ മന്ത്രധ്വനി പേമാരിപോലെ പെയ്തിറങ്ങി. ഇത് മണ്ഡൽ ഭിന്നിപ്പിക്കൽ തന്ത്രത്തിന്റെ തീയണക്കുകയാണ് ഉണ്ടായത്. 1990 ഒക്ടോബർ 30ന് വിശ്വഹിന്ദുപരിഷത്തും രാമജന്മഭൂമിന്യാസും രണ്ട് പരിക്രമണങ്ങൾ പ്രഖ്യാപിച്ചു. ഒന്ന് നഗരത്തെയാകെ വലംവയ്ക്കുന്ന ''ചൗധകോശി'' പരിക്രമയും മറ്റൊന്ന് ക്ഷേത്രഭൂമിയെ വലംവയ്ക്കുന്ന പഞ്ചകോശി പരിക്രമയും. ഈ പരിക്രമയിൽ പങ്കെടുക്കാൻ എൽ.കെ. അഡ്വാനിയുടെ നേതൃത്വത്തിൽ 10,000 കി.മീ. രഥയാത്ര നിശ്ചയിച്ചും രഥയാത്ര വർഗ്ഗീയ സംഘർഷങ്ങൾ ഉണ്ടാക്കുമെന്ന് പ്രഖ്യാപിച്ച് ഇടതുപക്ഷവും കോൺഗ്രസ്സും സാമൂഹ്യാന്തരീക്ഷം കലുഷമാക്കാൻ ശ്രമിച്ചു. 1990 സെപ്തംബർ 25ന് ഗുജറാത്തിലെ സോമനാഥത്തിൽനിന്ന് രഥയാത്ര ആരംഭിച്ചു. സ്വാതന്ത്ര്യസമര കാലഘട്ടത്തിൽപ്പോലും കാണാൻ കഴിയാത്ത ജനകീയ പങ്കാളിത്തംകൊണ്ട് രഥയാത്ര കടന്നുവന്നത്. രഥയാത്രയുടെ 18-ാം ദിവസം ഡൽഹിയിലെത്തി യാത്രയെ ജനസഹസ്രങ്ങൾ ആവേശത്തോടെ സ്വീകരിച്ചു. വന്നവഴികളിലൊന്നിലും ഒരു സംഘർഷവുമുണ്ടായില്ല. യാതൊരു കാരണവശാ

**നൂറ്റാണ്ടുകളായി നിലനിന്ന ഒരു മഹാപാരമ്പര്യത്തിന്റെ തുടർച്ചയാണ് അയോധ്യ. ആ തുടർച്ചയ്ക്കുനേരെ നടന്ന അതിക്രമമാണ് 1528ൽ ബാബർ നടപ്പിലാക്കിയത്. അതിന്റെ ദൃഷ്ടാന്തങ്ങൾ കാശിയിലും മഥുരയിലും പോയാൽ ഇന്നും കാണാം.**

ലും കർസേവകരുടെ പരിക്രമം നടത്താൻ അനുവദിക്കില്ലെന്ന് മുലായം സിങ് പ്രഖ്യാപിച്ചു. അഡ്വാനിജിയോട് രണ്ട് ദിവസം ഡൽഹിയിൽ തങ്ങാൻ പ്രധാനമന്ത്രി ചന്ദ്രശേഖർ ആവശ്യപ്പെട്ടു. അവസാനശ്രമം എന്ന രീതിയിൽ ചർച്ച നടത്താൻ 4 ദിവസം ഡൽഹിയിൽ തങ്ങിയ അഡ്വാനിജി ചർച്ച വിഫലമായതോടെ പരിക്രമയിൽ പങ്കെടുക്കാനായുള്ള രഥയാത്ര പുനരാരംഭിച്ചു. ഒക്ടോബർ 22ന് ബീഹാറിലെ ധൻബാദിൽ നിന്നാരംഭിച്ച രഥയാത്ര 24ന് സമസ്തിപ്പൂരിൽവച്ച് തടഞ്ഞ് അഡ്വാനിയെ അറസ്റ്റുചെയ്തു. വി.പി. സിംഗിന്റെ മന്ത്രിസഭയ്ക്കുള്ള പിന്തുണ ബിജെപി പിൻവലിച്ചു. രാഷ്ട്രീയാന്തരീക്ഷം കലുഷിതമായി. അഡ്വാനിജിയുടെ അറസ്റ്റിനെതിരെ ഭാരതബന്ദ് പ്രഖ്യാപിച്ചു. സംഘപരിവാർ പ്രസ്ഥാനങ്ങൾക്കെതിരെ വ്യാപകമായ അതിക്രമങ്ങൾ ഭരണകൂടത്തിന്റെ ഭാഗത്ത്നിന്നുണ്ടായിരുന്നാലും ഈ പരിക്രമയിൽ പങ്കെടുക്കാൻ രാജ്യത്തിന്റെ നാനാഭാഗത്തുനിന്നും ലക്ഷക്കണക്കിന് കർസേവകർ അയോദ്ധ്യയിലേക്ക് തിരിച്ചു. കേരളത്തിൽനിന്ന് 2500 പേർ. ഇതിന് നേതൃത്വം കൊടുക്കാൻ മൂന്ന് മുതിർന്ന കാര്യകർത്താക്കൾ രണ്ടാഴ്ച മുന്നേ അയോദ്ധ്യയിൽ എത്തിയിരുന്നു. യു.പിയുടെ മുഖ്യമന്ത്രി മുലായംസിങ്ങ് യാദവ് വളരെ ക്രൂരമായ നടപടികളാണ് കർസേവകർക്കെതിരെ പ്രയോഗിച്ചത്. ട്രയിൻ സർവ്വീസുകൾ റദ്ദാക്കപ്പെട്ടു. യു.പി.യിലെ കോളേജും സ്കൂളുകളും എഫ്.സി.ഐ. ഗോഡൗണുകളും ജയിലുകളായി മാറി. സരയൂനദിയിൽ 11 കെ.വി. ലൈനുകൾ വലിച്ചിട്ടു. നദിയിൽക്കൂടി നീന്തിയെത്താതിരിക്കാൻ അയോദ്ധ്യയിലേക്കുള്ള റോഡ് മുഴുവൻ തടഞ്ഞു. അയോദ്ധ്യ ഒറ്റപ്പെട്ടു. കൂറ്റൻ റെയിൽ പാളങ്ങൾ നിരത്തി അതിൽ മൂർച്ചയേറിയ കമ്പിവേലികൾ ചുറ്റി വൈദ്യുതി കടത്തിവിട്ട് ശ്രീരാമമന്ദിരം കർസേവകർക്ക് പ്രവേശനമില്ലാതെ സുരക്ഷിതമാക്കി. അയോദ്ധ്യയ്ക്ക് മുകളിൽ ഒരു ഈച്ചപോലും പറക്കില്ലെന്ന് മുലായംസിങ്ങ് പാർലമെന്റിന് ഉറപ്പ് കൊടുത്തു. ലക്ഷക്കണക്കിന് രാമസേവകർ ജയിലറക്കുള്ളിലായി. അയോദ്ധ്യപട്ടണം ഇരുമ്പറയ്ക്കുള്ളിലാക്കി എന്നാൽ അശോകംസിംഘാൾ, ഉമാഭാരതി, വിനയകത്യാർ എന്നിവരുടെ നേതൃത്വത്തിൽ നിശ്ചയിച്ച സമയത്ത് രാവിലെ 9.30 ന് പഞ്ചകോശി പരിക്രമ ആരംഭിച്ചു. പോലീസ് ഒരുക്കിയ എല്ലാ പ്രതിരോധങ്ങളും തകർത്ത് രാമഭക്തർ ഒഴുകി സമ്മേളനം ആരംഭിച്ചു. ആയിരത്താണ്ട് കാലമായി ഭാരതത്തിലെ ഹിന്ദുവിന്റെ മനസ്സിലെരിയുന്ന ശ്രീരാമചന്ദ്രഭഗവാന്റെ ക്ഷേത്രം ഹിന്ദുവിന് വിട്ട്തരണമെന്നാവശ്യമുയർന്നു. വിദേശിയായ ബാബർ കെട്ടിപൊക്കിയ മിനാരങ്ങളുടെ മുകളിൽ അപമാനപ്രതീകംപോലെ പാറിക്കളിച്ച പച്ചക്കൊടിമാറ്റി പ്രതീകാത്മക കർസേവ എന്ന നിലയിൽ കാവിപതാക കെട്ടാൻ നിശ്ചയിച്ച മുഹൂർത്തം വന്നെത്തി. ഗുജറാത്തിൽ നിന്നെത്തിയ കോത്താരി സഹോദരന്മാരടക്കം എല്ലാ പ്രതിബന്ധങ്ങളും തരണം ചെയ്ത് ചാട്ടുളിപോലെ ആതർക്കമന്ദിരത്തിന്റെ മുകളിലേക്കു കയറി അഭിമാനത്തിന്റെ, വിവേകാനന്ദ സ്വാമികൾ സ്വപ്നംകണ്ട ഉണർന്നെണീറ്റ ഹിന്ദുത്വത്തിന്റെ കാഹളം മുഴങ്ങി. പച്ച പതാക മാറ്റി കാവിപതാക മകുടങ്ങളിൽകെട്ടി യു.പി. പോലീസ് വെടിവെച്ചു. സ്വന്തം ശരീരം ചിതലരിക്കുംപോലെ വെടിയുണ്ടയേറ്റ് ചിതറിയിട്ടും, സന്യാസിമാർ കുറിച്ച ഭവ്യമുഹൂർത്തത്തിൽ പ്രതീകാത്മ കർസേവ ആ കർസേവകർ പൂർത്തിയാക്കിയിരുന്നു. ഭാരതത്തിന്റെ ഹൃദയത്തിൽ ആവാഹിച്ച പ്രോജ്വലവീര്യത്തിന്റെ പ്രകടിതഭാവം ലോകംകണ്ട നിമിഷം, നൂറുകണക്കിന് രാമഭക്തർ വെടിയേറ്റ് മരിച്ചു. കർസേവകരുടെ ഹൃദയരക്തംകൊണ്ട് സരയൂനദി ചുവന്നു. എണ്ണമറ്റ മൃതശരീരങ്ങൾ ഏറ്റുവാങ്ങി ദുഃഖിതയായ സരയൂനദി ഒഴുകിക്കൊണ്ടേയിരിക്കുന്നു. നേതൃത്വത്തിന്റെ അഭ്യർത്ഥന മാനിച്ച് കർസേവകർ തൽക്കാലം മടങ്ങിപ്പോയി. നവംബർ 2ന് അയോദ്ധ്യയിലെ പോലീസ് വെടിവെയ്പിൽ പ്രതിഷേധിച്ച് വിശ്വഹിന്ദുപരിഷത്ത് നടത്തിയ നാമജപയാത്രയ്ക്ക് നേരെ പോലീസ് വെടിയുതിർത്തു. 16 പേർ മരിച്ചുവെന്ന് ഔദ്യോഗിക കണക്ക്. യഥാർത്ഥ മരണസംഖ്യ ഇതിലുമധികമായിരുന്നു. കേരളത്തിൽനിന്നു പോയ കർസേവകരിൽ ഇന്നും തിരിച്ചുവരാത്തവരുണ്ട്. നൂറുകണക്കിന് കർസേവകരുടെ ആത്മത്യാഗം വിമോചനപ്പോരാട്ടത്തിന് ബലംകൊടുക്കുകയാണുണ്ടായത്. രാമജന്മഭൂമിപ്രസ്ഥാനത്തിന്റെ സമരപാതകൾ തുറന്നുകൊണ്ടേയിരുന്നു. രാമശിലാപൂജയും പാദുകഘോഷയാത്രയും ഭാരതം മുഴുവൻ നടന്നു. ഗ്രാമഗ്രാമാന്തരങ്ങളിൽനിന്ന് പൂജിച്ച ശിലകൾ അയോദ്ധ്യയിലേക്ക് പ്രവഹിച്ചു. അയോദ്ധ്യയിൽനിന്നും കൊളുത്തിയ ദീപം രാഷ്ട്രചേതനയുടെ ഉള്ളറകളിലെ ഇരുട്ട് അകറ്റി. ഭാരതത്തിന്റെ യുവത്വം, അയോദ്ധ്യയിലേക്ക് പോകാൻ വെമ്പൽകൊണ്ടു. വി.പി. സിങ്ങിന്റെ പടിയിറക്കം പുതിയ തെരഞ്ഞെടുപ്പ്. യു.പി.യിൽ ബിജെപി നേതാവ് കല്യാൺസിങ്ങ് മുഖ്യമന്ത്രിയായി. ഡൽഹിയിൽ നരസിംഹറാവു പ്രധാനമന്ത്രി. പത്താം ലോകസഭാ തെരഞ്ഞെടുപ്പിൽ ബിജെപി 120 സീറ്റുകൾ നേടി. 1984ലെ 2 അംഗങ്ങളിൽനിന്നും 1989-ൽ 85 അംഗങ്ങളും 1991-ൽ 120 ആയി വർദ്ധിച്ചു. അയോദ്ധ്യ രാമജന്മഭൂമി പ്രസ്ഥാനത്തെ ജനങ്ങൾ ഹൃദയത്തിലേറ്റി എന്നതായിരുന്നു ഈ തെരഞ്ഞെടുപ്പ് ഫലത്തെ വിലയിരുത്തേണ്ടത്. 1992 ഡിസംബർ 6ന് രണ്ടാമത്തെ കർസേവ നിശ്ചയിച്ചു. ഭാരതമാസകലമുള്ള രാമഭക്തർ അയോദ്ധ്യയിൽ ഒത്തുചേർന്നു. രാമജന്മഭൂമിയിൽ ഹിന്ദുവിനുള്ള അവകാശപ്രഖ്യാപനമായി നടത്താൻ നിശ്ചയിച്ചു - കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഒരുക്കിയ ജയിലറകളും പ്രതിരോധങ്ങളും ഭേദിച്ച് കർസേവകർ അയോദ്ധ്യയി

ലെ സമാധാനപരമായ യോഗം ആരംഭിച്ചു. എൽ.കെ. അഡ്വാനി, മുരളി മനോഹർ ജോഷി, വിനയകട്ട്യാർ, എച്ച്.വി. ശേഷാദ്രിജി എന്നിവർ വേദിയിൽ നിൽക്കെ - രാമസേവകരായ കർസേവകരെ പത്രക്കാരും പോലീസുകാരിൽ ചിലരും കളിയാക്കി രാമനാമം പാടി പിരിഞ്ഞുപോകാനാണോ വന്നത്.? കർസേവകരുടെ അണപൊട്ടിയ രോഷം നേതൃത്വത്തിന്റെ വിലക്കുകൾ പോലും ലംഘിച്ചുകൊണ്ട് ആയിരത്താണ്ടുകാലമായ ദേശീയ മനസ്സിലെരിഞ്ഞ കനൽ കെടുത്തുവാൻ തർക്കമന്ദിരത്തിന് മുകളിലേക്ക് പാഞ്ഞ് കയറി. പോലീസ് സംവിധാനത്തിന് നോക്കിനിൽക്കാനെ കഴിഞ്ഞുള്ളു. മണിക്കൂറുകൾക്കുള്ളിൽ ആ പഴകിയ തർക്കമന്ദിരം നിലംപൊത്തി. തൽക്കാലമായുണ്ടാക്കിയ തുണികൊണ്ട് മറച്ച ഷെഡ്ഡിൽ രാംലാലയുടെ വിഗ്രഹം പ്രതിഷ്ഠിക്കപ്പെട്ടു. കല്ല്യാൺസിങ്ങ് മന്ത്രിസഭ ഉൾപ്പെടെ മൂന്ന് ബിജെപി മന്ത്രിസഭകളെ പിരിച്ചുവിട്ടു. ആർഎസ്എസ്സിനെ നിരോധിച്ചു. എൽ.കെ. അഡ്വാനി, മുരളീ മനോഹർ ജോഷി, ഉമാഭാരതി, വിനയ്കട്ട്യാർ, കല്ല്യാൺസിംഗ്, സാക്ഷി മഹാരാജ് തുടങ്ങി 32 ദേശീയ നേതാക്കളെ പ്രതിചേർത്ത് കേസെടുത്തു. ലിബർഹാൻ കമ്മീഷനെ അന്വേഷണത്തിനായി കേന്ദ്രസർക്കാർ നിശ്ചയിച്ചു.


> **നിത്യേനയെത്തുന്ന രണ്ട്ലക്ഷത്തിലേറെ രാമഭക്തരെ സ്വീകരിക്കാൻ അയോദ്ധ്യനിവാസികൾ ഒരുങ്ങിക്കഴിഞ്ഞു. ലങ്കാദഹനം കഴിഞ്ഞ് പത്നിസമേതനായ് എത്തുന്ന ശ്രീരാമചന്ദ്രൻ ആരതിയുഴിഞ്ഞ് സ്വീകരിച്ച അയോദ്ധ്യ ജനുവരി 22ന് അർത്ഥവത്തായ മറ്റൊരു ദീപാവലിക്കായി കാത്തിരിക്കുന്നു.**

## കേസുകളുടെ ചരിത്രം

1942 ഡിസംബർ 22ന് യുപി മുഖ്യമന്ത്രി ഗോവിന്ദവല്ലഭ്പന്തിന്റെയും പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെയും നിർദ്ദേശത്തെ മറികടന്നുകൊണ്ട് മലയാളിയും കുട്ടനാട് കൈനികര സ്വദേശിയുമായ ഫൈസാബാദ് ഡെപ്യൂട്ടി കമ്മീഷണറും ജില്ലാ മജിസ്ട്രേറ്റുമായ ‘‘കെ.കെ. നായർ’’ തന്റെ അധികാരം ഉപയോഗിച്ച് രാംലാല വിഗ്രഹത്തിൽ പൂജചെയ്യാൻ ഹിന്ദുക്കളെ അനുവദിച്ചു. രാംലാലയുടെ വിഗ്രഹം മാറ്റാനുള്ള നെഹ്റുവിന്റെ നേരിട്ടുള്ള നിർദ്ദേശം തള്ളിക്കളഞ്ഞ കെ.കെ. നായർ ഫൈസാബാദ് സിറ്റി മജിസ്ട്രേറ്റായിരുന്ന ഗുരുദത്ത്സിങ്ങിനോട് അവിടെ പൂജയും ഭജനയും നടത്താനുള്ള സൗകര്യം ഒരുക്കി കൊടുക്കാൻ നിർദ്ദേശിച്ചു. രാവിലെ ഒൻപത് മണിക്ക് യു.പി. പോലീസ് എത്തുമ്പോൾ കെ.കെ. നായരുടെ ഭാര്യ ശ്രീമതി ശകുന്തളാ ദേവിയുടെ നേതൃത്വത്തിൽ ആയിരങ്ങൾ ഭജന നടത്തുകയായിരുന്നു. രാമരാജ്യപരിഷത്തിന്റെ സ്ഥാപകനും ബൽറാംപൂർ ഭരണാധികാരിയുമായിരുന്ന മഹാരാജ പതേശ്വരി പ്രസാദ് സിങ്ങിന്റെയും, മഹന്ത് ദ്വിഗ്ജയനാഥിന്റെയും നിവേദനത്തിന്റെ ഫലമാണ് ജന്മഭൂമിയിലെ രാംലാല വിഗ്രഹത്തിൽ പൂജചെയ്യാൻ ഹിന്ദുക്കൾക്ക് അനുവാദം കൊടുത്തത്. സർവ്വീസിൽനിന്ന് സസ്പെൻഡ് ചെയ്യപ്പെട്ട കെ.കെ. നായർ സർവ്വീസ് ഉപേക്ഷിച്ച് യു.പി. രാഷ്ട്രീയത്തിൽ സജീവമായി. 1962 യു.പി. നിയമസഭയിലും 1967 പാർലമെന്റിലും മത്സരിച്ച് വിജയിച്ചു. അദ്ദേഹത്തിന്റെ ഭാര്യ ശകുന്തള ഗോണ്ട മണ്ഡലത്തിൽനിന്നും പാർലമെന്റിലേക്ക് വിജയിച്ചു. അന്നുമുതൽ കേസ് കോടതിയിലായി. 1949ൽ ഗോപാൽ സിംല വിശാരദ് എന്നയാൾ രാംലല്ല വിഗ്രഹത്തിൽ നിത്യപൂജ ചെയ്യാൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് ഫൈസാബാദ് ജില്ലക്കോടതിയിൽ കേസ് ഫയൽ ചെയ്തു. 1950 തുടർ പൂജയ്ക്കും രാമവിഗ്രഹം സംരക്ഷിക്കണമെന്നും ആവശ്യപ്പെട്ട് പരമഹംസ രാമചന്ദ്രദാസ് ഹർജി നൽകി. 1959ൽ സ്ഥലത്തിന്റെ അവകാശത്തിനായി നിർമ്മോഹി അഖാഡ കേസ് ഫയൽ ചെയ്തു. 1961-ൽ ഉത്തർപ്രദേശ് സുന്നിവഖഫ് ബോർഡ് സ്ഥലത്തിന്റെ അവകാശത്തിനായി കേസ് ഫയൽ ചെയ്തു.

1986 ഫെബ്രു. 1 സ്ഥലം ഹിന്ദുക്കൾക്ക് ആരാധനയ്ക്കായി തുറന്നുകൊടുക്കണമെന്നു കീഴ്ക്കോടതി ഉത്തരവ് വന്നു. ഇതിനെതിരെ സുന്നി വഖഫ് ബോർഡ് നൽകിയ ഹർജിയിൽ 1989 ഓഗസ്റ്റ് 14ന് തർക്കമന്ദിരത്തിന്റെ തൽസ്ഥിതി നിലനിർത്താൻ അലഹബാദ് ഹൈക്കോടതി ഉത്തരവ് 1993 ഏപ്രിൽ മൂന്ന് 77 ഏക്കറിൽ തർക്കമില്ലാത്ത ഭൂമി ഏറ്റെടുക്കാൻ കേന്ദ്രസർക്കാർ നിയമം പാസ്സാക്കി. ഇതിനെതിരെ ഇസ്മയിൽ ഫാറൂഖി അടക്കം നൽകിയ ഒരുകൂട്ടം ഹർജികൾ അലഹബാദ് ഹൈക്കടതി സുപ്രീംകോടതിയിലേക്ക് മാറ്റി. 1994-ൽ ഒക്ടോബർ 24 ഇസ്ലാം മതവിശ്വാസമനുസരിച്ച് ആരാധനയ്ക്ക് പള്ളി അനിവാര്യഘടകമല്ലെന്ന് ഇസ്മായിൽ ഫാറൂഖി കേസിൽ സുപ്രീംകോടതിയുടെ ചരിത്രപ്രസിദ്ധമായി വിധി. 2002ൽ സുപ്രീംകോടതിയിൽ ഭൂമിയുടെ അവകാശം ആരുടേതെന്ന് തെളിയിക്കാൻ വാദം തുടങ്ങി. 2003 മാർച്ചിൽ ഏറ്റെടുത്ത ഭൂമിയിൽ മതപരമായ യാതൊരു പ്രവൃത്തിയും പാടില്ലെന്ന് സുപ്രീംകോടതി. 2010-ൽ സെപ്തംബർ 30ന് തർക്കഭൂമി മൂന്നായി വിഭജിക്കാൻ അലഹബാദ് ഹൈക്കോടതിവിധി സുന്നിവഖഫ് ബോർഡ് നിർമ്മോഹി അഖാഡ, രാംലല്ല ട്രസ്റ്റ് എന്നിവർക്ക് വീതംവയ്ക്കാനുള്ള വിധി. 2011 മെയ് 9ന് സുപ്രീംകോടതി സ്റ്റേ ചെയ്തു. 2016 ഫെ. 26ന് തർക്കഭൂമിയിൽ ക്ഷേത്രം പണിയാൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് സുബ്രഹ്മണ്യൻ സ്വാമി സുപ്രീംകോടതിയിൽ ഹർജി ഫയൽ ചെയ്തു. 2017 കോടതിയ്ക്ക് പുറത്തുള്ള ഒത്ത് തീർപ്പിന് ശ്രമിക്കാൻ കോടതി നിർദ്ദേശം 2017 ഓഗസ്റ്റ് 7ന് അലഹാബാദ് ഹൈക്കോടതിവിധി ചോദ്യം ചെയ്തുകൊണ്ടുള്ള ഹർജികൾ പരിഗണിക്കാൻ സുപ്രീംകോടതി മൂന്നംഗബഞ്ച് രൂപീകരിച്ചു. 2017 ഓഗസ്റ്റ് 8ന് തർക്കസ്ഥലത്തുനിന്നും യുക്തമായ ദൂരംമാറി മുസ്ലീം ഭൂരിപക്ഷപ്രദേശത്ത് പള്ളി പണിയാമെന്ന് യു.പി. ഷിയ സെൻട്രൽ

വഖഫ് ബോർഡ് അറിയിച്ചു – തുടർന്ന് 2-ാം തീയതി അയോദ്ധ്യയിൽ അമ്പലവും ലഖ്നൗവിൽ പള്ളിയും പണിയാമെന്ന് ഷിയാവഖഫ് ബോർഡ് സുപ്രീംകോടതിയിൽ അറിയിച്ചു. 32 പൗരാവകാശ പ്രവർത്തകർ നൽകിയ അലഹബാദ് ഹൈക്കോടതി വിധിക്കെതിരായ അപ്പീൽ ഹർജികൾ അടക്കം 2018 ഫെ. 8ന് സുപ്രീംകോടതി വാദം കേൾക്കാൻ തുടങ്ങി. 2019 ജനുവരി 8 ചീഫ് ജസ്റ്റിസ് രഞ്ജൻഗോഗോയ് തലവനായി അഞ്ചംഗബഞ്ച് രൂപീകരിച്ചു. ജസ്റ്റിസുമാർ എസ്.എ. ബോബ്ദെ, എൽ.വി. രമണ, യു.യു. ലളിത്, ഡി.വൈ. ചന്ദ്രചൂഡ് എന്നിവരായിരുന്നു അംഗങ്ങൾ. ജനുവരി 10ന് യു.യു. ലളിത് പിൻമാറിയതിനെത്തുടർന്ന് ബഞ്ച് പുനഃസംഘടിപ്പിക്കുകയും അശോക് ഭൂഷൺ, എസ്.എ. നസീർ എന്നിവർ ഉൾപ്പെടുകയും ചെയ്തു. 2018 ഫെ. 6ന് മദ്ധ്യസ്ഥ ശ്രമത്തിനായി മുൻ ജസ്റ്റിസ് എഫ്.എം.ഐ. ഖലിഫുള്ള, ശ്രീ ശ്രീ രവിശങ്കർ മുതിർന്ന അഭിഭാഷകൻ ശ്രീറാം പഞ്ചു എന്നിവരെ മധ്യസ്ഥരായി നിശ്ചയിച്ചു. മധ്യസ്തശ്രമം പരാജയപ്പെട്ടു. ആഗസ്റ്റ് 6 മുതൽ സുപ്രീം കോടതി വാദം കേട്ടു. ഒക്ടോബർ 16ന് വാദം കേൾക്കാൻ അവസാനിപ്പിച്ച് വിധി പറയാനായി മാറ്റി. 2019 നവംബർ 9ന് ലോകം കാത്തിരുന്ന സുപ്രീംകോടതി വിധി വന്നു. അയോദ്ധ്യ രാമന്റെ ജന്മസ്ഥാനമാണെന്നു ഭവ്യമായ ക്ഷേത്രം പണിയാൻ സർക്കാർ ഏറ്റെടുത്തതുൾപ്പെ ടെയുള്ള 2.77 ഏക്കർ ഭൂമി സർക്കാർ നിശ്ചയിക്കുന്ന ട്രസ്റ്റിന് ക്ഷേത്രനിർമ്മാണത്തിനായി കൈമാറാം. ഉത്തർപ്രദേശ് സുന്നി വഖഫ് ബോർഡിന് മറ്റൊരു സ്ഥലത്ത് പള്ളി പണിയാൻ 5 ഏക്കർ അനുവദിക്കാനും അഞ്ചംഗ സുപ്രീംകോടതി ബഞ്ച് ഏകകണ്ഠമായി വിധിച്ചു. നൂറ്റാണ്ടുകളായി നീറിക്കൊണ്ടിരുന്ന വേദനയുടെ അഗ്നികുണ്ഡം തണുത്തു തുടങ്ങി. ധ്രുതഗതിയിൽ – മഹന്ത് നിത്യ ഗോപാൽദാസ് പ്രസിഡന്റും, ചമ്പത്ത്റായ് ജനറൽ സെക്രട്ടറിയുമായി, സ്വാമി ഗോവിന്ദ് ദേവ്ഗിരി ട്രഷറർ, കെ. പരാശരസ്വാമി വാസുദേവാനന്ദ സരസ്വതി, യുഗപുരുഷ പരമാനന്ദ ഗിരിമഹാരാജ്, മഹന്ത് ദിനേന്ദ്ര ദാസ്ജി, കാമേശ്വർ ചന്ദ്രപാൽ, ശ്രീവിമലേന്ദ്ര മോഹൻ പ്രതാപ് മിശ്ര, ഉഡുപ്പി പേജാവർ മഠാധിപതി വിശ്വപ്രസന്നതീർത്ഥ തുടങ്ങിയവർ അംഗങ്ങളായി ക്ഷേത്രട്രസ്റ്റ് രൂപീകരിച്ച് ജോലി ആരംഭിച്ചു. അതെ ഭഗവാൻ ശ്രീരാമചന്ദ്രന്റെ ഗർഭഗൃഹം ഒരുങ്ങുകയാണ്. സമസ്ത ജീവരാശികളും കാണാൻ കൊതിക്കുന്നു. മര്യാദപുരുഷോത്തമന്റെ ജന്മസ്ഥാനമൊരുങ്ങുമ്പോൾ ഭാരതത്തിലെ എല്ലാ ഗ്രാമങ്ങളിൽ നിന്നും മണ്ണ് എത്തിച്ചിരുന്നു. 60 ദശലക്ഷം പഴക്കമുള്ള നേപ്പാളിലെ ഗണ്ഡകി നദിയിൽനിന്ന് സാളഗ്രാമങ്ങളും കൊണ്ടുവന്നു. സ്വാതന്ത്ര്യലബ്ധിപോലെ തന്നെ പ്രാധാന്യമുണ്ട് അയോദ്ധ്യയിലെ ക്ഷേത്രനിർമ്മാണത്തിന്. ഭാരതം മഹിതകാലത്തേക്ക് പ്രവേശിക്കുകയാണ്. വീരസുന്ധരയായ ഭാരതത്തിന്റെ ആത്മാവ് ഉണരുകയാണ്. നമ്മുടെ മണ്ണിൽ അവശേഷിക്കുന്ന അവസാന



അടിമത്തത്തിന്റെ ചിന്തയും തൂത്തെറിഞ്ഞ് രാമൻ എന്ന ഭാരതത്തിന്റെ ആത്മാവിന്റെ സ്വത്വത്തിന് നാം തിരിതെളിക്കുകയാണ്.

രാംമനോഹർ ലോഹ്യ പറഞ്ഞത് യാഥാർത്ഥ്യമാണ്. ശ്രീരാമൻ വടക്കിനേയും തെക്കിനേയും യോജിപ്പിച്ചു. ശ്രീകൃഷ്ണൻ കിഴക്കിനെയും പടിഞ്ഞാറിനെയും യോജിപ്പിച്ചു. ഭഗവാൻ ശിവനാകട്ടെ എല്ലാദേശത്തെയും യോജിപ്പിച്ചു. രാമൻ വടക്കേ ഇന്ത്യയുടേത് മാത്രമല്ല – 120 നൂറ്റാണ്ടിൽ കമ്പരാമായാണം തമിഴിലും – രാമായണം കിളിപ്പാട്ട് തുഞ്ചത്ത് എഴുത്തച്ഛൻ കേരളത്തിലും എഴുതുന്നത് – രാമൻ ഈ ഭൂമുഖത്തെ മുഴുവൻ മനുഷ്യരുടെയും പ്രതിരൂപമാണ്. അയോദ്ധ്യ ദേശീയവർത്തമാനത്തിന്റെ ശിലാഫലകമാണ്.

നീണ്ട അഞ്ഞൂറ് വർഷം മുടങ്ങിക്കിടന്ന വികസനം അയോദ്ധ്യ പുനരുദ്ധരിക്കപ്പെടുകയാണ്. മഹർഷി വാത്മീകി അന്താരാഷ്ട്ര വിമാനത്താവളവും, പുതിയ അയോദ്ധ്യ ധാം റെയിൽവെ സ്റ്റേഷനും പ്രധാനമന്ത്രി നാടിന് സമർപ്പിച്ചു കഴിഞ്ഞു. രാമരാജ്യത്തിന്റെ സൗവർണോജ്ജ്വല കാന്തി പ്രഭചൊരിയുന്ന പുതിയ റോഡുകൾ ,100ൽ ഏറെ പഞ്ചനക്ഷത്ര ഹോട്ടലുകൾ, കർസേവകരുടെ ചോര തുള്ളികളേറ്റു വാങ്ങിയ സരയു, പഞ്ചവർണ്ണങ്ങളാൽ പുളകിതയായി ഒഴുകുന്നു. തീർത്ഥഘട്ടങ്ങളും പ്രദക്ഷിണ വഴികളും ഒരുങ്ങുകയാണ് നിത്യേനയെത്തുന്ന രണ്ട് ലക്ഷത്തിലേറെ രാമഭക്തരെ സ്വീകരിക്കാൻ അയോദ്ധ്യനിവാസികൾ ഒരുങ്ങിക്കഴിഞ്ഞു. ലങ്കാദഹനം കഴിഞ്ഞ് പത്നിസമേതനായ് എത്തുന്ന ശ്രീരാമചന്ദ്രൻ ആരതിയുഴിഞ്ഞ് സ്വീകരിച്ച അയോദ്ധ്യ ജനുവരി 22ന് അർത്ഥവത്തായ മറ്റൊരു ദീപാവലിക്കായി കാത്തിരിക്കുന്നു. 16 കോടി രാമഭക്തരുടെ നേരിട്ടുള്ള പരിശ്രമം 60 കോടി ഭാരതീയരുടെ സമർപ്പണവുമായി അയോദ്ധ്യ ഉയരുകയാണ് ഈ ഭൂമുഖത്തിന്റെ നെറുകയിലേക്ക്.

# ഞാൻ കണ്ട അയോദ്ധ്യ




**സി. ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ**

(ബി.എം.എസ്. സംസ്ഥാന പ്രസിഡന്റ്)





**1987** ഡിസംബർ, ഒരു തണുത്ത പ്രഭാതത്തിലായിരുന്നു ഞാനാദ്യമായി അയോദ്ധ്യയിലെത്തിയത്. ഭാരതീയ ടെലികോം എംപ്ലോയീസ് യൂണിയന്റെ അഖിലേന്ത്യാ പ്രസിഡന്റ് എന്ന നിലയിൽ, 1986ലെ അഖിലേന്ത്യാ സമ്മേളനത്തിനുശേഷമുള്ള ഭാരവാഹിയോഗത്തിൽ പങ്കെടുക്കാനാണ് ഞാൻ എത്തിച്ചേർന്നത്. വാസ്തവത്തിൽ അയോദ്ധ്യയിൽ യോഗം നിശ്ചയിച്ചു കഴിഞ്ഞപ്പോൾ മനസ്സിൽ നിറഞ്ഞുനിന്ന ചിന്ത അയോദ്ധ്യയെക്കുറിച്ചും, ശ്രീരാമനെക്കുറിച്ചുമായിരുന്നു. ആദ്യമായി ശബരിമലയിൽ പോകുന്ന ഒരു കുട്ടിയുടെ കൗതുകമായിരുന്നു ആ യാത്രയ്ക്ക്, എന്തായിരിക്കും അയോദ്ധ്യ, എങ്ങനെയായിരിക്കും അയോദ്ധ്യ, രാമായണത്തിൽ വായിച്ചും, കഥകളിലൂടെ അറിഞ്ഞും പറഞ്ഞും കേട്ട അയോദ്ധ്യയിലേക്കുതന്നെയാണല്ലോ പോകുന്നത്, സ്വാഭാവികമായും ഒരുപാട് ചിന്തകൾ മനസ്സിലേക്കു തള്ളിവന്നു. ഒടുവിൽ സാക്ഷാത്കാരത്തിന്റെ ആ ദിനം വന്നു ചേർന്നു. അഖിലേന്ത്യാ ജനറൽ സെക്രട്ടറി ശ്രീമാൻ ആർ.സി. ചൗഹാൻ പറഞ്ഞു. യോഗം നാളെയാണ് ആരംഭിക്കുന്നത്, ഇന്ന് നമുക്കു വിശദമായി അയോദ്ധ്യനഗരി ചുറ്റിക്കാണാം, സ്ഥലങ്ങളൊക്കെ അറിയാവുന്ന പാണ്ഡെ നമ്മളെ എല്ലാം കാണിക്കും എന്നുകൂടി പറഞ്ഞപ്പോൾ, കൂടുതൽ സന്തോഷം തോന്നി. സ്വാഭാവികമായും എല്ലാം അറിയാവുന്ന, അയോദ്ധ്യാ നഗരിയിലെ താമസക്കാരൻകൂടിയാണ് പാണ്ഡെയെന്നു വന്നപ്പോൾ, സന്തോഷം ഇരട്ടിയായി.

പാണ്ഡെ ഞങ്ങളെ ആദ്യം കൂട്ടിക്കൊണ്ടു പോയത്, തർക്കമന്ദിരമെന്നും ബാബറിമസ്ജിദെന്നും മറ്റും വിളിക്കുന്ന ശ്രീരാമന്റെ ക്ഷേത്രത്തിലേക്കായിരുന്നു. രാവിലെ സാമാന്യം നല്ല ക്യൂവുണ്ടായിരുന്നു ദർശനത്തിന്, എന്റെ ഓർമ്മയിൽ ഇരുപതു മിനിറ്റോളം ക്യൂവിൽ നിൽക്കേണ്ടിവന്നു. അക്കാലത്ത് ശ്രീരാമജന്മഭൂമി തർക്കം, കൊടുമ്പിരിക്കൊണ്ടിരിക്കുന്നുവോ എന്നെനിക്കോർമ്മയില്ല, സാധാരണ ഒരു മഹാക്ഷേത്രത്തിലേക്കെന്ന പോലെ ഭക്തജനങ്ങൾ സദാ തിങ്ങി നിറഞ്ഞ് ഒഴുകിയിരുന്നു. മീറ്റിംഗുമായി ബന്ധപ്പെട്ട് ഞങ്ങൾ താമസിച്ചിരുന്നത് ക്ഷേത്രനഗരിയിൽ തന്നെയായിരുന്നു. നേരം പുലർന്നാൽ ഇരുട്ടുവോളം അയോദ്ധ്യ ഉത്സവഛായയിലാണ് കണ്ടിരുന്നത്. വഴിയുടെ ഇരുവശവും ചാന്ത്, കുപ്പിവള, ബലൂൺസ കുട്ടികളുടെ കളിപ്പാട്ടങ്ങളുമായി കച്ചവടക്കാർ സജീവമായിരുന്നു.

ദർശനത്തിന് ഞങ്ങളുടെ ഊഴമായി, പോലീസിന്റെയും, സി.ആർ.പി.എഫിന്റെയും വലിയ പ്രൊട്ടക്ഷൻ ക്ഷേത്രത്തിനു ചുറ്റുമുണ്ടായിരുന്നു. ഓരോരുത്തരേയും വളരെ സൂക്ഷ്മമായി പരിശോധിച്ച് മെറ്റൽ ഡിറ്റക്ടറിലൂടെയാണ് കടത്തിവിട്ടത്. തൂണുകൾകൊണ്ട് വേർതിരിക്കപ്പെട്ട മൂന്നു മുറിയെന്നു പറയാവുന്ന വിധത്തിലായിരുന്നു ആ ശ്രീരാമക്ഷേത്രം, പക്ഷെ അതിന്റെ മുകൾഭാഗം പള്ളിയുടെ മാതൃകയിൽ മൂന്നു ഡോമുകളുണ്ടായിരുന്നു.

ആ കെട്ടിടത്തിന്റെ മധ്യഭാഗത്തായിരുന്നു ശ്രീരാമന്റെയും സീതയുടെയും വിഗ്രഹം, തൊട്ടടുത്ത് ഇരുവശത്തുമുള്ള മുറികളിൽ സി.ആർ.പി.എഫ്. ജവാന്മാരുടെ വലിയ പെട്ടികൾ സൂക്ഷിച്ചിരിക്കുന്നതായും കണ്ടു. ശ്രീരാമവിഗ്രഹത്തിന് വളരെ അടുത്തുവരെ പോയി പ്രാർത്ഥിക്കാൻ ഭക്തരെ അനുവദിച്ചിരുന്നു.

തിരക്കുള്ള സമയമായിരുന്നതിനാൽ അധികസമയം നിന്നു പ്രാർത്ഥിക്കാൻ അനുവദിച്ചിരുന്നില്ല. ഒരു ക്ഷണമാണെങ്കിലും അതൊരനുഭവമായിരുന്നു. ശബരിമലയിലും വൈഷ്ണോദേവി, തിരുപ്പതി, മഥുര, കാശി, ഗുരുവായൂർ തുടങ്ങിയ മഹാക്ഷേത്രങ്ങളെ അനുസ്മരിക്കുന്ന വിധമായിരുന്നു തിരക്ക്. അതു തന്നെയായിരുന്നു ദർശനാനുഭവവും. മര്യാദപുരുഷോത്തമനായ ശ്രീരാമ വിഗ്രഹത്തെ ദർശിച്ച് പുറത്തിറങ്ങുമ്പോൾ അവാച്യമായൊരനുഭവമായിരുന്നു അത്. അയോദ്ധ്യയിൽ വരാനും ഭഗവാനെ ദർശിക്കാനും കഴിഞ്ഞത് പൂർവജന്മാദ്രിതമായ പുണ്യം കൊണ്ടുമാത്രമാണെന്ന്, ഏതൊരു ഭക്തനെപ്പോലെ ഞാനും കരുതി.

ദർശനശേഷം അല്പസമയം ക്ഷേത്രപരിസരത്തെ കാഴ്ചകൾ വിശദീകരിച്ചുകൊണ്ട് പാണ്ഡെ ഓരോ തൂണുകളും കാട്ടിത്തന്നു. മാത്രവുമല്ല ആ കല്ലുകളുടെ, തൂണുകളുടെ പ്രത്യേകത പാണ്ഡെ വിശദീകരിച്ചു. "ഈ തൂണുകൾ കസോട്ടികല്ലുകൾ കൊണ്ടു നിർമ്മിച്ചതാണ്. ഈ തൂണുകൾ ബാബറിനു തകർക്കാൻ ഒരുതരത്തിലും കഴിഞ്ഞില്ല, ഓരോ തൂണുകളും ഏറെ താഴ്ചയിൽനിന്നും പൊന്തിച്ചിരിക്കുന്നതാണ്, നേരത്തെയുണ്ടായിരുന്ന രാമക്ഷേത്രത്തിന്റെ ഗർഭഗൃഹത്തിന്റെ ശ്രീകോവിലിന്റെ തൂണുകളാണിത്, ഓരോ തൂണുകളും മനോഹരമായ ശില്പഭംഗി മാത്രമല്ല, അതിസുന്ദരമായ കൊത്തുപണിയിൽ അലംകൃതമായ ദേവീ, ദേവ ശില്പങ്ങളുമാണ്." ഈ തൂണുകളിലെ ഓരോ ദളവും അയാളപ്പെടുത്തുന്ന തത്വങ്ങളെക്കുറിച്ചും പാണ്ഡെ വിശദീകരിച്ചുതന്നു.

പിന്നീട് അദ്ദേഹം വീണ്ടും തുടർന്നു. നിങ്ങൾ ശ്രദ്ധിച്ചുവോ എന്നറിയില്ല, ശ്രീരാമനെ പൂജിക്കുന്ന സമ്പ്രദായത്തിനും ചില പ്രത്യേകതകളുണ്ട്, ഒരേ സമയം നാലു പൂജാരിമാരാണ് ദേവമന്ത്രങ്ങൾ ചൊല്ലി പൂജയും അർച്ചനയും നടത്തിക്കൊണ്ടിരിക്കുന്നത്, സാധാരണ ക്ഷേത്രത്തിൽ ഒരു സമയം ഒരു മേൽശാന്തിയാണ് ഉണ്ടാവുക, ഇവിടെ അങ്ങനെയല്ല, ഒരേ സമയം നാലുപേർ ചേർന്ന് പൂജകൾ ചെയ്യുന്ന രീതിയാണ്.

ഈ പൂജാരിമാരെ നിശ്ചയിക്കുന്നതാകട്ടെ ഉത്തർപ്രദേശ് ഗവർമെന്റാണ്. ഗോവിന്ദ് വല്ലഭായ് പാന്ത് മുഖ്യമന്ത്രിയായിരുന്ന കാലം മുതൽ കേരളത്തിലെ ദേവസ്വം ജീവനക്കാരെപ്പോലെ തന്നെ ഉത്തർപ്രദേശ് ഗവർമെന്റാണ് ഖജനാവിൽനിന്നും പ്രതിമാസം ഇവർക്ക് ശമ്പളം കൊടുക്കുന്നതും, പെൻഷൻ പറ്റിയവർക്ക് പ്രതിമാസം പെൻഷൻ തുക കൊടുക്കുന്നതും. മാറി മാറിവന്ന മുഖ്യമന്ത്രിമാരായ ഗോവിന്ദ് ബല്ലഭായ് പാന്ത് തുടങ്ങി 21 വ്യത്യസ്ഥ മുഖ്യമന്ത്രിമാർ പലതവണകളായി ഉത്തർപ്രദേശ് ഭരിച്ചു. ഏറ്റവും കൂടുതൽ കാലം കോൺഗ്രസ്സാണ് ഭരിച്ചത്. പിന്നീട് ഭാരതീയ ക്രാന്തിദൾ, ജനതാപാർട്ടി, ജനതാദൾ, ബി.എസ്.പി., ബി.ജെ.പി. എന്നീ പാർട്ടി



കളും. സർവ്വശ്രീ. ഗോവിന്ദ് ബല്ലഭായ് പന്ത്, സംപൂർണ്ണാനന്ദ, ചന്ദ്രഭാനു ഗുപ്ത, ശ്രീമതി സുചേദ കൃപാലിനി (ഐഎൻസി), ചരൺസിംഗ് (ഭാരതീയ ക്രാന്തിദൾ) ത്രുഭുവനനാരായണ സിംഗ്, കമൽനാഥ് ത്രിപാഠി, ശ്രീമതി ഹേമാവദി നന്ദബഹുഗുണ, എൻ.ഡി. തിവാരി, രാം നരേശ്യാദവ്, (ജനതാപാർട്ടി) ബാബുബൻസാരിദാസ് (ജെ.പി), വി.പി. സിംഗ് (ഐ.എൻ.സി), ശ്രീപതി മിശ്ര, വീർബഹുദൂർ സിംഗ് (ജനതാദൾ), മുലയംസിംഗ് (ബി.എസ്.പി) കല്യാൺസിംഗ് (ബി.ജെ.പി) മായാവതി (ബിഎസ്പി) രാം പ്രകാശ് ഗുപ്ത (ബി.ജെ.പി) രാജ്നാഥ് സിംഗ് (ബി.ജെ.പി.) അഖിലേഷ് യാദവ് (ബി.എസ്.പി.) നിലവിൽ യോഗി ആദിത്യനാഥ് (ബി.ജെ.പി).

ഇതിൽ 1937 ജൂലായ് 17 മുതൽ 1957 വരെ 20 വർഷം തുടർച്ചയായി ഭരിച്ചത്. കോൺഗ്രസ്സിലെ ഗോവിന്ദ വല്ലഭായ് പാന്തായിരുന്നു. അദ്ദേഹത്തിന്റെ കാലം മുതലാണ് സർക്കാർ പൂജാരിമാരെ നിയമിച്ചു തുടങ്ങിയത്. ഇന്നുവരേയും ഈ സമ്പ്രദായത്തിനു മാറ്റം വരുത്താൻ വ്യത്യസ്ത പാർട്ടികളിലെ ഒരു മുഖ്യമന്ത്രിമാരും തയ്യാറായിരുന്നില്ല എന്ന സത്യം നാം തിരിച്ചറിയണം.

വീണ്ടും നമുക്കു കാഴ്ചകളിലേക്കു മടങ്ങിവരാം. പാണ്ഡെ പിന്നീട് ഞങ്ങളെ കൂട്ടിക്കൊണ്ടുപോയത് തൊട്ടടുത്തുള്ള ദശരഥന്റെ കൊട്ടാരത്തിലേക്കായിരുന്നു പുരാതന ശൈലിയിൽ വർണ്ണചിത്രങ്ങളാൽ മു

ഖരിതമായി, ഒരുപക്ഷെ ഉത്സവപറമ്പിലെ ബാലെക ളിൽ ഉയർത്തുന്ന കൊട്ടാരത്തിന്റെ ചിത്രലിഖിതമാ യ കർട്ടനുകളിൽ കാണുന്നതുപോലെ ചിത്രപ്പണി കളാലും വർണ്ണചിത്രങ്ങളാലും സമ്പന്നമായ അതി വിശാലമായ ദശരഥന്റെ കൊട്ടാരത്തിന്റെ ഹാളുകൾ, പവിത്രമായി സൂക്ഷിച്ചിരിക്കുന്ന സീതയുടെ അടു ക്കള, ''സീതാമാതാകീരസോയി'' പ്രത്യേകം താൽ പര്യമെടുത്ത് പാണ്ഡെ ഇതൊക്കെ കാണിച്ചുതരുക യും സീതാമാതാവിന്റെ പാദസ്പർശം കൊണ്ട് പവി ത്രമായ രസോയിൽ ഭക്തിയോടെ നമസ്കരിക്കു കയും ചെയ്തു. പിന്നീട് പോയത് ഹനുമാൻഘട്ടി ലേക്കാണ്. ഹനുമാന്റെ, സാമാന്യം വലിപ്പമുള്ള ഒരു ക്ഷേത്രമായിരുന്നു അത്, അവിടെയാണ് വനവാസം കഴിഞ്ഞു തിരിച്ചുവന്ന ശ്രീരാമനോടൊപ്പം വന്ന ഹനുമാന് താമസിക്കാൻ ഇടം നൽകിയതെന്നാണ് വിശ്വാസം.

അയോദ്ധ്യയിലെ ഒരു ക്ഷേത്രം മാത്രമായിരുന്നി ല്ല, സഞ്ചരിക്കുന്ന ഓരോ ഇടവഴികളും ക്ഷേത്ര ഗോപുരങ്ങളാൽ നിറഞ്ഞിരുന്നു. ചുറ്റുക്ഷേത്രമാതൃ കകൾ മാത്രം, ഇതിൽ പലതിലും താമസക്കാരുമു ണ്ട്, എന്നിരുന്നാലും രാമന്റെ ചിത്രംവച്ച് വിളക്കും സാമ്പ്രാണിയും വച്ച് ഒരു തട്ടവുമായി നില്ക്കുക യാണ് അധികം പേരും. ഒടുവിൽ പാതയവസാനി ക്കുന്നത് സരയൂ നദിയിലാണ്. ഞാൻ കണ്ട മറ്റു നദി കളിൽനിന്നും വളരെ വ്യത്യസ്തമായിരുന്നു എന്തു കൊണ്ടും സരയു. ശോകവും ശാന്തതയും കലർന്ന് അതിവിശാലമായ മറുകരയോളം പരന്നു കിടക്കു കയാണ് സരയു. എവിടെയോ നൊമ്പരം ഒളിപ്പിച്ച തുപോലെ ഓളങ്ങളില്ലാത്ത ദുഃഖാർദ്രമായ സരയു വിന്റെ നൊമ്പരം ഒരുപക്ഷെ അവതാരോദ്ദേശത്തിനു ശേഷം രാമൻ അന്തർദ്ധാനം ചെയ്തത് സരയുവി ലായതുകൊണ്ടാകാം.

കുറച്ചകലെയാണ് രാമന്റെ പാദുകങ്ങളുമായി, രാമനെ സാക്ഷിയാക്കി 14 വർഷം രാജ്യം ഭരിച്ച ഭര തന്റെ ആശ്രമം. വാക്കുകൾകൊണ്ടു വർണ്ണിക്കാൻ കഴിയാത്ത, ഒരു ക്യാൻവാസിനും വരച്ചുകാട്ടാൻ കഴിയാത്ത, ആത്മനൊമ്പരത്തിന്റെ നൂറ്റാണ്ടുകളുടെ ചരിത്രം കോറിയിട്ട അയോദ്ധ്യ. മനുഷ്യന്റെ തലയോ ട്ടിയിൽ മദ്യം ഭുജിച്ചിരുന്ന വൈദേശീയ അക്രമകാ രിയായിരുന്ന, അതിക്രൂരനായിരുന്ന ബാബർ എ.ഡി. 1528-ൽ സംപൂർണമായി തച്ചുതകർത്ത അയോദ്ധ്യ, പിന്നീട് നേരിടേണ്ടിവന്നയെത്രയെത്ര യുദ്ധങ്ങൾ, മനുഷ്യകുരുതികൾ, സർവ്വശക്തിയും ചോർന്നുപോയി എന്നു കരുതുമ്പോഴും രാമമന്ത്ര ത്തിന്റെ അത്യുജ്ജ്വലശക്തിയാൽ വീണ്ടുമൊത്തുചേ രുന്ന രാമഭക്തർ, ഭഗവാൻ ശ്രീരാമന്റെ ഭവ്യമന്ദിര ത്തിന്റെ സ്വപ്നവും നെഞ്ചിലേറി ജീവിതത്തിന്റെ എല്ലാ മോഹങ്ങളെയും എരിയുന്ന ഹോമകുണ്ഡ ത്തിൽ ജ്വലിപ്പിച്ച് സ്വയം കൃതാർത്ഥരായ എത്രയെത്ര കോത്താരി സഹോദരന്മാർ, കാലം കാത്തുവെച്ച ഹനുമാൻസേനയെപ്പോലെ അവർ കാത്തിരുന്നു,



പോരാടി, ഇതിനിടയിൽ പിടഞ്ഞുവീണു മരിച്ചവരുടെ സംഖ്യ ഇന്നും വ്യക്തമല്ല.

2024 ജനുവരി 22ന് ശ്രീരാമചന്ദ്ര ക്ഷേത്രത്തിന്റെ പ്രാണപ്രതിഷ്ഠ നടക്കുമ്പോൾ, ലോകചരിത്രത്തിൽ സമാനതകളില്ല. പോരാട്ട വീര്യത്തിന്റെ, സഹന ചരി ത്രത്തിന്റെ, എരിഞ്ഞടങ്ങലിന്റെ, ഉയർത്തെഴുന്നേ ല്പിന്റെ കനൽ വഴികളുടെ പുത്തൻചരിത്രം രചിക്ക പ്പെടുകയാണ്.

ഭാരതത്തെ സംബന്ധിച്ച്, രാമായണം ആദ്യകാവ്യം മാത്രമല്ല, മാനവ സംസ്കാരത്തിന്റെയും പുരോഗതി യുടേയും രാജധർമ്മത്തിന്റെയും പ്രജാപരിപാലനത്തി ന്റെയും ലോകധർമ്മത്തിന്റെയും അനവധി മുഹൂർത്തങ്ങളാണ് നമുക്ക് നൽകിയിട്ടുള്ളത്. വിര ഹ-താപ-ശോകമാണ് രാമന്റെ ജനനം മുതൽ അന്ത്യ യാത്രവരെയെങ്കിലും വിപരീത പരിതസ്ഥിതിയിൽ, പ്രതിസന്ധിഘട്ടങ്ങളിലാകെ, എങ്ങനെ ആത്മവിശ്വാ സത്തോടെ, പരിപക്വമായ മനസ്സോടെ അത്തരം സന്ദർഭങ്ങളെ നേരിടണമെന്ന് രാമൻ നമുക്ക് കാണി ച്ചുതരുന്നു.

അതുകൊണ്ടുതന്നെയാണ് മഹാത്മാഗാന്ധി തന്റെ അവസാന ശ്വാസത്തിലും "ഹേ രാം" എന്ന് ഉച്ചരിച്ച ത്. അദ്ദേഹത്തിന്റെ സ്വപ്നത്തിലെ ഇന്ത്യ രാമരാജ്യ മായിരിക്കാൻ കാരണവും അതായിരുന്നു. പ്രജ കൾക്ക് രാജാവിലുള്ള അചഞ്ചലമായ വിശ്വാസ

ത്തിൻ, സംശയത്തിന്റെ ഒരു ചെറുകണികപോലും അവശേഷിക്കാൻ പാടില്ല എന്നതാണ് രാജധർമ്മമെന്ന് ലോകത്തിന് രാമൻ തന്റെ ജീവിതത്തിലൂടെ കാട്ടിക്കൊടുത്തു.

ശ്രീരാമനോട് വനത്തിലേക്കു പോകാൻ ആവശ്യപ്പെടുന്ന അച്ഛനെ ബന്ധനസ്ഥനാക്കി, അങ്ങയുടെ രാജ്യാഭിഷേകം ഞാൻ നടത്താൻ തയ്യാറാണെന്നു പറയുന്ന ലക്ഷ്മണന് ശ്രീരാമൻ കൊടുക്കുന്ന ഉപദേശം ഇന്നും, നാളെയും അത് പ്രസക്തമാണ്. അതുകൊണ്ടുതന്നെയാണ് സനാദന ധർമ്മം ചിരപുരാതനവും നിത്യനൂതനവുമായി ഇന്നും പരിലസിക്കുന്നത്.

ലക്ഷ്മണോപദേശത്തിൽ രാമൻ പറയുന്നതു കേൾക്കൂ...

"ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം
വേഗന നഷ്ടമാമായുസ്സുമോർക്ക നീ.
വഹ്നിസന്തപ്ത ലോഹസ്ഥാംബുബിന്ദുനാ
സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം
ചക്ഷുഃശ്രവണഗളസ്ഥമാം ധർദ്ദൂരം
ഭക്ഷണത്തിന്നപേക്ഷിക്കുന്നതുപോലെ
കാലാഹിനാ പരിഗ്രസ്തമാം ലോകവു-
മാലോലചേതസാ ഭോഗങ്ങൾ തേടുന്നു,
പുത്രമിത്രാർത്ഥകളത്രാദിസംഗമ-
മെത്രയുമല്പകാലസ്ഥിതമോർക്കനീ
പാന്ഥർ പെരുവഴിയമ്പലം തന്നിലെ
താന്തരായ് കൂടി വിയോഗം വരുമ്പോലെ
നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾപോലെയു-
മെത്രയും ചഞ്ചലമാലയസംഗമം
ലക്ഷ്മയുമസ്ഥിരയല്ലോ മനുഷ്യർക്കു
നില്ക്കുമോ യൗവനവും പുനരധ്രുവം?
സ്വപ്നസമാനം കളത്രസുഖം നൃണാ-
മല്പമായുസ്സും നിരൂപിക്ക ലക്ഷ്മണാ!
രാഗാദിസങ്കുലമായുള്ള സംസാര-
മാകെ നിരൂപിക്കിൽ സ്വപ്നതുല്യം സഖേ!

സാമാന്യമായ അർഥത്തിൽ പറഞ്ഞാൽ രാമൻ ലക്ഷ്മണനു കൊടുക്കുന്ന ഉപദേശം, ജീവിതത്തിൻരെ നശ്വരതയെപ്പറ്റിയാണ്, ഹെ ലക്ഷ്മണ, എല്ലാ ജീവിത സുഖങ്ങളും നശ്വരമാണ്, അത് ക്ഷണംമാത്രയിൽ മാഞ്ഞുപോകുന്നതാണ്, ഏതുപോലെയെന്നു വച്ചാൽ ചുട്ടുപഴുത്തിരിക്കുന്ന ലോഹത്തിലേക്കു വീഴുന്ന ജലകലം പോലെയാണത്. ഒരു പാമ്പിന്റെ വായിലകപ്പെട്ട തവള, പാമ്പിന്റെ വായിലിരുന്നുകൊണ്ട്

ഇരപിടിക്കുന്നതുപോലെയാണീ ജീവിതം. മക്കളും കൊച്ചുമക്കളുമൊക്കെ അല്പകാലത്തേക്കാണ്. യാത്രക്കാർ അന്തിയുറങ്ങുന്ന വഴിയമ്പലം പോലെയാണ് ഈ ശരീരവും, ഇത് ഉപേക്ഷിച്ചുപോകേണ്ടിവരും. നീർക്കുമിളക്ക് സമാനവും, നദികളിലൂടെ ഒഴുകുന്ന തടിക്കഷണങ്ങൾ പോലെയുമാണിത്. സ്വപ്നസമാനമാണ്, ഭാര്യ ഭർത്തൃജീവിതം, യൗവ്വനമോ ഐശ്വര്യമോ എക്കാലത്തും നിലനില്ക്കുന്നതല്ല - അതുകൊണ്ട് ലക്ഷ്മണാ നീ ജീവിതയാഥാർഥ്യത്തെ



തിരിച്ചറിയണം എന്നതായിരുന്നു. ജീവിതത്തിന്റെ വലിയ പ്രതിസന്ധിയിൽ ലക്ഷ്മണനു കൊടുത്ത ഉപദേശം.

ഇങ്ങനെ എത്രയെത്ര സുന്ദരമുഹൂർത്തങ്ങളാണ് രാമായണം നമുക്ക് തന്നിട്ടുള്ളത്. പക്ഷെ നമുക്ക് അത് പഠിക്കാൻ ഭാഗ്യം സിദ്ധിച്ചില്ല. എന്നാൽ ഇന്നും ആക്ഷേപഹാസ്യമായി അവതരിപ്പിക്കാൻ ഇസവും, പക്ഷവും കൂട്ടിക്കുഴച്ച് ചർവ്വണം ചെയ്യുന്നവർ ധാരാളമുണ്ടുതാനും.

ഹനുമാൻ ചിരംജീവിയാണ്. ഹനുമാനുള്ളിടത്തോളം കാലം രാമമന്ത്രവും, രാമമന്ത്രമുള്ളിടത്തോളം ഹനുമാനും രാമഭക്തന്മാരും ലോകമാകെ ഉണ്ടാവുകതന്നെ ചെയ്യും.

ഇന്ന് പ്രാണപ്രതിഷ്ഠ നടക്കുമ്പോഴും ഏതെങ്കിലുമൊരു വിഭാഗത്തിനെതിരെയുള്ള വിജയമല്ല ഇത്, മറിച്ച് മാനവരാശിയുടെ ആകെ പുരോഗതിയുടെ പ്രാണപ്രതിഷ്ഠയാണ് നടക്കുന്നത്.

ഭാരതീയ മസ്ദൂർ സംഘം എന്ന തൊഴിലാളി സംഘടന 1955-ൽ ആരംഭിച്ചത് ഈ നാടിന്റെ ദേശീയതയുടെ മടിത്തട്ടിലാണ്. ആ അർത്ഥത്തിൽ ശ്രീരാമൻ ദേശീയതയുടെ, മാനവികതയുടെ സനാദനധർമ്മത്തിന്റെ ഏറ്റവും വലിയ പ്രതീകമാണ്. ആയിരക്കണക്കിനു തൊഴിലാളികളാണ് രാമക്ഷേത്രത്തിനു വേണ്ടി വിയർപ്പൊഴുക്കിയത്. അവരെ ഏവരേയും ഭാരതീയ മസ്ദൂർസംഘം സംസ്ഥാന സമിതി ഏറെ ആദരവോടെ പാദനമസ്കാരം ചെയ്യുന്നു. രാമക്ഷേത്ര ഉദ്യമത്തിൽ ജീവൻ വെടിഞ്ഞ, കൊല്ലപ്പെ

ട്ട ലക്ഷാവധി മനുഷ്യരുണ്ട്, അവർ രാമസേവകരായിരുന്നു, അവരുടെ ഓർമയ്ക്കു മുമ്പിൽ പ്രണമിക്കുന്നു.

**അയോദ്ധ്യ**

അയോദ്ധ്യ സ്ഥാപിച്ചത് മനുവാണ്. 12 x 3 യോജനയായിരുന്നു വിസ്തൃതി. ലവകുശന്മാരുടെ തലസ്ഥാനമായിരുന്നു അയോദ്ധ്യ. ഇന്ന് രാജ്യത്ത് നിലനില്ക്കുന്ന പഞ്ചായത്ത് സംവിധാനം – നികുതിഘടന – പോലീസിംഗ് – പ്രത്യേകിച്ച് ചാരപ്രവർത്തനം – കാർഷികനയം തുടങ്ങി പല പരിഷ്ക്കാരങ്ങൾക്കും തുടക്കംകുറിച്ചത് ശ്രീരാമന്റെ കാലത്താണ്.

എഡി 1528–ൽ ബാബർ അയോദ്ധ്യയിലെ ക്ഷേത്രം തകർത്തു. തുടർന്ന് ഇന്നോളം പുനർനിർമ്മാണത്തിനുവേണ്ടിയുള്ള പാതയിലായിരുന്നു രാമഭക്തർ – പ്രക്ഷോഭത്തിന്റെ നാൾവഴികൾ വിസ്താരഭയത്താൽ ഒഴിവാകുന്നു.

* 1989 ഡിസംബർ 5 മുതൽ 1991 ജൂൺ 24 വരെ ഉത്തർപ്രദേശ് മുഖ്യമന്ത്രിയായിരുന്ന മുലായം സിംഗിന്റെ കാലത്ത് കർസേവകരായെത്തിയവരെ, നിർദ്ദാക്ഷിണ്യം വെടിവെച്ചുകൊന്നു. നൂറുകണക്കിന് രാമഭക്തരുടെ ചോരചിന്തി, അയോദ്ധ്യ രക്തപങ്കിലമായി.

* 1992 ഡിസംബർ 6ന് മിനാരങ്ങൾ തകർക്കപ്പെട്ടു.

* ഒടുവിൽ അയോദ്ധ്യാതർക്കത്തിന് ശാശ്വത പരിഹാരമുണ്ടാക്കിക്കൊണ്ട് 9–11–2019ൽ സുപ്രീംകോടതി വിധിവന്നു.

ബഹു. രൻജൻ ഗോഗോയ് – ചീഫ് ജസ്റ്റിസ് ശരത് അരവിന്ദ് ബോബ്ഡേ ഇന്നത്തെ ചീഫ് ജസ്റ്റിസായ ഡി.വൈ. ചന്ദ്രചൂഡ്, അശോക് ഭൂഷൺ, എസ്. അബ്ദുൽ നസീർ

എന്നിങ്ങനെ അഞ്ചുപേരടങ്ങുന്ന ഫുൾബെഞ്ചിന്റേതായിരുന്നു വിധി. വിധി ഐകകണ്ഠേന – ഇതായിരുന്നു എന്ന് വിധിന്യായത്തിൽ പ്രത്യേകം ചേർത്തിട്ടുണ്ട്.

When the Five-Judge bench sat to deliberate on the judgement as we all do before a judgement is pronounced, we all decided unanimously that this will be judgement of the court and "There fore, there was no authorship ascribed to any individual judge'....." (CJI)

വിധിന്യായത്തിൽ, ജഡ്ജിമാർ കണ്ടെത്തിയ വിവരങ്ങൾ വളരെ വിശദമായി 1045 പേജ് വരുന്ന വിധിന്യായത്തിൽ പറയുന്നുണ്ട്.

* ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ കണ്ടെത്തൽ, പള്ളിയല്ല ഇത് ക്ഷേത്രമായിരുന്നു എന്നത് കോടതി അംഗീകരിച്ചു (ചരിത്ര ഗവേഷകർ തെളിവുകൾ ഹാജരാക്കിയിരുന്നു)

* അലിഗർ യൂണിവേഴ്സിറ്റിയിലെ ചരിത്ര സംബന്ധിയായ ലിഖിത രേഖകൾ (At the highest, this report can be taken as an opinion )

* ബാബറി മസ്ജിദ് – അവകാശപ്പെടുന്ന ഉത്തർപ്രദേശ് സുന്നി വഹഫ് ബോർഡ് ബന്ധപ്പെട്ട തെളിവുകൾ ഹാജരാക്കുന്നതിൽ പരാജയപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, അവരുടെ ആവശ്യങ്ങൾ കോടതി നിരാകരിച്ചു.

**2024 ജനുവരി 22 അയോദ്ധ്യയിലെ പ്രാണപ്രതിഷ്ഠാ ചടങ്ങു നടക്കുമ്പോൾ, ദൂരെയാണെങ്കിലും നമ്മുടെ ഹൃദയത്തിലും ഒരുപിടി അക്ഷതം നമുക്കു കരുതിവയ്ക്കാം.**

* 1510–ൽ ആദ്യ സിക്ക് ഗുരു, ഗുരുനാനാക്ക് ക്ഷേത്ര ദർശനം നടത്തിയതായി തെളിയിക്കപ്പെട്ടിട്ടുണ്ട്.

* 1857 മുതൽ പ്രത്യേക സിക്ക് വിഭാഗമായ നിഹാദ് വിഭാഗം പൂജ നടത്തിയതായി രേഖയുണ്ട്.

* 1856–57–ൽ തന്നെ അവിടെ ശ്രീരാമന്റെ പ്രതിഷ്ഠയുണ്ടായിരുന്നെന്നും, അതിന് ചുറ്റും സ്റ്റീൽ റെയ്ൽ സ്ഥാപിച്ചിരുന്നതായും കണ്ടെത്തി.

* ഈ പശ്ചാത്തലത്തിൽ തർക്കസ്ഥലം വിഭജിക്കണമെന്ന 2010–ലെ അലഹബാദ് കോടതിവിധി തള്ളിക്കളയുകയും താഴെ പറയുന്ന തീരുമാനങ്ങൾ പ്രഖ്യാപിക്കുകയും ചെയ്തു.

* രാമക്ഷേത്രനിർമ്മാണത്തിന് സർക്കാർ ട്രസ്റ്റ് രൂപീകരിക്കണം. അതിൽ കേസ്സിനുപോയ നിർമ്മോഹ് അഘാഡയേയും ഉൾപ്പെടുത്തണം.

* രാമക്ഷേത്ര ട്രസ്റ്റിന് 2.77 ഏക്കർ സ്ഥലവും പള്ളി പണിയാൻ ഉത്തർപ്രദേശ് സുന്നി വഖഫ് ബോർഡിന് 5 ഏക്കർ സ്ഥലവും അനുവദിച്ച് ഉത്തരവായി

രാജ്യത്തു നിലനില്ക്കുന്ന മതസൗഹാർദ്ദവും ജനാധിപത്യബോധവും ശാന്തതയും തകർക്കാനും വീണ്ടും അശാന്തി പടർത്താനും തീവ്രവാദശക്തികളും ഇടതുപക്ഷവരട്ടുചൊറിയൻ സിദ്ധാന്തക്കാരും ആവുന്നത്ര ശ്രമിച്ചു പരാജയപ്പെട്ടുവെങ്കിലും നാം കരുതിയിരിക്കണം. അവർക്ക് വേണ്ടത് ചോരയാണ്, അശാന്തിയാണ്.

2024 ജനുവരി 22 അയോദ്ധ്യയിലെ പ്രാണപ്രതിഷ്ഠാ ചടങ്ങു നടക്കുമ്പോൾ, ദൂരെയാണെങ്കിലും നമ്മുടെ ഹൃദയത്തിലും ഒരുപിടി അക്ഷതം നമുക്കു കരുതിവയ്ക്കാം. മുഹൂർത്ത സമയത്ത് നമുക്കും ദീപം തെളിയിച്ച് ഭാരതത്തിന്റെ ഭാവി ശോഭനമാക്കാം, ഈശ്വരകൃപ രാഷ്ട്രത്തിലും, സ്വന്തം ജീവിതത്തിലും കൊണ്ടുവരാം, ഏവർക്കും പ്രാണപ്രതിഷ്ഠാദിന ആശംസകൾ.

"പൂർവ്വം രാമതപോവനാനിഗമനം
ഹത്വാമൃഗം കാഞ്ചനം
വൈദേഹീഹരണം, ജടായുമരണം,
സുഗ്രീവ സംഭാഷണം
ബാലിനിഗ്രഹണം, സമുദ്രതരണം
ലങ്കാപുരിദഹനം – പശ്ചാൽ
രാവണകുംഭകർണ മദനം
ഏതസ്യ രാമായണം.

# ശ്രീരാമൻ ദേശീയതയുടെ പ്രതീകം



**ടി. വിജയൻ**

**ചൂ**ഷണരഹിതമായ ഒരു ലോകക്രമം രൂപീകരിക്കാൻ കമ്മ്യൂണിസത്തിനേ സാധിക്കൂ എന്നായിരുന്നു ഇടത് ചിന്തകന്മാരുടെ പൊതുധാരണ അവരെ ഞെട്ടിച്ചുകൊണ്ടാണ് 1987 ജൂലായ് 3ന് കമ്മ്യൂണിസ്റ്റ് റഷ്യയിലെ മോസ്കോയിൽ ക്രംലിന്റെ തിരുമുറ്റത്ത് ഭാരത് ഉത്സവത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചുകൊണ്ട് റഷ്യൻ ഭരണാധികാരി ഗോർബ്ബച്ചേവ് ഭഗവദ് ഗീതയിലെ വരികൾ ഉദ്ധരിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞത്: 'ലോകസമാധാനത്തിന് ഈ വാക്കുകൾ വളരെയധികം പ്രസക്തമാണ്.' ഭഗവദ്ഗീതയിലെ രണ്ടാമധ്യായം, 62, 63 ശ്ലോകങ്ങളായിരുന്നു അത്. 'വിഷയ വസ്തുക്കളെക്കുറിച്ച് ചിന്തിക്കുന്നവന്റെ മനസ്സിൽ ആദ്യമായി അതിനെ സംബന്ധിച്ച് സങ്കല്പമുദിക്കുകയും പിന്നീട് അതിനെ അനുഭവിക്കണമെന്ന ആഗ്രഹം ജനിക്കുകയും ചെയ്യുന്നു. തന്റെ ആഗ്രഹത്തിന് തടസ്സമുണ്ടാകുമ്പോൾ ക്രോധം ഉത്ഭവിക്കുന്നു. കോപം നിമിത്തം മോഹമുണ്ടാകുന്നു. അത് മൂലം വിസ്മൃതി സംഭവിക്കുന്നു. ഓർമ്മത്തെറ്റിൽ നിന്ന് ബുദ്ധിനാശവും ബുദ്ധിനാശത്തിൽ നിന്ന് സർവ്വനാശവും ഉണ്ടാകുന്നു. അതോടെ അവൻ മൃഗതുല്യനായി അധഃപതിക്കുന്നു.

ഇന്ന് കമ്മ്യൂണിസ്റ്റ് റഷ്യയില്ല. അതു തകർന്നടിഞ്ഞു. ഗോർബ്ബച്ചേവിന്റെ അന്നത്തെ വാക്കുകൾക്ക് ഇന്ന് പ്രസക്തി വർദ്ധിക്കുകയും ചെയ്തിരിക്കുന്നു. ഭഗവദ്ഗീതയിലെ തത്വചിന്ത ലോകരംഗത്ത് ഏറെ ചർച്ച ചെയ്യുകയും സ്വീകരിക്കപ്പെടുകയും ചെയ്യുന്നു. പ്രമുഖ ഭാരതീയ തത്വചിന്തകനും ഭാരതത്തിന്റെ മുൻരാഷ്ട്രപതിയുമായ ഡോ.എസ്. രാധാകൃഷ്ണൻ 'ഹിന്ദുവേ ഓഫ് ലൈഫ്' എന്ന പുസ്തകത്തിൽ ഹിന്ദുധർമ്മത്തെക്കുറിച്ച് പറഞ്ഞതിങ്ങനെയാണ്: ' അത് ഒരു പ്രസ്ഥാനമാണ്. സ്ഥാനമല്ല. ഒരു പ്രക്രിയയാണ്, ഫലമല്ല. വികസ്വരമായ പാരമ്പര്യമാണ്. സ്ഥിരമായ വെളിപാടല്ല. ഭാവിയിൽ ചിന്താമണ്ഡലത്തിലോ ചരിത്രത്തിലോ ഉയർന്നുവരാവുന്ന ഏതു അടിയന്തരഘട്ടത്തിലും സമശീർഷമായി നിലക്കൊള്ളാൻ കഴിയുമെന്ന് കഴിഞ്ഞ കാലചരിത്രം നമ്മെ വിശ്വസിക്കാൻ പ്രേരിപ്പിക്കുന്നു' ഗോർബച്ചേവിന്റെയും ഡോ.രാധാകൃഷ്ണന്റെയും വാക്കുകൾ ഏറെ പ്രസക്തമാക്കുന്നത് അയോധ്യയിലെ ശ്രീരാമക്ഷേത്രത്തിന്റെ പ്രാണപ്രതിഷ്ഠയ്ക്കു വേണ്ടി രാജ്യവും ജനതയും തയ്യാറെടുത്തുകൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിലാണ്.

ഹിന്ദുധർമ്മം ലോകത്തിനു നൽകുന്ന ഏറ്റവും വിലപ്പെട്ട സംഭാവന സമാധാനവും സർവ്വധർമ്മ സമഭാവനയും സാമൂഹിക സമരസതയുമാണ്. 'രാമോ വിഗ്രഹവാൻ ധർമ്മഃ' എന്നാണ് വാത്മീകി മഹർഷിയ്ക്ക് നാരദമഹർഷി നൽകിയ ഉപദേശം. രാമന്റെ ജീവിതവും അതാണ്. നമ്മുടെ ഭൂതകാലത്തെക്കുറിച്ച് അവജ്ഞയോടെ മാത്രം ചിന്തിക്കുന്ന, അത്തരം ചിന്താശേഷിക്ക് കാരണമായ പരകീയ വിദ്യാഭ്യാസത്തിന്റെ ഉല്പന്നങ്ങളായ ചരിത്രകാരന്മാർക്കും ചിന്തകർക്കും ഇത് ഉൾക്കൊള്ളാൻ പ്രയാസമായിരിക്കും. ലോകപ്രശസ്ത ചരിത്രകാരനായ എ.എൽ.ബാഷാം പറഞ്ഞത് 'ഏഷ്യയുടെ മുഴുവൻ ആധ്യാത്മിക ജീവിതത്തെ ഗാഢമായി സ്വാധീനിക്കുകയും ദക്ഷിണ പൂർവ്വേഷ്യയിലെ മുഴുവൻ സാംസ്കാരിക ഘടനയേയും രൂപപ്പെടുത്തുകയും പ്രത്യക്ഷമായോ പരോക്ഷമായോ ലോകമെമ്പാടും സ്വാധീനം വ്യാപിപ്പിക്കുകയും ചെയ്തിട്ടുള്ള ഒന്നാണ് ഭാരതീയ സംസ്കാരം.' 'ഇന്ത്യാചരിത്രാവലോകനം' എന്ന ഗ്രന്ഥത്തിൽ സർദാർ കെ.എം.പണിക്കർ ഉന്നയിച്ച ഒരു ചോദ്യമുണ്ട്. ''ഒരു നൂറ്റാണ്ട് കാലത്തെ

പരിശ്രമഫലമായി നാം ഉജ്ജീവിപ്പിച്ചതും പുതിയ ആശയാദർശങ്ങളുടെ സാത്മീകരണം കൊണ്ട് ശക്തിപ്പെടുത്തിയതുമായ ചേതനയോടു കൂടി ഒരു പുതുയുഗത്തിന്റെ ചവിട്ടുപടിയിൽ നിന്നുകൊണ്ട് ഇന്ന് ഭാരതം ലോകത്തെ അഭിമുഖീരിക്കുകയാണ്. അവളുടെ മുമ്പിലുള്ള മഹത്തായ പ്രശ്നം ഇതാണ്: ''ആയിരം വർഷങ്ങളിലെ അഖണ്ഡ പാരമ്പര്യത്തിലൂടെ ആരംഭിച്ചിട്ടുള്ള പൈതൃകത്തെ കൂടുതൽ ഉന്നതമായ മേഖലകളിലേക്ക് കൊണ്ടെത്തിക്കാൻ അവൾക്ക് കഴിയുമോ?'' ഈ ചോദ്യത്തിനുള്ള ഉത്തരമാണ് രാമജന്മഭൂമിയിലെ പ്രാണപ്രതിഷ്ഠാ ചടങ്ങ്: ലോകം മുഴുവൻ യുദ്ധത്തിന്റെയും അസഹിഷ്ണുതയുടെയും സമാധാനഭംഗത്തിന്റെയും വിനാശത്തിലേയ്ക്ക് നീങ്ങുമ്പോഴാണ് ഭാരതം രാമക്ഷേത്രപ്രാണപ്രതിഷ്ഠയിലൂടെ അതിന്റെ ആദ്ധ്യാത്മിക സന്ദേശം ലോകത്തിനു നൽകുന്നത്.

ഇതുകേവലം ഒരു ക്ഷേത്രപ്രതിഷ്ഠയോ മതപരമായ ചടങ്ങോ അല്ല. ലോകത്തിനായി ഭാരതത്തിനു നൽകാനുള്ള കാലഘട്ടത്തിന്റെ ആഹ്വാനമാണ്.


ഹിന്ദുവിനെ കേവലം മതമായി താഴ്ത്തിക്കാണുന്നവരാണ് രാമജന്മസ്ഥാനത്തിൽ വർഗ്ഗീയം കാണുന്നത്. 1977 (1) MLJS എന്ന കേസ്സിൽ സുപ്രീം കോടതി ചീഫ് ജസ്റ്റിസ് എ.എൻ.റോയ്, ജസ്റ്റിസുമാരായ എം.എച്ച്.ബേഗ്, ആർ.എസ്. സർക്കാരിയ, പി.എൻ.സിംഗാൾ, ജസ്വന്ത് സിംഗ് എന്നിവരുടെ ബഞ്ച് വിധിച്ചത് ഹിന്ദുയിസം എന്നാൽ ഭാരതത്തിന്റെ ജീവിത രീതിയാണെന്നാണ്. അതുതന്നെയാണ് ഭാരതത്തിന്റെ ദേശീയതയും. സി.



**"സാംസ്കാരികമായ ഒരു ഐക്യം, തങ്ങൾ ഒരേ പാരമ്പര്യത്തിന്റെ സന്തതികളാണെന്ന ബോധം വളരെ പണ്ടുകാലം മുതൽ ഭാരതീയർക്കുണ്ടായിരുന്നു. സർദാർ കെ.എം.പണിക്കർ അദ്ദേഹത്തിന്റെ 'ഇന്ത്യചരിത്രസർവ്വേ' എന്ന പുസ്തകത്തിൽ ഈ വസ്തുത ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ സാംസ്കാരിക ഐക്യത്തിന് സഹായിച്ച ഒരു കാരണം ഹൈന്ദവ വിശ്വാസമാണെന്നു തോന്നുന്നു."**

- സി.അച്യുതമേനോൻ

പി.ഐ നേതാവും മുൻകേരളമുഖ്യമന്ത്രിയുമായ സി. അച്യുതമേനോൻ വ്യക്തമായി പറയുന്നു. ''സാംസ്കാരികമായ ഒരു ഐക്യം. തങ്ങൾ ഒരേ പാരമ്പര്യത്തിന്റെ സന്തതികളാണെന്ന ബോധം വളരെ പണ്ടുകാലം മുതൽ ഭാരതീയർക്കുണ്ടായിരുന്നു. സർദാർ കെ.എം.പണിക്കർ അദ്ദേഹത്തിന്റെ 'ഇന്ത്യചരിത്രസർവ്വേ' എന്ന പുസ്തകത്തിൽ ഈ വസ്തുത ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ സാംസ്കാരിക ഐക്യത്തിന് സഹായിച്ച ഒരു കാരണം ഹൈന്ദവ വിശ്വാസമാണെന്നു തോന്നുന്നു.'' (1984 ഒക്ടോബർ മാസത്തെ കാരിയർ മാഗസിനിൽ എഴുതിയ ലേഖനം.) ''ഈ ഐക്യത്തെ ബലപ്പെടുത്താൻ വേദോപനിഷത്ത് സാഹിത്യവും അതിലടങ്ങിയ ദർശനവും അതിനേക്കാളേറെ ഇതിഹാസപുരാണാദികളും പ്രത്യേകിച്ച് രാമായണവും ഭാരതവും വളരെയേറെ സഹായിച്ചിട്ടുണ്ട്. ഈ കൃതികളുടെ മൂലം സംസ്കൃതത്തിലാണെങ്കിലും സംസ്കൃതത്തിലൂടെയല്ല അവ നാട്ടുഭാഷകളിൽ പ്രചരിച്ചത്''.... ''സാംസ്കാരിക ഐക്യത്തെ പ്രോത്സാഹിപ്പിച്ച മറ്റൊരു ഘടകമായിരുന്നു ഹിന്ദുക്കളുടെ ഇടയിൽ പണ്ടു മുതലേ നടപ്പായിരുന്ന തീർത്ഥയാത്രകൾ. പുണ്യനഗരമായ കാശിയും അങ്ങ് വടക്കു പടിഞ്ഞാറു കാശ്മീരിലെ അമർനാഥ് ഗുഹവരെയും വടക്കു ഋഷികേശവും ബദരിനാഥും തെക്കു രാമേശ്വരവും കന്യാകുമാരിയും തന്റെ രാജ്യത്തിന്റെ ഭാഗങ്ങളാണെന്ന ബോധം ഹിന്ദുക്കൾക്കുണ്ടായിരുന്നു. ശ്രീശങ്കരാചാര്യരുടെ ഏറ്റവും വലിയ നേട്ടങ്ങളിലൊന്ന് ഇന്ത്യയുടെ നാലറ്റങ്ങളിലായി നാലു പ്രധാനമഠങ്ങൾ അദ്ദേഹം സ്ഥാപിച്ചതായിരുന്നല്ലോ (അതേ മാസികയിലെ അദ്ദേഹത്തിന്റെ ലേഖനം) തന്റെ ലേഖനം സി.അച്യുതമേനോൻ അവസാനിപ്പിക്കുന്നത് 'ഒരു നൂറ്റാണ്ടിലേറെ കാലത്തെ ചരിത്രമുള്ള ആ ഐക്യം എങ്ങനെയാണ് പിന്നെ മിഥ്യയായിത്തീരുന്നത്. ഇന്ത്യൻ ദേശീ


Part III

Fundamental Rights

General

യത ആ യാഥാർത്ഥ്യം തന്നെയാണ്.' എന്നു തറപ്പിച്ചു പറഞ്ഞുകൊണ്ടാണ്.

ബ്രിട്ടീഷ് ഭരണത്തോടെ ഭാരതദേശീയത ബ്രിട്ടീഷുകാരന്റെ സംഭാവനയാണെന്നും അതിനു മുമ്പു ഭാരതം ഒന്നായിരുന്നില്ല എന്നുമുള്ള പ്രചരണം ആസൂത്രിതമായി നടത്തിയതിന്റെ ഫലമായി ദേശീയത സംബന്ധിച്ച വികലമായ കാഴ്ചപ്പാടുകളാണു നാം പിന്തുടർന്നു വന്നത്. ഇതിന്റെ ഫലമാണ് രാമജന്മഭൂമിയിൽ പള്ളിവേണം എന്ന വാദം. ദേശീയതയുടെ പ്രതീകമായ രാമൻ വർഗ്ഗീയതയാണെന്ന പ്രചരണവും ഇതിന്റെ ഭാഗം തന്നെ. വിദേശ അധിനിവേശത്തിന്റെ പ്രതീകങ്ങളും അതിനോടുള്ള അടിമത്ത മനോഭാവവും കഴുകിക്കളയുമ്പോഴാണ് യഥാർത്ഥ ദേശീയ ബോധം തിളക്കമാർന്നുവരിക. ഇതാണ് അയോധ്യയിലെ പ്രാണപ്രതിഷ്ഠയുടെ പ്രാധാന്യം വർദ്ധിപ്പിക്കുന്നത്.

1949 നവംബർ 26ലെ അലഹബാദ് ഹൈക്കോടതിയുടെ ലഖ്നോ ബഞ്ചിലെ ജസ്റ്റിസ് എച്ച്.എൻ തിൽഹാരിയും ജസ്റ്റിസ് എ.എൻ ഗുപ്തയും നൽകിയ 60 പേജുള്ള വിധിയിൽ "രാമൻ ഭരണഘടനാപരമായി നിലനില്പുള്ളതും ദേശീയ സംസ്കാരത്തിന്റെയും കെട്ടുറപ്പിന്റെയും അംഗീകരിക്കപ്പെട്ട യാഥാർത്ഥ്യവുമാണെന്നും മിഥ്യയല്ലെന്നും'' വിധിച്ചിരുന്നു. ഭരണഘടനയുടെ ആദ്യപ്രതിയിൽ ശ്രീരാമന്റെ ചിത്രമുണ്ടെന്നതാണ് ജഡ്ജിമാർ ചൂണ്ടിക്കാട്ടിയ വസ്തുത. ശ്രീരാമൻ ദേശീയവ്യക്തിയാണെന്നും അതിനാൽ ആദരിക്കപ്പെടേണ്ട ദേശീയ സാംസ്കാരിക പൈതൃകമാണെന്നും തീർത്തു പറഞ്ഞിട്ടുണ്ട്.

ഭാരതീയ സംസ്കാരത്തിൽ അടിയുറച്ച ദേശീയ സ്മാരകങ്ങൾ സ്വതന്ത്രഭാരതത്തിൽ ഉയർന്നു വരുന്നത് ആദ്യമല്ല. സോമനാഥത്തിലെ ജ്യോതിർലിംഗ ക്ഷേത്രം ഉയർന്നു വന്നത് സർദാർപട്ടേലിന്റെയും രാഷ്ട്രപതി രാജേന്ദ്രപ്രസാദിന്റെയും മറ്റും പരിശ്രമഫലമായാണ്. കന്യാകുമാരിയിലെ വിവേകാനന്ദ ശിലാസ്മാരകമാണ് മറ്റൊരു ദേശീയ സ്മാരകം. പൂർവ്വകാലത്തെക്കുറിച്ച് ലജ്ജിക്കുന്ന രാഷ്ട്രത്തിനു ഭാവിയില്ല എന്നും ദേശീയ പുരുഷന്മാരിൽ അഭിമാനിക്കുന്നവർ രാജ്യത്തെ ഉന്നതിയിലേക്ക് നയിക്കുമെന്നും സ്വാമി വിവേകാനന്ദൻ പറഞ്ഞിട്ടുണ്ട്. കന്യാകുമാരിയിലെ ശിലാസ്മാരകം പോലെ ദേശീയ സ്മാരകമായി ഓരോ ഭാരതീയനും നാളെ തീർത്ഥയാത്ര ചെയ്യാവുന്ന പുണ്യസങ്കേതമായി അയോധ്യയിലെ രാമക്ഷേത്രം മാറുമെന്ന് 1993 ജനുവരി 8, 9 തീയതികളിലെ ഇന്ത്യൻ എക്സ്പ്രസ് പത്രത്തിൽ ഭാരതീയ വിചാരകേന്ദ്രം ഡയറക്ടർ പി. പരമേശ്വരൻ (20 വർഷം മുമ്പ്) ദീർഘദർശനം ചെയ്തിരുന്നു. അതാണ് 2024 ജനുവരി 22ന് യാഥാർത്ഥ്യമാകാൻ പോകുന്നത്.

■

# രാമ ജന്മസ്ഥാൻ തൊഴിലാളിയുടെ കരുത്ത്





**ബിജു. വി**
9074298044

**1947** ഓഗസ്റ്റ് 15 ഭാരതത്തിന്റെ മറ്റൊരു യുഗപ്പിറവി ആയിരുന്നു. ബ്രിട്ടീഷ് മേധാവിത്തത്തിന്റെ യൂണിയൻ ജാക് വലിച്ചു താഴ്ത്തി നാനാത്വത്തിൽ ഏകത്വം ദർശിക്കുന്ന മൂവർണ്ണക്കൊടി വാനിലുയർന്നു. അനേകം വൈദേശിക ആക്രമണങ്ങൾക്കും അടിച്ചമർത്തലുകൾക്കും ഭാരതം വിധേയമായിട്ടുണ്ടെങ്കിലും അതാതുകാലത്തുതന്നെ അതിൽ നിന്നെല്ലാം നമ്മുടെ നാട് മോചിതരായിട്ടുണ്ട്. 1947-ലെ യുഗപ്പിറവിക്ക് ശേഷം ആ സ്വാതന്ത്ര്യത്തിന് ഇരട്ടി മധുരമായിരുന്നു. ആക്രമണകാരികളാൽ തകർക്കപ്പെട്ട സോമനാഥക്ഷേത്രത്തിന്റെ പുനർനിർമ്മിതി അതിലൊന്നാണ്. സർദാർ പട്ടേലിന്റെയും മറ്റും നേതൃത്വത്തിൽ നടത്തിയ ആ പുനർനിർമ്മിതി അയോദ്ധ്യയിലേക്കും മറ്റും നീളുമെന്ന് ഭാരതീയർ കരുതി. എന്നാൽ ബ്രിട്ടീഷ് അടിമത്തത്തിന്റെ യൂണിയൻ ജാക് മാത്രമേ ഇവിടെനിന്നു മാറ്റപ്പെട്ടിട്ടുള്ളൂയെന്നും ഭരണയന്ത്രത്തിൽ ഇപ്പോഴും അടിമത്തം തുടരുന്നുവെന്നും നിരവധി സംഭവങ്ങളിലൂടെ ഭരണാധികാരികൾ കാണിച്ചുതന്നു.

എന്നാൽ സ്വാതന്ത്ര്യത്തിന്റെ അമൃതമഹോത്സവം ആഘോഷിക്കുന്ന വേളയിൽ ഇതാ വീണ്ടുമൊരു യുഗപ്പിറവിക്ക് നാം സാക്ഷിയാകുകയാണ്. 1528 മുസ്ലീം അക്രമകാരിയായ ബാബറാൽ തകർക്കപ്പെട്ട രാമക്ഷേത്രം ഇതാ അത്യന്തം ശോഭയോടെ ജ്വലിച്ചുയരുകയായ്. ഗ്രഹണം മാറി അത്യുജ്ജ്വല ശോഭയോടെ സൂര്യൻ പുറത്തേക്ക് വരും



പോലെ ഓരോ ഭാരതീയ ന്റെയും ഹൃദയത്തിൽ കുടി കൊള്ളുന്ന രാമമന്ത്രത്തിന്റെ ശക്തി അടിമത്തത്തെ തൂത്തെറിയുന്നു.

അയോദ്ധ്യയെന്നാൽ ആർക്കും അക്രമിക്കാനാവാത്തത്, തകർക്കാനാവാത്തത് എന്നൊക്കെയാണ് അർത്ഥം. അതുതന്നെ അയോദ്ധ്യയെന്ന് ഓരോഘട്ടത്തിലും രാമജന്മഭൂമിയുടെ ചരിത്രം നമ്മെ ഓർമ്മപ്പെടുത്തുന്നു. സാക്ഷാൽ മനുമഹാരാജാവ് സ്ഥാപിച്ചതാണ് കോസലരാജ്യതലസ്ഥാനമായ അയോദ്ധ്യ. സൂര്യവംശരാജാക്കന്മാരുടെ തലസ്ഥാനം. രാമപുത്രനായ ലവൻ ആണ് ഇവിടെ രാമക്ഷേത്രം പണികഴിപ്പിച്ചത് എന്നും കരുതുന്നു. പിന്നീട് വിക്രമാദിത്യനും മറ്റും പുനർനിർമ്മിച്ചതുമാണ്. 2024 ജനുവരിയിൽ വീണ്ടും മറ്റൊരു പുനർനിർമ്മിക്കൽ നടത്തി പ്രതിഷ്ഠം നടത്തുന്നു.

ലോകപ്രശസ്തമായ ഭാരതീയ നിർമ്മിതികളിൽ തെളിഞ്ഞുകാണുന്നത് നമ്മുടെ വാസ്തുവിദ്യയും വിശ്വകർമ്മരുടെ കരവിരുതുമാണ്. അഥവാ അതാണ് യഥാർത്ഥ എഞ്ചിനീയറിംഗ് വൈദഗ്ധ്യം എന്ന് തന്നെ കാണാം. പ്രപഞ്ച സ്രഷ്ടാവായ വിശ്വകർമ്മദേവൻ സ്വയംഭൂവും ചിരഞ്ജീവിയുമാണ്. രാമായണത്തിൽതന്നെ വിശ്വകർമ്മദേവന്റെയും മകളുടെയും പ്രാധാന്യവും അവരുടെ പ്രവർത്തനവും നമുക്ക് കാണാവുന്നതാണ്. ഭാരതീയ നിർമ്മിതി രംഗത്തിന്റെ അടിസ്ഥാന ദേവതയും വിരാട് വിശ്വകർമ്മദേവൻ തന്നെ. സീതാന്വേഷണകാലത്ത് രാമേശ്വരത്തെത്തിയ ശ്രീരാമചന്ദ്രൻ രാമേശ്വരം പ്രതിഷ്ഠ നടത്തുകയും ലങ്കയിലേക്കുള്ള പാലം നിർമ്മിക്കുകയുമുണ്ടായി. ദേവശില്പിയായ വിശ്വകർമ്മാവിന്റെ മകൻ നളന്റെ നേതൃത്വത്തിൽ ഇന്നും ശാസ്ത്രത്തിന് അന്യമായി നിൽക്കുന്ന സേതുബന്ധനം എത്രവലിയ എഞ്ചിനീയറിംഗ് നിർമ്മിതിയാണ്.

സമുദ്രത്തിൽ ചിറകെട്ടാനുള്ള പദ്ധതിയുടെ ആശയം വിഭീഷണനാണ് മുന്നോട്ട്വയ്ക്കുന്നത്. നളനെ മുഖ്യസ്ഥപതിയാക്കി (ചീഫ് എഞ്ചിനീയർ) കടലിനു കുറുകെ സേതു നിർമ്മിക്കുകയാണ് ഉണ്ടായത്. വാനരന്മാർ കല്ലും മരങ്ങളും എല്ലാമെത്തിച്ച് (100 യോജന) 5 ദിവസംകൊണ്ട് പൂർത്തിയാക്കിയ ലോകത്തിലെ എക്കാലത്തെയും വലിയ അദ്ഭുതം.

ദേശീയബോധമുള്ള നിർമ്മിതി സമൂഹം വിശ്വകർമ്മാവിനെ സൃഷ്ടിയുടെ ദേവനായ് കണ്ടു. കോടിക്കണ



ക്കിന് തൊഴിലാളികൾ ആ സങ്കല്പത്തിൽനിന്നുകൊണ്ട് അവരുടേതായ തൊഴിൽ മേഖലയിൽ വൈദഗ്ധ്യം തെളിയിക്കുന്നു. അതുതന്നെയാണ് ഭാരതത്തിന്റെ കരുത്ത്. അയോദ്ധ്യയിൽ നാഗരശൈലിയിലുള്ള വാസ്തുശാസ്ത്രരീതിയിൽ ഒരു മഹാക്ഷേത്രമാണ് പൂർത്തിയാകുന്നത്. പുതിയ ക്ഷേത്രത്തിന് ഏകദേശം 1000 വർഷം ലക്ഷ്യമിടുന്നു. നമ്മുടെ പൂർവ്വികരുടെ അദ്ഭുതസിദ്ധിയിൽ ഉയർന്നു നില്ക്കുന്ന അനേകായിരം ക്ഷേത്രങ്ങൾ, അക്കാലത്തെ ഏറ്റവും ഉയരമുള്ള തഞ്ചാവൂരിലെ ബൃഹദീശ്വരക്ഷേത്രം അഥവാ ശ്രീരാജരാജേശ്വര ക്ഷേത്രം, (കുഞ്ചരമല്ലൻ രാജരാജപെരുംതച്ചനാണ് ക്ഷേത്രശില്പി), സമുദ്രനിരപ്പിൽനിന്നും താഴെ നിൽക്കുന്ന ലോകത്തിലെ ഏറ്റവും വലിയ ഇടനാഴിയോടുകൂടിയ രാമേശ്വരം ക്ഷേത്രം, മധുരമീനാക്ഷിക്ഷേത്രം, ചിദംബരത്തിലെ നാരാളക്ഷേത്രം അങ്ങനെ ഏതാണ്ട് 4,00,000ൽ പരം ക്ഷേത്രങ്ങൾ തമിഴ്നാട്ടിൽതന്നെയുണ്ട്. ഇവയെല്ലാം തന്നെ ഏതാണ്ട് 1000 വർഷവും അതിലധികവും പഴക്കമുള്ളവയാണ്. അതുകൊണ്ടാണ് രാമക്ഷേത്രത്തിനും സമാനമായ നിർമ്മാണ സാങ്കേതികവിദ്യയും മറ്റും ഉപയോഗപ്പെടുത്തുന്നത്.

എങ്ങനെയാണോ രാമസേതു നിർമ്മാണത്തിൽ രാമസൈന്യം മുഴുവൻ കൈമെയ് മറന്ന് നളനോടൊപ്പം പങ്കാളിയായത് അതിനെ അനുസ്മരിപ്പിക്കുന്ന രീതിയിലാണ് രാമജന്മഭൂമിയിലെ പ്രാണപ്രതിഷ്ഠയ്ക്കുള്ള ക്ഷേത്രനിർമ്മാണത്തിന് ദേശീയബോധമുള്ള വിശ്വകർമ്മാവിന്റെ പിൻമുറക്കാർ ഒത്തുചേർന്നത്. സാംസ്കാരികവും പൈതൃകവുമായ ഉയർത്തെഴുന്നേല്പിന് രാമക്ഷേത്ര നിർമ്മാണം സഹായകമാകും എന്ന കാര്യത്തിൽ ഒരു സംശയത്തിനും ഇടയില്ല. അത് നമ്മുടെ തൊഴിലാളികളിലും തൊഴിലിടങ്ങളിലുമൊക്കെ പ്രതിഫലിച്ചുകാണാം. അങ്ങ് കൈലാസത്തിലിരുന്ന് ശ്രീപരമേശ്വരൻ ഭാരതഭൂമിയാകെ പരിപാലിക്കുമ്പോൾ ഇങ്ങ് കന്യാകുമാരിയിൽ ഇരുന്ന് ആ നോട്ടത്തിലേക്ക് തന്റെ ശക്തിയെ പായിക്കുന്ന കന്യാകുമാരി ദേവിയും ഉള്ളിടത്തോളം കാലം നമ്മുടെ കണ്ഠങ്ങളിൽ നിന്ന് സൂര്യോദയത്തിലും അസ്തമനത്തിലും രാമമന്ത്രം ഉയർന്നുകൊണ്ടേയിരിക്കും. അതാണ് രാമജന്മഭൂമിയിൽ ഉയരുന്ന രാമക്ഷേത്രം. 1528 മുതൽ നടത്തിയ പോരാട്ടങ്ങളും ആയിരക്കണക്കിന് രാമഭക്തരുടെ ജീവാഹുതിയും ഒരിക്കലും വിഫലമാകില്ല. അതുതന്നെയാണ് രാമൻ നല്കുന്ന ശക്തി. രാമമന്ത്രം ഹൃദയത്തിൽ രാമക്ഷേത്രം അയോദ്ധ്യയിൽ.

ദേശീയബോധമുള്ള തൊഴിലാളികൾക്കും ഇത് അഭിമാനത്തിന്റെ നാളുകളാണ്. ഓരോ കൈയും അയോദ്ധ്യയ്ക്കായി ശില തീർക്കുമ്പോൾ ഓരോ യന്ത്രവും അതിന്റെ പൂർണ്ണതയ്ക്കായി ചലിക്കുന്നു. ഇതുതന്നെയാണ് ഭാരതത്തിലെ ദേശീയബോധമുള്ള തൊഴിൽ സമൂഹം. അവരുടെ ശക്തിയാണ് രാമമന്ത്രം. അവരുടെ കലാപൈതൃകമാണ് വിശ്വകർമ്മാവ്. സ്വാതന്ത്ര്യാനന്തരഭാരതം ഇനിയെങ്കിലും രാമരാജ്യമാകട്ടെ. ഗാന്ധിജിയുടെ സ്വപ്നം സാക്ഷാത്കരിക്കട്ടെ. ■

# ‘എങ്ങോ പുലരികൾ ശംഖൊലി മുഖരിതം എങ്ങോ രാമസ്തുതി കേൾപ്പൂ’

യുഗാബ്ദം 5125 പൗഷ ശുക്ല ദ്വാദശി സുദിനമായ 2024 ജനുവരി 22 ന് ഉച്ചക്ക് 12 നു ശേഷമുള്ള ശുഭമുഹൂർത്തത്തിൽ ബാലരാമൻ എന്ന രാമലല്ലയുടെ പ്രതിഷ്ഠാ ചടങ്ങ് അദ്ദേഹം ജനിച്ചുവീണ അയോദ്ധ്യയിലെ ജന്മസ്ഥാൻ ക്ഷേത്രത്തിൽ നടക്കാൻ പോവുകയാണ്. ചരിത്രത്തിലെ ഈ സുപ്രധാന മുഹൂർത്തത്തിൽ ഭാരതമൊട്ടാകെ ലഹരിയിലാവും. വൈദേശിക അധിനിവേശത്തിന്റെയും അടിമത്തത്തിന്റെയും ചിഹ്നങ്ങൾ തുടച്ചുനീക്കി സ്വതം വീണ്ടെടുക്കലിന്റെ പ്രഖ്യാപമാണീ ആഘോഷം.

അയോദ്ധ്യയിൽ പ്രാണപ്രതിഷ്ഠ നടക്കുന്ന ശ്രീരാമ ക്ഷേത്രം നിരവധി പ്രത്യേകതകൾ ഉള്ളതാണ്. പൗരാണിക നാഗരിക ശൈലിയിലാണ് നിർമ്മിതി. അതിന്റെ നീളം 380 അടിയും വീതി 250 അടിയും ഉയരം 161 അടിയുമാണ്. 20 അടി ഉയരമുള്ള മൂന്നു നിലകളുണ്ട്. അതിന് 392 തൂണുകളും 44 വാതിലുകളുമുണ്ട്. താഴെ നിലയിലുള്ള ഗർഭ ഗൃഹത്തിലാണ് രാംലല്ല വിഗ്രഹം . ഒന്നാം നിലയിൽ ശ്രീരാമ ദർബാർ ആണ്. കിഴക്ക് 32 പടികളുള്ള സിംഹദ്വാരത്തിലൂടെയാണ് പ്രവേശനം.സീതാ കൂപ്, വാത്മീകി,വസിഷ്ടൻ,ശബരി, അഹല്യ തുടങ്ങിയവർക്കുള്ള ക്ഷേത്രമുൾപ്പെടെ വലിയൊരു ക്ഷേത്രസമുച്ചയമാണിത്.

ഭാരതത്തിന്റെ ഏകതയുടെ പ്രതീകമായ തീർത്ഥാടനത്തിന് പുതിയൊരു കേന്ദ്രം കൂടി ഉയരുന്നു. അതിനേക്കാളേറെ ഭാരത ജനതയുടെ ആത്മാഭിമാനത്തിന്റെ പ്രതീകമായി അയോദ്ധ്യയിലെ ജന്മസ്ഥാൻ ക്ഷേത്രം എക്കാലത്തും പരിലസിക്കും. അയോദ്ധ്യയിൽ പൂജിച്ച അക്ഷതം ഇതിനകം രാജ്യത്തെ ഗ്രാമഗ്രാമാന്തരങ്ങളിലെ വീടുകളിൽ എത്തിക്കഴിഞ്ഞു. ഓരോ ഗ്രാമത്തിലെ ഓരോ ക്ഷേത്രത്തിലും ഓരോ വീടിലും പ്രാണപ്രതിഷ്ഠാ ദിനത്തിൽ ദീപാവലിയോടെ ഈ ആഘോഷം കൊണ്ടാടും.

# പ്രാണപ്രതിഷ്ഠാ ചടങ്ങിൽ കേരളവും പങ്കാളിയാകുന്നു

**കൊച്ചി** : അയോദ്ധ്യയിലെ ശ്രീരാമക്ഷേത്രത്തിന്റെ പ്രാണപ്രതിഷ്ഠ ചടങ്ങ് നടക്കുതിന്റെ മുന്നോടിയായി ജനുവരി 1 മുതൽ പതിനഞ്ചാം തിയതി വരെ കേരളത്തിലെ ഏകദേശം 11708 ഗ്രാമങ്ങളിലായി, ഒരു ഗ്രാമത്തിൽ 3 ബാച്ചുകൾ വീതം ഏകദേശം 36000 ബാച്ചുകൾ ഗൃഹസമ്പർക്കത്തിനായി തയ്യാറായി കഴിഞ്ഞതായി പ്രാണപ്രതിഷ്ഠ സംസ്ഥാന സംയോജക് വി.ആർ.രാജശേഖരൻ അറിയിച്ചു. ഏകദേശം അൻപത് ലക്ഷം ഹിന്ദു ഭവനങ്ങളിൽ അയോദ്ധ്യയിൽ പൂജിച്ച അക്ഷതവും, രാമക്ഷേത്രത്തിന്റെ ചിത്രവും , ക്ഷേത്രചരിതം അടങ്ങുന്ന ലഘുലേഖയുമായി മഹാസമ്പർക്ക യജ്ഞത്തിന് കേരളം തയ്യാറായെന്നും, ഇതിന്റെ ഭാഗമായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ഏകദേശം 10000 ൽ പരം പൗരപ്രമുഖരെയും സമ്പർക്കം ചെയ്യാനുള്ള ബാച്ചും തയ്യാറായി കഴിഞ്ഞതായും അദ്ദേഹം അറിയിച്ചു. ജനുവരി ആദ്യവാരം മുതൽ സമ്പർക്കം ആരംഭിച്ചു കഴിഞ്ഞു.


പ്രാണപ്രതിഷ്ഠ ചടങ്ങ് നടക്കുന്ന 2024 ജനുവരി 22നു രാവിലെ 11 മണി മുതൽ 2 മണി വരെയുള്ള ശുഭമുഹൂർത്തത്തിൽ കേരളത്തിലെ ചെറുതും വലുതുമായ ക്ഷേത്രങ്ങളിൽ പ്രത്യേക പൂജ , നാമജപയജ്ഞം, പ്രസാദ വിതരണം എന്നിവ നടത്തപ്പെടും. അന്നേ ദിവസം സന്ധ്യക്ക് കേരളത്തിലെ മുഴുവൻ വീടുകളിലും ക്ഷേത്രങ്ങളിലും സ്ഥാപനങ്ങളിലും ദീപക്കാഴ്ച ഒരുക്കുന്നതാണ്. സനാതന ധർമ്മത്തിന്റെ ആൾരൂപമായ മര്യാദാപുരുഷോത്തമൻ ശ്രീരാമചന്ദ്രന്റെ ജന്മസ്ഥലമായ അയോദ്ധ്യയിലെ രാമക്ഷേത്രത്തിന്റെ പ്രാണപ്രതിഷ്ഠ ചടങ്ങിന്റെ ഭാഗമാകണമെന്ന് എല്ലാ വിശ്വാസികളോടും ആദ്ദേഹം അഭ്യർത്ഥിച്ചു.





## അയോദ്ധ്യയിൽ നിന







## നുള്ള കാഴ്ചകൾ.......













# രാമവിഗ്രഹം കൊത്തുന്നതിലൂടെ ഞങ്ങൾ ചരിത്രം സൃഷ്ടിക്കുന്നു



അയോധ്യയിലെ ശ്രീരാമക്ഷേത്രത്തിലെ കൊത്തുപണിക്കായി വിവിധ സംസ്ഥാനങ്ങളിൽ നിന്ന് നിരവധി ശിൽപികൾ എത്തിയിരുന്നു. മാസങ്ങളായി അവർ വിഗ്രഹങ്ങൾ കൊത്തിയെടുക്കുന്ന പണിയിലാണ്. ഒഡീഷയിൽ നിന്ന് 150 ശില്പികളാണ് കൊത്തുവേലക്കെത്തിയത്. കഴിഞ്ഞ ഏഴു മാസമായി അവർ അയോധ്യയിലാണ്.

ശുഭം മഹാറാണ,ബാപ്പൻ മഹാറാണ,സുഭിത് മഹാറാണ എന്നിവർ ഇക്കൂട്ടത്തിൽ പെടുന്നു. ചരിത്രത്തിന്റെ ഭാഗമായി തങ്ങൾ മാറിയെന്ന് അഭിമാനിക്കുന്നു. ശിലകൾ ഒരിക്കലും നശിക്കുന്നില്ല. രാമക്ഷേത്രത്തിനായുള്ള വിഗ്രഹങ്ങൾ കൊത്തിയെടുക്കുക വഴി തങ്ങൾ ചരിത്രത്തിന്റെ ഭാഗമായി എന്നാണവർ പറഞ്ഞത്.

### മുസ്ലിം ശില്പികളും

പശ്ചിമബംഗാളിലെ നോർത്ത് 24 പൽഗാനക്കാരായ മുഹമ്മദ് മേലുദീനും മകൻ ബിട്ടുവും വിഗ്രഹങ്ങൾ കൊത്തിയെടുക്കുന്നു. ഓൺലൈനിൽ ഇരുവരുടെ കരകൗശല മികവ് കണ്ടാണ് ക്ഷേത്ര നിർമ്മാണ കമ്മറ്റി അവരെ അയോധ്യയ്ക്ക് വിളിച്ചത്. ക്ഷേത്ര നിർമ്മാണത്തിൽ പങ്കെടുക്കാൻ കഴിഞ്ഞതിൽ അഭിമാനമുണ്ട് എന്ന് അവർ പത്രക്കാരോട് പറഞ്ഞു.

## രാമക്ഷേത്രത്തിൽ പ്രതിഷ്ഠിക്കുക മൈസൂരിലെ ശിൽപി അരുൺ യോഗിരാജ് നിർമ്മിച്ച രാംലല്ല വിഗ്രഹം.

മൈസൂർ: മൈസൂരിൽ നിന്നുള്ള ശിൽപി അരുൺ യോഗിരാജ് നിർമ്മിച്ച രാംലല്ലയുടെ ശിൽപം അയോധ്യ ക്ഷേത്രത്തിൽ സ്ഥാപിക്കാൻ തെരഞ്ഞെടുത്തതെന്ന് കേന്ദ്ര പാർലമെന്ററി കാര്യ മന്ത്രി പ്രഹ്ലാദ് ജോഷി അറിയിച്ചു. അയോധ്യയിലെ ശ്രീരാമന്റെ പ്രാണപ്രതിഷ്ഠക്കായുള്ള വിഗ്രഹത്തിന്റെ തെരഞ്ഞെടുപ്പ് പൂർത്തിയായി. നമ്മുടെ രാജ്യത്തെ പ്രശസ്ത ശില്പി യോഗിരാജ് അരുൺ കൊത്തിയെടുത്ത ശ്രീരാമന്റെ വിഗ്രഹം അയോധ്യയിൽ സ്ഥാപിക്കുമെന്നും അദേഹം പറഞ്ഞു.



ബാലകരാമ വിഗ്രഹ നിർമ്മാണത്തിലൂടെ രാജ്യത്തിന്റെ ശ്രദ്ധാകേന്ദ്രമായ യോഗിരാജ് അരുണിന് പെരുമയേറെ. കേദാർനാഥിലെ ശ്രീശങ്കരാചാര്യരുടെയും കർത്തവ്യപഥിലെ സുഭാഷ്ചന്ദ്രബോസിന്റെയും പ്രതിമകൾ നിർമ്മിച്ചതും യോഗിരാജാണ്.

ശില്പികളുടെ കുടുംബത്തിലെ അഞ്ചാംതലമുറയിൽപ്പെട്ടയാളാണ് അരുൺ. മുത്തച്ഛൻ ബസവണ്ണ മൈസുരു രാജാവിന്റെ സദസിലെ മുഖ്യശില്പിയായിരുന്നു. എംബിഎ ബിരുദം നേടിയതിനു ശേഷം കുറച്ചുകാലം ഒരു സ്വകാര്യ കമ്പനിയിൽ ജോലി ചെയ്തിരുന്നു അരുൺ യോഗിരാജ്. 2008-ലാണ് പാരമ്പര്യത്തൊഴിലിലേക്ക് തിരിഞ്ഞത്.

കേദാർനാഥിലെയും കർത്തവ്യപഥിലെയും പ്രതിമകൾ പ്രധാനമന്ത്രി നരേന്ദ്ര മോദിയാണ് അനാച്ഛാദനം ചെയ്തത്. സുഭാഷ് ചന്ദ്രബോസിന്റെ രണ്ടടി ഉയരമുള്ള പ്രതിമയും യോഗിരാജ് പ്രധാനമന്ത്രിക്ക് സമ്മാനിച്ചിരുന്നു. ആദിശങ്കരാചാര്യ, ഹനുമാൻ, ഡോ.ബി.ആർ. അംബേദ്കർ, ശ്രീരാമകൃഷ്ണ പരമഹംസർ, ബനശങ്കരി ദേവി, മൈസൂരു രാജാവ് ജയചാമരാജേന്ദ്ര വോഡയാർ എന്നിവരുടെ പ്രതിമകളും അരുൺ യോഗിരാജ് നിർമിച്ചു.

## നിരീക്ഷണങ്ങൾ
## വിശകലനങ്ങൾ



കല്ലറ അജയൻ
9446751163

# രാമായണങ്ങളും രാമക്ഷേത്രവും

**ലോ**കത്തിൽ ഏറ്റവും വലിയ ദേവാലയം അങ്കോർ വാത്ത് (Ankor wat) ആണ്. 162.6 ഹെക്ടർ പ്രദേശത്താണ് ഈ വിഷ്ണുക്ഷേത്രം സ്ഥിതി ചെയ്യുന്നത്. ഇത് കംപ്യൂച്ചിയയിലാണ്. പഴയ കംബോഡിയൻ. ഇന്ന് ആ രാജ്യത്ത് ഹിന്ദുക്കൾ എന്നുപറയുന്നത് ഏറിയാൽ ഒരു 2000 പേരുണ്ടാകും. ഒരു കാലത്ത് കംബോഡിയ ഒരു ഹിന്ദുരാജ്യമായിരുന്നു. അക്കാലത്ത് ഖെമർ ഹിന്ദുരാജാവായിരുന്ന സൂര്യവർമൻ രണ്ടാമനാണ് അങ്കോർവാത്തിന്റെ പണി ആരംഭിച്ചത്. ജയവർമൻ ഏഴാമന്റെ കാലത്താണ് പണി പൂർത്തിയാകുന്നത്. ക്രമേണ ഖെമർ രാജാക്കന്മാർ ഹിന്ദു മതം ഉപേക്ഷിച്ചു ബുദ്ധമതവിശ്വാസികളായി ഇന്ന് ആ രാജ്യത്തെ തൊണ്ണൂറ്റിമൂന്നു ശതമാനം പേരും ബുദ്ധമതവിശ്വാസികളാണ്. പൂർവ്വേഷ്യൻ രാജ്യങ്ങളെല്ലാം ഒരു കാലത്ത് ഹിന്ദു രാജ്യങ്ങളായിരുന്നു. എന്നാലിന്ന് അവയെല്ലാം ബുദ്ധ, മുസ്ലീം രാഷ്ട്രങ്ങളായി മാറിക്കഴിഞ്ഞു. ഇന്തോനേഷ്യയിലെ ബാലിയിലും മലേഷ്യയിലും മാത്രമാണ് കുറച്ചു ഹിന്ദുക്കൾ ഉള്ളത്.

ഇന്തോനേഷ്യയിലും മലേഷ്യയിലും വലിയ ഹിന്ദുക്ഷേത്രങ്ങളുണ്ട് എന്നാൽ അവയിൽ പലതും ഇന്നു മ്യൂസിയങ്ങൾ മാത്രമാണ്. ഒരു കാലത്ത് ഈ രാജ്യങ്ങളെല്ലാം ഹിന്ദുരാജാക്കന്മാർ ഭരിച്ചിരുന്ന പ്രദേശങ്ങളാണ്. എന്തുകൊണ്ട് ഇങ്ങനെ ഒരു മാറ്റം സംഭവിച്ചു എന്ന് ഹിന്ദുക്കൾ പരിശോധിക്കുന്നത് നല്ലതാണ്. വലിയ ക്ഷേത്രങ്ങൾ നിർമ്മിച്ചതുകൊണ്ടുമാത്രം സ്വന്തം മതത്തെ വളർത്താനാവില്ല. സംഘടിതമായ മതപ്രചരണ സംവിധാനങ്ങളൊന്നും ഹിന്ദുക്കൾക്ക് ഇല്ലാത്തതിനാൽ ആണ് ഹിന്ദുക്കൾക്ക് അവരുടെ മതം സംരക്ഷിക്കാൻ കഴിയാതെ പോയത്.

ഒരു കാലത്ത് ലോകത്തിന്റെ ഒട്ടുമിക്ക പ്രദേശങ്ങളിലും പടർന്നുകിടന്ന മത



പ്രധാനമന്ത്രി നരേന്ദ്രമോദിയെ അയോദ്ധ്യാ രാമക്ഷേത്ര പ്രാണപ്രതിഷ്ഠാ ചടങ്ങുകളുടെ ഉദ്ഘാടനത്തിന് ശ്രീരാമജന്മഭൂമി തീർത്ഥക്ഷേത്ര ട്രസ്റ്റ് ജനറൽ സെക്രട്ടറി ചമ്പത്ത് റായിയുടെ നേതൃത്വത്തിൽ ഔദ്യോഗികമായി ക്ഷണിക്കുന്നു.



മാണ് ഇന്നുസനാതനധർമ്മമെന്നും ഹിന്ദുമതമെന്നുമൊക്കെ അറിയപ്പെടുന്ന വിശ്വാസസംഹിത. ശിവാരാധനയുടെ തെളിവായ ശിവവിഗ്രഹങ്ങളും മറ്റും യൂറോപ്യൻ രാജ്യങ്ങളിൽനിന്നുപോലും കണ്ടെടുത്തിട്ടുണ്ട്. രാമകഥ പ്രചരിപ്പിക്കപ്പെടാത്ത രാജ്യങ്ങൾ നന്നേ കുറവാണ്. ഹിന്ദുമതം ഇല്ലാത്തിടങ്ങളിൽപോലും രാമായണത്തെ വിശുദ്ധമായി കണക്കാക്കുന്നു. കംപൂച്ചിയയിൽത്തന്നെ രാംഖീർ എന്ന പേരിൽ ഒരു രാമായണം പ്രചരിക്കുന്നുണ്ട്. സംസ്കൃതഭാഷയിലെ മിക്കവാറും പദങ്ങൾ കംബോഡിയക്കാരുടെ ഭാഷയിലുണ്ട്. ബ്രാഹ്മണ ക്ഷത്രിയ തുടങ്ങിയ വകഭേദങ്ങളും ഖെമറുകളുടെ ഇടയിൽ ഉണ്ടത്രേ! ബുദ്ധമതത്തിലേക്ക് പരിവർത്തിച്ചെങ്കിലും തങ്ങളിപ്പോഴും ഹിന്ദുക്കളാണെന്നു കരുതുന്നവർ ഖെമർവംശജരുടെ ഇടയിൽ ധാരാളം പേരുണ്ട്.

ലാവോസിൽ ഇന്ന് പ്രചാരത്തിലുള്ള രാമായണത്തിന്റെ പേര് ഫ്രലക് ഫ്രരാം എന്നാണ് (Phra Lak Phra ram) ദശരഥജാതക കഥയിൽനിന്ന് സ്വീകരിച്ച ഈ രാമകഥയിൽ ബുദ്ധന്റെ പൂർവജന്മമാണ് രാമൻ. മലേഷ്യയിലെ രാമായണത്തിന്റെ പേര്. ഹിക്കായത്ത് സേരി രാമ (Hikayat Seri Rama) എന്നാണ്. മലേഷ്യയിലെ ജനസംഖ്യയിൽ 6.1% ഹിന്ദുക്കളാണെങ്കിലും രാമായണം എല്ലാ വിഭാഗക്കാരുടെയുമിടയിൽ പ്രചാരത്തിലുണ്ട്. ലങ്കാസുക്ക (Langka suka) എന്ന പേരിൽ ഒരു ഹിന്ദു സാമ്രാജ്യമായിരുന്നു പ്രാചീന മലേഷ്യ. ഇന്ന് അതൊരു മുസ്ലീം രാഷ്ട്രമാണ്. അവിടെ 13 ലക്ഷത്തോളം ഹിന്ദുക്കൾ അധിവസിക്കുന്നുണ്ടെങ്കിലും അവരിൽ നല്ലൊരു പങ്കും ഇന്ത്യയിൽനിന്നും കുടിയേറിയവരാണ്. കൂടുതൽ തമിഴരും മലയാളികളുമാണെന്നതാണ് പ്രത്യേകത. ഓരോ സെൻസസ് കഴിയുന്തോറും അവിടത്തെ ഹിന്ദുശതമാനം കുറഞ്ഞു കുറഞ്ഞു വരുന്നതായാണ് കാണുന്നത്.

ഇന്തോനേഷ്യയിലെ രാമായണത്തിന്റെ പേര് രാമായണ കവിത എന്നാണ്. ഇന്തോനേഷ്യയും ഒരു കാലത്ത് മാതരം (Mataram) ശ്രീവിജയ എന്ന ഹിന്ദുസാമ്രാജ്യങ്ങളായിരുന്നു. ക്രമേണ ബുദ്ധമതത്തിലേക്കു മാറിയ അവർ ഇന്ന് ലോകത്തിലെ ഏറ്റവും വലിയ മുസ്ലീം രാഷ്ട്രമാണ്. ബാലിദ്വീപിൽ മാത്രം ഭൂരിപക്ഷം ജനത ഇന്നും ഹിന്ദുക്കളാണ്. ഏകദേശം 46 ലക്ഷത്തോളം ഹിന്ദുക്കൾ വസിക്കുന്ന ബാലി ഹിന്ദു ജനസംഖ്യയുടെ കാര്യത്തിൽ ഇന്ത്യ, നേപ്പാൾ, ബംഗ്ലാദേശ് എന്നിവിടങ്ങളിൽ കഴിഞ്ഞാൽ നാലാം സ്ഥാനത്താണ്. മുസ്ലീം രാഷ്ട്രമാണെങ്കിലും ഇന്തോനേഷ്യക്കാരുടെ സംസ്കാരം സമ്പൂർണ്ണമായിത്തന്നെ രാമായണ

ത്തിൽ അധിഷ്ഠിതമാണെന്നു പറയാം.

മംഗോളിയയിലെ രാമായണമാണ് ദാരിരാമ (Dari Rama) ഹിന്ദുക്കൾ ഇന്ന് ഈ രാജ്യത്തില്ലെങ്കിലും അവിടത്തെ ഭൂരിപക്ഷ മതമായ ബുദ്ധമതത്തിൽ രാമായണത്തിന്റെയും ഹിന്ദുത്വത്തിന്റേയും സ്വാധീനം വ്യാപകമായുണ്ട്. വിയറ്റ്നാമിൽ എഴുപതിനായിരത്തോളം ചാം ഹിന്ദു (Cham Hindus) എന്ന പൗരാണിക ഹിന്ദുക്കൾ അധിവസിക്കുന്നുണ്ട്. അവരുടെയിടയിൽ പാവനാടകത്തിന്റെ രൂപത്തിൽ രാമായണകഥ പ്രചരിക്കുന്നുണ്ട്. ബുദ്ധമതക്കാരുടെ ഇടയിലും രാമായണത്തിന്റെ സ്വാധീനം കാണാം. കംപൂച്ചിയയിലുള്ള അതേ പേരിൽ തന്നെയാണ് (രാംകീൻ) തായ്ലാന്റിലും രാമായണം പ്രചരിക്കുന്നത്. ഇന്തോനേഷ്യ പോലെ തായ്ലാന്റും രാമായണത്തെ ദേശീയ ഇതിഹാസമായി കണക്കാക്കുന്നു. തായ്ലാന്റും പഴയകാലത്ത് ഹിന്ദുരാജാക്കന്മാർ ഭരിച്ച രാജ്യമാണ്. ഇന്ന് വെറും എൺപത്തിനാലായിരം ഹിന്ദു വിശ്വാസികളേ തായ്ലാന്റിലുള്ളു. എങ്കിലും പ്രധാനമതമായ ബുദ്ധമതത്തിൽ ഹിന്ദുമതത്തിന്റെ സ്വാധീനം പ്രകടമാണ്. ബർമ, ഫിലിപ്പീൻസ്, ജപ്പാൻ, തിബറ്റ്, ശ്രീലങ്ക, ബംഗ്ലാദേശ്, ചൈന എന്നിവിടങ്ങളിലെല്ലാം പല രൂപത്തിൽ രാമായണത്തിന്റെ സ്വാധീനമുണ്ട്. മെക്സിക്കോയിലെ ആദിമനിവാസികളായ മയാകളുടേയും ഇൻകാകളുടേയും ഇടയിൽ നമ്മുടെ നവരാത്രി നാളുകളിൽ സിത്വ-റൈമി (Situa Raimi) എന്ന പേരിൽ ഒരു ആഘോഷമുള്ളതായി ഹാംസ്വർത്ത് ഹിസ്റ്ററി ഓഫ് ദ വേൾഡ് (Hamsworth History of the world) ൽ രേഖപ്പെടുത്തിയതായി കാണുന്നുണ്ട്. പെറുവിലും ഇത്തരം സംസ്കാരത്തിന്റെ തുടർച്ചയുണ്ടായിരുന്നതായി പറയപ്പെടുന്നു. സ്പെയിൻകാരുടെ വരവോടെയാണത്രേ ആ സംസ്കാരം തകർക്കപ്പെട്ടത്.

ചുരുക്കത്തിൽ ലോകത്തെല്ലായിടത്തും വ്യാപിച്ചിരുന്ന ഒരു സംസ്കാരത്തിന്റെ പ്രതിപുരുഷനാണ് ശ്രീരാമൻ. അദ്ദേഹത്തിന്റെ ജന്മഭൂമിയാണ് ഒരു കാലത്ത് തകർക്കപ്പെട്ടതും ഇപ്പോൾ വീണ്ടും സ്ഥാപിക്കാൻ പോകുന്നതും. ഇനി ഒരു തകർച്ചയ്ക്ക് ഇടവരാതെ സംരക്ഷിക്കുക എന്നതാണ് രാമക്ഷേത്രനിർമ്മിതിക്കുവേണ്ടി പ്രയത്നിക്കുന്നവർ മനസ്സിൽ വയ്ക്കേണ്ടുന്ന പ്രധാനമായ സംഗതി. വലിയ ചുറ്റുമതിൽ ഉണ്ടാക്കുകയോ അതിലും വലിയ സുരക്ഷിതവലയം തീർക്കുകയോ ഒന്നുമല്ല ആവശ്യം. രാമൻ മുന്നോട്ടുവച്ച ആശയങ്ങൾ ഹൃദയത്തിലേറ്റുന്ന വലിയ ഒരു ജനതതി ഭൂമിയിൽ നിലനില്ക്കുക എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം.

സനാതന ധർമം ഭൂമി മുഴുവൻ പരക്കുക എന്നതാണ് വേണ്ടത്. ഒരു കാലത്ത് ലോകത്തിലെ മുഴുവൻ മനുഷ്യർക്കും ഈ ധർമത്തിലാണ് വിശ്വസിച്ചിരുന്നത്. കാലാന്തരത്തിൽ അവർ വ്യത്യസ്ത മതങ്ങളിലേക്ക് ചേക്കേറി. അവർക്കെല്ലാം മാതൃധർമത്തിലേക്ക് മടങ്ങാനൊരവസരമാണ് രാമക്ഷേത്രനിർമിതിയിലൂടെ സംജാതമായിരിക്കുന്നത്. രാമൻ ഭൂമി ഭരിച്ച രാജാക്കന്മാരിൽ ഏറ്റവും നീതിമാനും ധർമബോധമുള്ളവനുമായിരുന്നു. സദാചാരത്തിന്റെ മൂർത്തിമത്ഭാവം. അതുകൊണ്ടാണ് രാമരാജ്യമെന്ന സങ്കല്പം തന്നെയുണ്ടായത്. ഗാന്ധിജി ആ സങ്കല്പത്തെ ഹൃദയത്തോടു ചേർത്തു പിടിച്ച മഹാത്മാവായിരുന്നു. അതിനുകാരണം അത് ഏറ്റവും ശ്രേഷ്ഠമായതിനാൽ ആയിരുന്നു. അത്തരത്തിൽ ഒരു മാതൃകാരാഷ്ട്രം കെട്ടിപ്പടുക്കുന്നതിന്റെ തുടക്കമാവട്ടേ ഈ ക്ഷേത്രനിർമ്മിതി.

**രാമൻ ഭൂമി ഭരിച്ച രാജാക്കന്മാരിൽ ഏറ്റവും നീതിമാനും ധർമബോധമുള്ളവനുമായിരുന്നു. സദാചാരത്തിന്റെ മൂർത്തമത്ഭാവം. അതുകൊണ്ടാണ് രാമരാജ്യമെന്ന സങ്കല്പം തന്നെയുണ്ടായത്. ഗാന്ധിജി ആ സങ്കല്പത്തെ ഹൃദയത്തോടു ചേർത്തു പിടിച്ച മഹാത്മാവായിരുന്നു.**

# പ്രാണപ്രതിഷ്ഠ രാജ്യത്തിന്റെ സാംസ്കാരിക സ്വാതന്ത്ര്യദിനം: ചമ്പത് റായ്

**ശ്രീ**രാമജന്മഭൂമി തീർത്ഥക്ഷേത്രത്തിലെ പ്രാണപ്രതിഷ്ഠാ ദിനം രാജ്യത്തിന്റെ സാംസ്കാരിക സ്വാതന്ത്ര്യ ദിനമാണെന്ന് ക്ഷേത്ര ട്രസ്റ്റി ജനറൽ സെക്രട്ടറി ചമ്പത് റായ് 1947 ആഗസ്ത് 15 പോലെ പവിത്രമായാണ് ഞാൻ 2024 ജനുവരി 22നെ കാണുന്നത് അന്ന് രാജ്യത്തിന് രാഷ്ട്രീയ സ്വാതന്ത്ര്യം ലഭിച്ചു. ഇപ്പോൾ രാജ്യം സാംസ്കാരിക സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്നു. അദ്ദേഹം പറഞ്ഞു. ന്യൂസ് 18 ഇന്ത്യ സംഘടിപ്പിച്ച അയോധ്യ ശ്രീരാം മഹാപർവ് പരിപാടിയിൽ സംസാരിക്കുകയായിരുന്നു ചമ്പത് റായ്.



കർസേവകരുടെ ത്യാഗം മറക്കാനാകില്ല. ഭാരതം ത്യാഗങ്ങളുടെ രാജ്യമാണ്. ഭാരതത്തിലെ സ്ത്രീകൾ മാനം കാക്കാൻ ജീവൻ ബലിയർപ്പിച്ചു. മേവാറിലെ മഹാറാണാ പ്രതാപൻ പുല്ല് ഭക്ഷണമാക്കേണ്ടി വന്നിട്ടും സ്വാഭിമാനം കൈവെടിഞ്ഞില്ല. ഗുരുഗോവിന്ദ് സിങ്ങും അദ്ദേഹത്തിന്റെ പിഞ്ചുമക്കളും സ്വധർമ്മത്തിന് വേണ്ടിയാണ് ജീവൻ വെടിഞ്ഞത്. ശ്രീരാമജന്മഭൂമിയുടെ മോചനത്തിന് വേണ്ടി എത്ര തലമുറകളാണ് ജീവൻ ബലിയർപ്പിച്ചത്. ഇവിടെ ബലിയെന്നത് ഒരു കബഡി കളിയാണ്. നാല് തവണ മരിച്ചാൽ നാല് തവണ ജീവിക്കുകയും ചെയ്യും. അദ്ദേഹം പറഞ്ഞു.

കോടതിവിധി അനുകൂലമായേ മതിയാകുമായിരുന്നുള്ളു. കാരണം ശരിക്ക് വേണ്ടിയാണ് രാമഭക്തർ പൊരുതിയത്. വിജയിക്കുമെന്ന് ഉറപ്പിച്ചുതന്നെയാണ് കർസേവകർ ജീവൻ ബലിയർപ്പിച്ചത്. സ്വാതന്ത്ര്യ പോരാട്ടത്തിൽ വീരമൃത്യു വരിച്ചവർക്ക് 1947 ആഗസ്ത് 15ന് ആ പോരാട്ടം വിജയിക്കുമെന്ന് അറിയുമായിരുന്നോ? അവർ കർമ്മം ചെയ്തു. ഒരു കല്ല് ചുറ്റികയുടെ ആദ്യ അടിയിലാവില്ല പൊട്ടുക, നൂറ് തവണ അടിക്കുമ്പോൾ നൂറ്റിഒന്നാമത്തെ തവണ അത് പൊട്ടും. കരസേവയും അങ്ങനെയാണ്. സർക്കാർ ഭയന്നു, വെടിവെയ്പ് ആരംഭിച്ചു, ചിലർ വീണു, വെടിയേറ്റിട്ടും അവർ പതാക ഉയർത്തി. ഗംഗയിൽ നിന്ന് എത്രയോ വെള്ളം മൃഗങ്ങളും പക്ഷികളും കുടിക്കുന്നു. എത്രയോ വെള്ളം നീരാവിയാകുന്നു. പക്ഷേ ഒഴുക്ക് നിലയ്ക്കുമോ. അതുപോലെയാണിതും, ചമ്പത് റായ് പറഞ്ഞു.

'ശ്രീരാമജന്മഭൂമിയുടെ മോചനത്തിന് കഴിഞ്ഞ 500 വർഷത്തിനിടെ എത്രപേരുടെ ജീവൻ നഷ്ടപ്പെട്ടുവെന്ന കണക്ക് കാലത്തിന്റെ കൈകളിലേ ഉള്ളൂ. എന്നാൽ 1.35 കോടി ജനങ്ങൾ രാമക്ഷേത്രത്തിനായി സംഭാവന നൽകിയതിന്റെ കണക്ക് എന്റെ പക്കലുണ്ട്. വിമർശിക്കുന്നവർ വിമർശിക്കട്ടെ. രാമൻ വെറും സങ്കല്പമാണെന്ന് വിധി പറഞ്ഞ ആളുകൾ ഇവിടെയുണ്ട്. എല്ലാം മനസ്സിലാക്കി എല്ലാവരെയും അയോധ്യയിലേക്ക് വിളിക്കുന്നു.

മതേതരത്വം പറഞ്ഞ് അവർ രാമക്ഷേത്രത്തെ എതിർക്കാതിരിക്കുന്നതാണ് അവർക്ക് നല്ലത്. എല്ലാ വ്യക്തികൾക്കും മതമുണ്ട്. വ്യവസ്ഥിതി മതേതരതമാണ്. നിയമം മതേതരമാണ്. എന്നാൽ സമൂഹവും വ്യക്തികളും അവരവരുടെ വിശ്വാസങ്ങൾ പിന്തുടരും. ചമ്പത് റായ് പറഞ്ഞു.

### ബലിദാനികളുടെ കുടുംബാംഗങ്ങളും പ്രാണപ്രതിഷ്ഠയ്ക്കെത്തും

ശ്രീരാമജന്മഭൂമി തീർത്ഥ ക്ഷേത്രത്തിലെ പ്രാണപ്രതിഷ്ഠാച്ചടങ്ങിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പ്രമുഖർ പങ്കെടുക്കുമെന്ന് ക്ഷേത്രട്രസ്റ്റ് ജനറൽ സെക്രട്ടറി ചമ്പത് റായ് പറഞ്ഞു. ഇതര രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളും പങ്കെടുക്കും. എല്ലാ സമ്പ്രദായങ്ങളിലെയും സംന്യാസിമാർ, സാമൂഹിക ജീവിതത്തിന്റെ വിവിധ മേഖലകളിലെ പ്രമുഖർ തുടങ്ങിയവരെയും ചടങ്ങിലേക്ക് ക്ഷണിച്ചിട്ടുണ്ട്. ചമ്പത് റായ് അയോധ്യയിൽ മാധ്യമപ്രവർത്തകരോട് പറഞ്ഞു.

ശങ്കരാചാര്യർമാർ, മഹാമണ്ഡലേശ്വർമാർ, സിഖ്, ബുദ്ധവിഭാഗങ്ങളിലെ ആചാര്യന്മാർ തുടങ്ങി എല്ലാ സമ്പ്രദായങ്ങളിലും പെട്ട നാലായിരം സംന്യാസിമാരുടെ സാന്നിധ്യമാണ് പ്രതീക്ഷിക്കുന്നത്. ശ്രീരാമജന്മഭൂമിയുടെ മോചനത്തിനായി പ്രക്ഷോഭങ്ങളിൽ സജീവമായിരുന്നവരെയും ബലിദാനികളുടെ കുടുംബാംഗങ്ങളെയും ക്ഷണിച്ചിട്ടുണ്ട്. 1984നും 1993നും ഇടയിൽ അയോധ്യവാർത്തകൾ സംബന്ധിച്ച് നിർണായക പങ്ക് വഹിച്ച മാധ്യമപ്രവർത്തകർ, എഴുത്തുകാർ, സാഹിത്യകാരന്മാർ, കവികൾ തുടങ്ങിയവരും എത്തും.

മുൻ പ്രധാനമന്ത്രിമാർക്കും സൈനിക മേധാവികൾക്കും ക്ഷണമുണ്ട്. ചമ്പത് റായ് പറഞ്ഞു.

പ്രാണപ്രതിഷ്ഠയ്ക്ക് എത്തിച്ചേരുന്നവർക്കായുള്ള എല്ലാ സൗകര്യങ്ങളും അയോധ്യയിൽ സജ്ജീകരിച്ചു കഴിഞ്ഞു. കർസേവകപുരത്ത് ആയിരംപേർക്ക് താമസിക്കാവുന്ന വീടുകളാണ് ഒരുക്കിയിരിക്കുന്നത്.

പുതുതായി സ്ഥാപിച്ച തീർത്ഥക്ഷേത്രപുരത്ത് ആറ് അടുക്കളകളും പത്ത് കിടക്കകളുമുള്ള ആശുപത്രിയുൾപ്പെടെ സജ്ജീകരിച്ചിട്ടുണ്ട്. 150 ഡോക്ടർമാരുടെ സേവനം ഇവിടെ ലഭ്യമാക്കും. രണ്ടായിരം ശൗചാലയങ്ങൾ പ്രത്യേകമായി നിർമിക്കും. ശീതകാലമാണെന്നത് പരിഗണിച്ചുള്ള സൗകര്യങ്ങളും ഒരുക്കും. സർക്കാർ ക്രമീകരണങ്ങൾക്ക് തീർത്ഥക്ഷേത്രപുരം, രാമസേവകപുരം, കർസേവകപുരം എന്നിവിടങ്ങളിൽ വാഹന പാർക്കിങ് ഒരുക്കുന്നുണ്ട്. സന്ദർശകരെ പ്രാണപ്രതിഷ്ഠാ വേദിയിലേക്ക് കൊണ്ടുപോകുവാനുള്ള വാഹനങ്ങളും സജ്ജമാണ്. നെറ്റ് വർക്കുകൾ തടസപ്പെടാതിരിക്കാൻ തീർത്ഥക്ഷേത്രപുരത്ത് നാല് മൊബൈൽ ടവറുകൾ സ്ഥാപിക്കും.

### ലോകമെങ്ങും അയോധ്യ, ഓരോ വീടും

ശ്രീരാമജന്മഭൂമിയിൽ പ്രാണപ്രതിഷ്ഠ ജനുവരി 22ന് ഉച്ചയ്ക്ക് 12നു ശേഷമുള്ള ശുഭമുഹൂർത്തത്തിൽ... ഭഗവാൻ പിറന്നുവീണ, പിച്ച വച്ച് ഓടിക്കളിച്ച അതേ മണ്ണിൽ പ്രപഞ്ചത്തെയും കാലത്തെയും സാക്ഷിയാക്കി ബാലക രാമനെ പ്രതിഷ്ഠിക്കും. മകരസംക്രമ നാൾ മുതൽ പൗഷ മാസത്തിലെ ശുക്ലപക്ഷ ദ്വാദശി വരെ പ്രത്യേക പൂജകൾ. പ്രാണപ്രതിഷ്ഠ മുതൽ 48 നാൾ പേജാവർ മഠാധിപതി സ്വാമി വിശ്വപ്രസന്ന തീർത്ഥയുടെ നേതൃത്വത്തിൽ മണ്ഡല പൂജ.

പോരാട്ടത്തിന്റെയും സഹനത്തിന്റെയും കനലൊഴിയാത്ത നൂറ്റാണ്ടുകൾ പിന്നിട്ട് ഭവ്യഭാരതം വി




ജയമുഹൂർത്തത്തിലേക്ക്. രാവണവിജയം കഴിഞ്ഞ് സീതാലക്ഷ്മണ സമേതനായി ഭഗവാനെത്തുന്നതു സങ്കൽപ്പിച്ച് എത്രയോ ദീപാവലികളിൽ രാഷ്ട്രം മനസിലും മണ്ണിലും ദീപം തെളിച്ചു. രാവിജയ മന്ത്രമുരുക്കഴിച്ച് എത്രയോ ദിനരാത്രങ്ങളിൽ കാലമാകെ തപമിരുന്നു. സഹനവും സമരവും ബലിദാനങ്ങളും സഫലമാകുന്നു. അധിനിവേശ ശക്തികൾ പല തവണ തച്ചുടച്ച മന്ദിരവും ലോകമാകെ നിറയുന്നു. രാഷ്ട്രത്തിന്റെ അഭിമാന മന്ദിരമെന്ന ഉദ്ഘോഷവുമായി ഓരോ ഗ്രാമവും അയോധ്യയാകുന്നു. ഓരോ മനസും ഭഗവാൻ രാമൻ വാണരുളുന്ന ശ്രീകോവിലാകുന്നു.

രാമക്ഷേത്രം കെട്ടിപ്പടുക്കുന്നത് ഭാരതത്തിലെ എല്ലാ ഗ്രാമങ്ങളിൽ നിന്നും ഭക്തകോടികൾ സമഹാരിച്ചെത്തിച്ച ശിലകളിലാണ്. ഓരോ കല്ലിലും അവർ മനസു കൊണ്ട് രാമനാമം കൊത്തിവച്ചു. നൂറ്റാണ്ടുകൾ പിന്നിട്ട പോരാട്ടത്തിൽ ഈ തലമുറയും അണിചേർന്നു. കർസേവ നടത്തിയ രാമഭക്തരുടെ ചോരയാൽ സരയു ചുവന്നു. നിരവധിപേർ ബലിദാനികളായി. മരണത്തെയും വെല്ലുവിളിച്ച് കർസേവകർ അഭിമാന മന്ദിരത്തിന് അടിക്കല്ലു പാകി. പിന്നാക്കക്കാരിൽ പിന്നാക്കക്കാരനായ കാമേശ്വർ ചൗപാൽ അന്നു പാകിയത് യഥാർഥ രാമരാജ്യത്തിന്റെ ശിലയായിരുന്നു.

കാലങ്ങൾ നീണ്ട നിയമപോരാട്ടത്തിനും കാത്തിരിപ്പിനുമൊടുവിൽ രാമഭക്തർക്കു മുന്നിൽ നീതി കണ്ണുതുറന്നു. ധർമമൂർത്തിയായ ഭഗവാൻ രാമന് ഭവ്യ മന്ദിരമൊരുങ്ങി. അവസാനിക്കുന്നത് ആ വനവാസ കാലമാണ്. കുടിലും കൊട്ടാരവും കാടും മലയും കടലോരവും ഒരേ മനസോടെ പ്രാർഥനാ നിരതമാകുന്ന ആ ദിവസമാണ് വരുന്നത്. ജാതിയുടെയും മതങ്ങളുടെയും വേലിക്കെട്ടുകൾ തകർത്ത്. ദേശാതിർത്തികൾ ഭേദിച്ച് ഒരേയൊരു വികാരം. ആദർശ പുരുഷന് ക്ഷേത്രം നിർമിക്കാൻ ലോകത്തെ എല്ലായിടത്തും നിന്ന് സാമഗ്രികളെത്തി. നേപ്പാളിലെ ഗണ്ഡകി നദിയിൽനിന്ന് സാളഗ്രാമങ്ങൾ, കർണാടകയിൽ നിന്നും രാജസ്ഥാനിൽനിന്നും വെണ്ണക്കല്ലുകൾ, ഭഗവാൻ രാമന് ആരതി ഉഴിയാൻ ജോധ്പൂരിലെ ഗോശാലകളിൽനിന്ന് നടൻ നെയ്യ്, ഝാർഖണ്ഡിൽനിന്ന് നാടൻ നെയ്യ്, ഝാർഖണ്ഡിൽനിന്ന് വനവിഭവങ്ങൾ. ലോകമെമ്പാടും നിന്ന് രാമായണങ്ങൾ. കർണാവതിയിൽ നിന്ന് കൊടിമരങ്ങൾ, നാമക്കല്ലിൽനിന്ന് വെങ്കലമണികൾ, ഭാഗ്യനഗറിൽനിന്ന് മെതിയടികൾ, പൂനെയിൽനിന്ന് പട്ടുടയാടകൾ, ചന്ദ്രപൂരിൽനിന്ന് തടിയുരുപ്പടികൾ, അഹമ്മദാബാദിൽനിന്ന് വജ്രാഭരണങ്ങൾ, രാമലീലയിൽ നിറഞ്ഞാടാൻ അറബ് നാടുകളിൽനിന്നടക്കം 21 രാജ്യങ്ങളിലെ കലാപ്രതിഭകൾ. ഭഗവാൻ രാമന്റെ പ്രാണപ്രതിഷ്ഠ ലോകമഹോത്സവമാകുന്നതിങ്ങനെയാണ്.

പ്രാണപ്രതിഷ്ഠാ ദിനത്തിൽ ലോകത്ത് രാമഭക്തരുള്ള എല്ലായിടത്തും രാവിലെ 11 മണിമുതൽ ജനങ്ങൾ ഒത്തുചേരും. വീടുകളിൽ രാമ ദീപാവലി കൊണ്ടാടും.

### രാമക്ഷേത്രത്തിന് പതിനാല് വാതിലുകൾ

പ്രാണപ്രതിഷ്ഠയ്ക്കൊരുങ്ങുന്ന ശ്രീരാമജന്മഭൂമി തീർത്ഥക്ഷേത്രത്തിന്റെ താഴത്തെ

നിലയ്ക്ക് പതിനാല് വാതിലുകൾ. മഹാരാഷ്ട്രയിലെ ചന്ദ്രപൂരിൽ നിന്നെത്തിച്ച തടികളിലാണ് ഈ വാതിലുകൾ കൊത്തിയെടുത്തത്. പതിനാല് വാതിലുകളിലും ചെമ്പ് പാളി പതിപ്പിച്ച് സ്വർണം പൂശും. ദൽഹിയിലെ കേന്ദ്രത്തിലാണ് സ്വർണം പൂശുന്ന പ്രവർത്തനം നടക്കുന്നത്. ഹൈദരാബാദിൽ നിന്നുള്ള രാമഭക്തരാണ് ഈ ജോലി ചെയ്യുന്നത്. എല്ലാ വാതിലുകളിലും കൊത്തുപണികളുണ്ട്. താമരയിൽ ദേവതാരൂപങ്ങളാണ് കൊത്തിയെടുക്കുന്നത്. എൽ ആൻഡ് ടി കമ്പനിയാണ് വാതിലുകളുടെ രൂപകല്പന ചെയ്തിരിക്കുന്നത്.

ശ്രീകോവിലിന്റെ വാതിലുകളുടെ ഉയരം എട്ട് അടിയും വീതി 13 അടിയുമാണ്. മറ്റ് വാതിലുകൾക്ക് ഉയരം എട്ട് അടിയിൽ താഴെയും. വീതി 12 അടിയുമാണ്. രണ്ട് പാളികളായാണ് വാതിലുകളുടെ രൂപകല്പന.

ഭാരതീയ വാസ്തുവിദ്യയിൽ വിഖ്യാതമായ നാഗരശൈലിയിലാണ് ക്ഷേത്രത്തിന്റെ നിർമ്മാണം. ഒഡീഷയിലെ ഭുവനേശ്വറിൽ സ്ഥിതി ചെയ്യുന്ന മഹാലിംഗരാജ ക്ഷേത്രത്തിന്റെ നിർമ്മാണം ഈ രീതിയിലാണ്. നാഗര ശൈലിയിലുള്ള ക്ഷേത്രങ്ങളിൽ ഇരുമ്പും സിമന്റും ഉപയോഗിക്കാറില്ല. ക്ഷേത്രത്തിൽ പ്രവേശിക്കാൻ നാലു ദിക്കുകളിലും വ്യത്യസ്ത വാതിലുകളുണ്ടാകും.

ക്ഷേത്ര താഴികക്കുടത്തിന്റെ വീതി 34 അടിയും നീളം 32 അടിയുമാണ്. ക്ഷേത്രമുറ്റത്ത് നിന്നുള്ള താഴികക്കുടങ്ങളുടെ ഉയരം 69 അടി മുതൽ 111 അടിവരെയാണ്. മക്രാന്ത മാർബിളാണ് ശ്രീകോവിലിൽ ഉപയോഗിച്ചിരിക്കുന്നത്. ക്ഷേത്രത്തിലെ തൂണുകളുടെ എണ്ണം 392 ആണ്. 2100 കിലോഗ്രാം വരുന്ന കൂറ്റൻ മണിയാണ് ക്ഷേത്രത്തിൽ ഉപയോഗിക്കുക. മണിയുടെ വീതി അഞ്ച് അടിയും ഉയരം ആറ് അടിയുമാണ്.

# അയോധ്യാചരിത്രത്തിലെ മലയാളി സാന്നിദ്ധ്യം

***രണ്ടു കാലഘട്ടത്തിൽ നിന്നുള്ള രണ്ടു മലയാളികൾ. കെകെ നായരും, കെകെ മുഹമ്മദും. അവർ അറിയപ്പെടുന്ന പേരുകളിലും ഉണ്ട് വലിയൊരു സമാനത. അയോദ്ധ്യയിൽ ശ്രീരാമൻ വീണ്ടും അവതരിക്കുമ്പോൾ പ്രണമിക്കേണ്ട രണ്ടു വ്യക്തിത്വങ്ങളാണവർ സമ്മർദ്ദങ്ങളെ അതിജീവിച്ചുകൊണ്ട് സത്യത്തിന് വേണ്ടി ധീരമായ നിലപാടുകൾ സ്വീകരിച്ചതിലും അവർ സമന്മാരാണ്.***



കെ.കെ.നായർ



കെ.കെ. മുഹമ്മദ്.

**കെ**.കെ.നായർ എന്നറിയപ്പെടുന്ന കണ്ടങ്ങളം കരുണാകരൻ നായർ 1907 സെപ്റ്റംബർ 7-ന് ആലപ്പുഴയിലെ ഒരു ചെറിയ ഗ്രാമമായ കുട്ടനാട്ടിലാണ് ജനിച്ചത്. ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിക്കുന്നതിന് മുമ്പ്, അദ്ദേഹം ഇംഗ്ലണ്ടിലേക്ക് പോയി, തന്റെ 21 ആമത്തെ വയസ്സിൽ, ഒരു ബാരിസ്റ്ററായി നാട്ടിലേക്ക് മടങ്ങുന്നതിന് മുമ്പ് ഐസിഎസ് പരീക്ഷയിൽ വിജയിച്ചു. ഔദ്യോഗിക രംഗത്ത് തുടക്കം മുതൽ, സത്യസന്ധതയ്ക്കും ധീരതയ്ക്കും പേരുകേട്ട അദ്ദേഹം ജനസേവകൻ എന്ന പേരിൽ പ്രശസ്തി നേടി.

1945-ൽ ഉത്തർപ്രദേശ് സംസ്ഥാന സർക്കാരിൽ ഉദ്യോഗസ്ഥനായി ചേർന്നു. വിവിധ തസ്തികകളിൽ സേവനമനുഷ്ഠിച്ച അദ്ദേഹം 1949 ജൂൺ 1-ന് ഫൈസാബാദിലെ ഡെപ്യൂട്ടി കമ്മീഷണറും ജില്ലാ മജിസ്ട്രേറ്റുമായി നിയമിതനായി. ബാല രൂപത്തിലുള്ള രാമവിഗ്രഹം അയോധ്യയിൽ പ്രത്യക്ഷപ്പെട്ടുവെന്ന പരാതിയെ തുടർന്ന് അന്നത്തെ പ്രധാനമന്ത്രി നെഹ്റു സംസ്ഥാന സർക്കാരിനോട് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഉത്തരവിട്ടു. സംസ്ഥാന മുഖ്യമന്ത്രി ഗോവിന്ദ് വല്ലഭ് പന്ത് നായരോട് അവിടെ പോയി അന്വേഷണം നടത്താൻ നിർദ്ദേശിച്ചു. നായർ തന്റെ കീഴുദ്യോഗസ്ഥനായ ശ്രീ ഗുരു ദത്ത് സിങ്ങിനോട് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടു. സിംഗ് അവിടെയെത്തി വിശദമായ റിപ്പോർട്ട് നായർക്ക് സമർപ്പിച്ചു. ഹിന്ദുക്കൾ അയോധ്യയെ ശ്രീരാമന്റെ (റാം ലല്ല) ജന്മസ്ഥലമായി ആരാധിച്ചിു വരുന്നതായി അ

ദ്ദേഹത്തിന്റെ റിപ്പോർട്ടിൽ പറയുന്നു. എന്നാൽ പള്ളിയുണ്ടെന്ന് പറഞ്ഞ് മുസ്ലീങ്ങൾ പ്രശ്നങ്ങൾ സൃഷ്ടിക്കുകയായിരുന്നെന്നും അതൊരു ഹിന്ദു ക്ഷേത്രമാണെന്നതിൽ ഒരു തർക്കത്തിന് പോലും സാധുതയില്ലെന്നും അദ്ദേഹത്തിന്റെ റിപ്പോർട്ട് ആവർത്തിച്ചു. അവിടെ ഒരു വലിയ ക്ഷേത്രം പണിയണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. അതിനായി സർക്കാർ ഭൂമി അനുവദിക്കണമെന്നും മറ്റുള്ളവരെ ആ പ്രദേശത്തേക്ക് പോകുന്നത് വിലക്കണമെന്നുമായിരുന്നു അദ്ദേഹത്തിന്റെ റിപ്പോർട്ട്.

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്ഷേത്രത്തിന്റെ 500 മീറ്റർ ചുറ്റളവിൽ മുസ്ലീങ്ങൾ പോകുന്നത് വിലക്കി നായർ ഉത്തരവിറക്കി. (ഈ വിലക്ക് നീക്കാൻ സർക്കാരിനോ കോടതിക്കോ നാളിതുവരെ കഴിഞ്ഞിട്ടില്ല എന്നത് ശ്രദ്ധേയമാണ്). ഇത് കേട്ട് നെഹ്റു അസ്വസ്ഥനായി, ആ പ്രദേശത്തുനിന്ന് ഹിന്ദുക്കളെ ഉടൻ ഒഴിപ്പിക്കാനും രാംലല്ലയെ നീക്കം ചെയ്യാനും സംസ്ഥാന സർക്കാർ ഉത്തരവിടണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. നെഹ്രുവിന്റെ ആജ്ഞാനുവർത്തിയായിരുന്ന മുഖ്യമന്ത്രി ഗോവിന്ദ് വല്ലഭ് പന്ത് നായർക്ക് ഉടൻ തന്നെ ഹിന്ദുക്കളെ ഒഴിപ്പിക്കാനും രാമലല്ലയുടെ വിഗ്രഹം നീക്കം ചെയ്യാനും ഉത്തരവിട്ടു. എന്നാൽ ഉത്തരവ് നടപ്പാക്കാൻ നായർ തയ്യാറായില്ല. മറുവശത്ത്, രാമലല്ലയ്ക്ക് നിത്യപൂജ നടത്തണമെന്ന് അദ്ദേഹം മറ്റൊരു ഉത്തരവ് പുറപ്പെടുവിച്ചു. പൂജയുടെ ചെലവും പൂജ നടത്തിയ പൂജാരിയുടെ ശമ്പളവും സർക്കാർ വഹിക്കണമെന്നും ആ ഉത്തരവിൽ ഉണ്ടായിരുന്നു. ഈ ഉത്തരവിൽ രോഷാകുലനായ നെഹ്റു ഉടൻ തന്നെ നായരെ സർവീസിൽ നിന്ന് പുറത്താക്കാൻ ഉത്തരവിട്ടു.

തന്നെ പുറത്താക്കിയ നെഹ്റുവിന്റെ ഉത്തരവിനെതിരെ നായർ അലഹബാദ് കോടതിയിൽ പോയി. നായരെ തിരിച്ചെടുത്ത് അതേ സ്ഥലത്ത് ജോലി ചെയ്യാൻ അനുവദിക്കണമെന്ന് കോടതി ഉത്തരവിട്ടു. നെഹ്റുവിന്റെ ധാർഷ്ട്യത്തിന്റെ മുഖത്തേറ്റ വലിയൊരു അടിയായിരുന്നു ആ കോടതിയുടെ ഉത്തരവ്. ഈ ഉത്തരവ് കേട്ട് അയോധ്യ നിവാസികൾ നായരെ തിരഞ്ഞെടുപ്പിൽ മത്സരിപ്പിക്കാൻ പ്രേരിപ്പിച്ചു. എന്നാൽ സർക്കാർ ഉദ്യോഗസ്ഥനായ തനിക്ക് തിരഞ്ഞെടുപ്പിൽ മത്സരിക്കാനാകില്ലെന്ന് നായർ ചൂണ്ടിക്കാട്ടി. പിന്നീട് നായരുടെ ഭാര്യ മത്സരിക്കണമെന്നായിരുന്നു അയോധ്യ നിവാസികളുടെ ആവശ്യം. ജനങ്ങളുടെ അഭ്യർത്ഥന അംഗീകരിച്ച് ശ്രീമതി ശകുന്തള നായർ ഉത്തർപ്രദേശിലെ ആദ്യ നിയമസഭാ തെരഞ്ഞെടുപ്പിൽ അയോധ്യയിൽ സ്ഥാനാർത്ഥിയായി മത്സരരംഗത്തിറങ്ങി. അന്ന് രാജ്യത്തുടനീളം കോൺഗ്രസ് സ്ഥാനാർത്ഥികൾ വിജയിച്ചായപ്പോഴും അയോധ്യയിൽ മാത്രം നായരുടെ ഭാര്യക്കെതിരെ മത്സരിച്ച കോൺഗ്രസ് സ്ഥാനാർത്ഥി ആയിരങ്ങളുടെ ഭൂരിപക്ഷത്തിൽ പരാജയപ്പെട്ടു. ശ്രീമതി ശകുന്തള നായർ 1952-ൽ ജനസംഘത്തിൽ ചേർന്നു.

ഞെട്ടിപ്പോയ നെഹ്റുവും കോൺഗ്രസും നായർക്കെതിരെ സമ്മർദ്ദം ചെലുത്താൻ തുടങ്ങി. അദ്ദേഹം തന്റെ സ്ഥാനം രാജിവച്ച് അലഹബാദ് ഹൈക്കോടതിയിൽ അഭിഭാഷകനായി പ്രവർത്തിക്കാൻ തുടങ്ങി. 1962ലെ തിരഞ്ഞെടുപ്പിൽ ബഹ്റൈച്ച്, കൈസർഗഞ്ച് മണ്ഡലങ്ങളിൽ മത്സരിച്ചു വിജയിക്കാൻ നായർ ദമ്പതികളെ ജനങ്ങൾ സഹായിച്ചു. പിന്നീട് ഇന്ദിര ഭരണകൂടം രാജ്യത്ത് അടിയന്തരാവസ്ഥ ഏർപ്പെടുത്തുകയും ദമ്പതികളെ അറസ്റ്റ് ചെയ്യുകയും ജയിലിലടക്കുകയും ചെയ്തു. എന്നാൽ അവരുടെ അറസ്റ്റ് അയോധ്യയിൽ വലിയ കോളിളക്കം സൃഷ്ടിച്ചു, ഭയന്ന സർക്കാർ അവരെ ജയിലിൽ നിന്ന് മോചിപ്പിച്ചു.

1977 സെപ്റ്റംബർ 7 ന് മരണപ്പെടുന്നതുവരെ അദ്ദേഹം ജനസംഘത്തിന്റെ പ്രവർത്തകനായിരുന്നു. യുപി നിവാസികൾ വളരെ ബഹുമാനത്തോടെയാണ് 'നായർ സാബി'നെ കാണുന്നത്. അയോദ്ധ്യയിലെ വീടുകയിൽ അദ്ദേഹത്തിന്റെ ചിത്രം ആദരവോടെ സൂക്ഷിക്കുന്നു.എന്നാൽ ജന്മനാടായ കേരളം അദ്ദേഹത്തിന് യാതൊരു ആദരവും നൽകിയിട്ടില്ല.

---

**കോ**ഴിക്കോട് കൊടുവള്ളി സ്വദേശിയായ കരിങ്ങമണ്ണ് കുഴിയിൽ മുഹമ്മദ് എന്ന ഗവേഷകൻ. ബാബറി മസ്ജിദ് എന്ന കെട്ടിടത്തിനടിയിൽ ഒരു ക്ഷേത്രത്തിന്റെ അവശിഷ്ടങ്ങൾ ഉണ്ടെന്ന് പരസ്യമായി പറഞ്ഞയാളാണ്. ഇതിനുള്ള നിർണ്ണായക തെളിവുകളും അദ്ദേഹം ഹാജരാക്കി

കെ.കെ മുഹമ്മദ്ട് ജനങ്ങളിലേക്ക് എത്തിച്ച തന്റെ ഗവേഷണങ്ങളിൽ നിന്നുള്ള നിരീക്ഷണങ്ങൾക്ക് ഇന്നത്തെ കാലഘട്ടത്തിൽ ഏറെ മൂല്യമുണ്ട്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ആ വിഷയത്തെക്കുറിച്ചുള്ള പഠനത്തിൽ ആധിപത്യം പുലർത്തിയിരുന്ന മാർക്സിസ്റ്റ് ചരിത്രകാരന്മാരുടെ ഞെരിച്ചമർത്തലിൽ നിന്ന് അദ്ദേഹം ഇന്ത്യൻ ചരിത്രത്തെ വീണ്ടെടുത്തു. രാമക്ഷേത്രത്തിന്റെ അവശിഷ്ടങ്ങൾ തർക്ക മന്ദിരത്തിൽ നിന്നും ലഭിച്ചു എന്ന പലരും ചേർന്ന് പൂഴ്ത്തിവെയ്ക്കപ്പെട്ട സത്യം, ജനങ്ങളിലേക്ക് എത്തിച്ചത് അദ്ദേഹമാണ്.

അതുവരെ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ മാദ്ധ്യമങ്ങളും മുൻ സർക്കാറും ഉപയോഗിച്ച റൊമില ഥാപ്പറിന്റെയും ഇർഫാൻ ഹബീബിന്റെയും നിർമ്മിത സിദ്ധാന്തങ്ങളെ അവരുടെ പ്രത്യയശാസ്ത്രപരമായ നിർമ്മിതിയാണെന്ന് വെളിപ്പെടുന്നത് വി.ബി.ലാലും മുഹമ്മദും അടക്കമുള്ളവർ സമർപ്പിച്ച ഗവേഷണങ്ങളിൽ നിന്നുള്ള കണ്ടെത്തലുകളാണ്. മാർക്സിസ്റ്റ് ഗവേഷകർ ചരിത്രത്തെ വളച്ചൊടിച്ച് കൊണ്ട് നിർമ്മിച്ചെടുത്ത ദന്ത ഗോപുരങ്ങൾ തകർത്തെറിഞ്ഞതും ആ തെളിവുകളാണ്. പുരാവസ്തു ഗവേഷകനായ അദ്ദേഹത്തിന്റെ സംഭാവനയേയും നാം അംഗീകരിക്കണം

■

# പെൻഷനേഴ്സ് സംഘ് ജില്ലാ സമ്മേളനം

**കോഴിക്കോട്:** സ്റ്റേറ്റ് പെൻഷനേഴ്സ് സംഘ് 28-ാം കോഴിക്കോട് ജില്ല സമ്മേളനം കുന്ദമംഗലം ഹൈസ്കൂൾ ഹാളിൽ നടന്നു. പെൻഷൻകാരുടെയും ജീവനക്കാരുടെയും ആനുകൂല്യങ്ങൾ കുടിശ്ശികയാക്കുന്നതിൽ മുൻപന്തിയിലാണ് കേരളം എന്ന് പെൻഷനേഴ്സ് സംഘ് സംസ്ഥാന വൈസ് പ്രസിഡന്റ് വി. ശ്രീനിവാസൻ പറഞ്ഞു. പെൻഷനേഴ്സ് സംഘ് ജില്ലാ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. 2021-ലെ പെൻഷൻ പരിഷ്കരണത്തിന്റെയും ക്ഷാമബത്തയുടെയും രണ്ട് ഗഡുക്കൾ ഇനിയും സർക്കാർ അനുവദിച്ചിട്ടില്ല. ഈ ആനുകൂല്യങ്ങൾ ഒന്നും ലഭിക്കാതെ 80000 പെൻഷൻകാർ മരണമടഞ്ഞുവെന്ന വാർത്ത ഏവരിലും ഞെട്ടലുണ്ടാക്കിയതാണ്. വിലക്കയറ്റം നേരിടുന്നതിനായി കേന്ദ്രം 2021 മുതൽ പ്രഖ്യാപിച്ച 18% ക്ഷാമബത്ത 3 കൊല്ലങ്ങൾ ആയി സർക്കാർ അനുവദിച്ചിട്ടില്ല. പെൻഷൻകാരിൽനിന്നും മാസം 500 രൂപ പിടിച്ചെടുത്തുകൊണ്ട് സർക്കാർ പ്രഖ്യാപിച്ച മെഡിസെപ് ആരോഗ്യ ഇൻഷുറൻസ് വഞ്ചനയായി പരിണമിച്ചിരിക്കുന്നു. എല്ലാറ്റിനും കേന്ദ്ര സർക്കാരിനെ പഴി പറയുന്ന സംസ്ഥാന സർക്കാരിന്റെ അഴിമതിയും ധൂർത്തുമാണ് സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി രൂക്ഷമാക്കാൻ കാരണം എന്നും അദ്ദേഹം പറഞ്ഞു.

ജില്ലാ പ്രസിഡന്റ് സുരേന്ദ്രൻ പുതിയേടത്ത് അധ്യക്ഷത വഹിച്ചു. സ്വാഗതസംഘം ചെയർമാൻ പി.എൻ. ദേവദാസൻ സ്വാഗതം പറഞ്ഞു. ബി.ജെ.പി. ഉത്തരമേഖല പ്രസിഡന്റ് ടി.പി. ജയചന്ദ്രൻ മാസ്റ്റർ മുഖ്യപ്രഭാഷണം നടത്തി. പെൻഷനേഴ്സ് സംഘ് ജില്ലാ ജോയന്റ് സെക്രട്ടറി ബാലചന്ദ്രൻ മാസ്റ്റർ അനുശോചന പ്രമേയം അവതരിപ്പിച്ചു. കുന്ദമംഗലം ഗ്രാമ പഞ്ചായത്ത് മെമ്പർ ഷാജി, കേസരി സഹ പത്രാധിപർ സി.എം. രാമചന്ദ്രൻ മാസ്റ്റർ, എൻ.ജി.ഒ. സംഘ് സംസ്ഥാന സമിതിയംഗം ബിജു കെ., എൻ.ടി.യു. ജില്ലാ പ്രസിഡന്റ് ബൈജു സി. എന്നിവർ സംസാരിച്ചു. സ്വാഗത സംഘം ജനറൽ കൺവീനർ ബാബുരാജ് മാമ്പറ്റ നന്ദി പറഞ്ഞു.

വനിത സമ്മേളനത്തിൽ ജില്ല ജോയിന്റ് സെക്രട്ടറി പെണ്ണുട്ടി ടീച്ചർ അധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറി കെ. ബാലാമണി ഉദ്ഘാടനം ചെയ്തു. ശോഭന എം. സ്വാഗതം പറഞ്ഞു. ജയറാണി നന്ദി പറഞ്ഞു.

പ്രതിനിധി സമ്മേളനത്തിൽ ജില്ലാ വൈസ് പ്രസിഡന്റ് വി. മോഹനൻ മാസ്റ്റർ അധ്യക്ഷത വഹിച്ചു. സംസ്ഥാന പ്രസിഡന്റ് എം.കെ. സദാനന്ദൻ ഉദ്ഘാടനം ചെയ്തു. ജില്ല സെക്രട്ടറി ടി.വി. ശ്യാമപ്രസാദ് പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ഖജാൻജി കുട്ടി നാരായണൻ കണക്ക് അവതരിപ്പിച്ചു. സുബ്രഹ്മണ്യൻ മാസ്റ്റർ സ്വാഗതവും അഴകത്ത് സോമൻ നമ്പ്യാർ നന്ദിയും പറഞ്ഞു.

സമാപന സമ്മേളനത്തിൽ സംസ്ഥാന സമിതിയംഗം വിജയൻ ചക്കാലക്കൽ അധ്യക്ഷത വഹിച്ചു. സംസ്ഥാന ഖജാൻജി അഡ്വ. ജയഭാനു പി. സമാപന പ്രഭാഷണം നടത്തി. ഗോപാലൻ മാസ്റ്റർ സ്വാഗതവും സദാനന്ദൻ മാസ്റ്റർ ചേറ്റൂർ നന്ദിയും പറഞ്ഞു.



**കേരള സ്റ്റേറ്റ് പെൻഷനേഴ്സ് സംഘ് കോഴിക്കോട് ജില്ലാ സമ്മേളനം സംസ്ഥാന വൈസ് പ്രസിഡണ്ട് വി.ശ്രീനിവാസൻ ഉദ്ഘാടനം ചെയ്യുന്നു.**

# ബി.എം.എസ്. 20-ാം സംസ്ഥാന സമ്മേളനത്തിന് കാഹളമുയരുകയായ്




ഭാരതീയ മസ്ദൂർ സംഘം, 20-ാം സംസ്ഥാന സമ്മേളനം, 2024 ഫെബ്രുവരി 9, 10, 11 തീയതികളിലായി പാലക്കാട് പ്രസന്നാലക്ഷ്മി ഓഡിറ്റോറിയത്തിൽ (ആർ. വേണുഗോപാൽനഗർ) ബി.എം.എസ്. അഖിലേന്ത്യാ ജനറൽ സെക്രട്ടറി രവീന്ദ്രഹിംതെ ഉദ്ഘാടനം ചെയ്യും.

പ്രകടനം, പൊതുസമ്മേളനം, പ്രതിനിധിസമ്മേളനം, സെമിനാറുകൾ തുടങ്ങി വിവിധങ്ങളായ പരിപാടികളാണ് സമ്മേളനത്തോടനുബന്ധിച്ച് നടക്കുന്നത്.

സമ്മേളനത്തിനു സമാരംഭം കുറിച്ചുകൊണ്ട് ഫെബ്രുവരി ഒന്നാം തീയതി പതാകദിനം ആഘോഷിക്കും. കേരളത്തിലെ 12,000 ത്തിൽ അധികം വരുന്ന ബി.എം.എസ്. യൂണിറ്റുകളിൽ പതാക ഉയർത്തുകയും സമ്മേളന വിളംബരം നടക്കുകയും ചെയ്യും.

**സെമിനാറുകൾ**

സർക്കാർമേഖല, പൊതുമേഖല, സ്വകാര്യമേഖല, അസംഘടിത മേഖല എന്നിങ്ങനെ കേരളത്തിന്റെ തൊഴിൽ മേഖലയെ വ്യത്യസ്ഥ മേഖലകളാക്കി തിരിച്ചുകൊണ്ട് ഓരോ മേഖലയും നേരിടുന്ന പ്രധാന പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരവും സെമിനാറുകളിൽ ചർച്ച ചെയ്യപ്പെടും. സർക്കാർ മേഖലയിൽ, ജീവനക്കാർ നേരിടുന്ന പ്രശ്നങ്ങളും പ്രതിസന്ധിയും അവയ്ക്കുള്ള പരിഹാരവും എന്ന സെമിനാർ ജനുവരി 31-ന് തിരുവനന്തപുരം പ്രസ്സ്ക്ലബ്ബ്ഹാളിൽ, ബി.എം.എസ്. സംസ്ഥാന പ്രസിഡന്റ് സി. ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ ഉദ്ഘാടനം നിർവഹിക്കും. ഫെറ്റോ സംസ്ഥാന പ്രസിഡന്റ് എസ്.കെ. ജയകുമാർ അദ്ധ്യക്ഷത (മോഡറേറ്റർ) വഹിക്കുകയും, എൻ.ജി.ഒ. സംഘ് സംസ്ഥാന പ്രസിഡന്റ് ടി. എൻ. രമേശൻ വിഷയാവതരണം നടത്തുകയും ചെയ്യും. എൻ.ജി.ഒ. സംഘ് സംസ്ഥാന ജനറൽ സെക്രട്ടറി പ്രകാശ്, ആർ.ആർ.കെ.എം.എസ്. വൈസ് പ്രസിഡന്റ് പി. സുനിൽകുമാർ, ഇതര സർവ്വീസ് സംഘടനകളുടെ പ്രമുഖ നേതാക്കന്മാർ തുടങ്ങിയവർ സെമിനാറിൽ പങ്കെടുത്തു സംസാരിക്കും.

**പൊതുമേഖല:** പൊതുമേഖല കേരളത്തിൽ നേരിടുന്ന തകർച്ച, ജീവനക്കാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ അവയ്ക്കുള്ള പരിഹാരം എന്നീ വിഷയത്തിൽ നടക്കുന്ന സെമിനാർ ജനുവരി 28-ാം തീയതി, എറണാകുളത്ത് ബഹു. വിദേശകാര്യ പാർലമെന്ററികാര്യ

സഹമന്ത്രി വി. മുരളീധരൻ ഉദ്ഘാടനം ചെയ്യും. ബി.എം.എസ്. ദേശീയ നിർവ്വാഹക സമിതിയംഗം കെ.കെ.വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന സെമിനാറിൽ ബി.എം.എസ്. സംസ്ഥാന അധ്യക്ഷൻ സി. ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ സംബന്ധിക്കും. ബി.എം.എസ്. സംസ്ഥാന സെക്രട്ടറി കെ.വി. മധുകുമാർ വിഷയാവതരണം നടത്തും. വ്യത്യസ്ത മേഖലകളിൽ നിന്നുള്ള വിദഗ്ധർ സെമിനാറിൽ പങ്കെടുക്കും. ബഹു. ഇ.ശ്രീധരൻ, കൊച്ചിൻ ഷിപ്യാർഡ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ മധു. എസ്. നായർ, മുതിർന്ന മാധ്യമ പ്രവർത്തകർ ഡോ. സെബാസ്റ്റ്യൻപോൾ, സാമ്പത്തിക വിദഗ്ധൻ, ഡോ.പ്രിയേഷ്, പ്രമുഖ ട്രേഡ് യൂണിയൻ നേതാക്കന്മാർ തുടങ്ങിയവരെയാണ് സെമിനാറിൽ പ്രതീക്ഷിക്കുന്നത്.

**സ്വകാര്യമേഖല:** സ്വകാര്യമേഖല നേരിടുന്ന വെല്ലുവിളിയും അവയ്ക്കുള്ള പരിഹാരവുമെന്ന സെമിനാർ കഞ്ചിക്കോട് 2024 ജനുവരി 24-ാം തീയതി ബി.എം.എസ്. അഖിലേന്ത്യാ സെക്രട്ടറി വി. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. ബി.എം.എസ്. സംസ്ഥാന ഖജാൻജി സി. ബാലചന്ദ്രൻ അധ്യക്ഷത വഹിക്കുന്ന യോഗത്തിൽ വി. രാജേഷ് വിഷയാവതരണം നടത്തും. പി.കെ. ശശി, സി.ഐ.ടി.യു. സംസ്ഥാന വൈസ് പ്രസിഡന്റ്, വിജയൻ കനിശ്ശേരി, എ.ഐ.ടി.യു.സി. സംസ്ഥാന വൈസ് പ്രസിഡന്റ്, മനോജ് ചിങ്ങന്നൂർ ഐ.എൻ.ടി.യു.സി. ജില്ലാ സെക്രട്ടറി, പാലക്കാട് മാനേജ്മെന്റ് അസോസിയേഷൻ പ്രസിഡന്റ് സജീവ് കുമാർ, കഞ്ചിക്കോട് സ്റ്റീൽ മാനുഫാക്ചറേഴ്സ് അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി, ബി. രാധാകൃഷ്ണൻ തുടങ്ങിയ പ്രമുഖർ പങ്കെടുക്കും.

അസംഘടിതമേഖല: അസംഘടിത മേഖലയിലെ പ്രതിസന്ധിയും പരിഹാരവുമെന്ന സെമിനാർ 2024 ജനുവരി 24-ാം തീയതി കോഴിക്കോട് നളന്ദ ഓഡിറ്റോറിയത്തിൽ ബി.എം.എസ്. സംസ്ഥാന ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ശിവജി സുദർശൻ ഉദ്ഘാടനം ചെയ്യും. ബി.എം.എസ്.സംസ്ഥാന സെക്രട്ടറി അഡ്വ.പി.മുരളീധരൻ, വൈസ്.പ്രസിഡന്റ് ഇ. ദിവാകരൻ, സി.ഐ.ടി.യു, ഐ.എൻ.ടി.യു.സി, എ.ഐ.ടി.യു.സി, എസ്.ടി.യു, എന്നീ സംഘടനകളുടെ പ്രതിനിധികളും സെമിനാറിൽ പങ്കെടുക്കും.

## ഉദ്ഘാടന സഭയുടെ സമയക്രമം (10-02-2024)

8.30 - രജിസ്ട്രേഷൻ

9.30 - പതാക ഉയർത്തൽ

9.45 - മസ്ദൂർഗീതം

9.50 - വന്ദേമാതരം

10.am. - ഉദ്ഘാടന സമ്മേളനം

3. pm. - ജനറൽ സെക്രട്ടറി റിപ്പോർട്ട്, സാമ്പത്തിക റിപ്പോർട്ട്.

5 - 6 pm - പ്രഭാഷണം - കെ.പി. രാധാകൃഷ്ണൻ (രാഷ്ട്രീയ സ്വയംസേവക സംഘം കേരള പ്രാന്ത സഹ കാര്യവാഹക്)

6.30 - 8.30 pm - സംഘടനാ ചർച്ച

9 - 10 pm - പ്രമേയങ്ങൾ

## 11-02-2024

8.30 - 9.30 am - പ്രഭാഷണം - ആദികേശവൻ (സാമ്പത്തിക കാര്യവിദഗ്ദൻ)

വിഷയം: 'കേരളത്തിന്റെ സാമ്പത്തിക പ്രതിസന്ധി'

9.30 - 10.30 am - പ്രമേയങ്ങൾ (തുടർച്ച)

11 - 12 pm - വനിതാ മുന്നേറ്റം - അവതരണം - അഡ്വ. എസ്.ആശാമോൾ (ബി.എം.എസ്. ദേശീയ സമിതിയംഗം)

12 - 1 pm - പ്രമേയങ്ങൾ (തുടർച്ച)

2.30 - ഭാരവാഹി തെരഞ്ഞെടുപ്പ്,

സമാപനം - എസ്. ദുരൈരാജ് (ബി.എം.എസ്. ദക്ഷിണക്ഷേത്ര സംഘടനാ സെക്രട്ടറി)

# സമ്മേളനവിജയത്തിന് വിപുലമായ ഒരുക്കങ്ങൾ

**സം**സ്ഥാന സമ്മേളനത്തിന്റെ വിജയകരമായ നടത്തിപ്പിലായി ബഹു: റിട്ടയേർഡ് ജില്ലാ ജഡ്ജി ശ്രീമതി ഇന്ദിര, സ്വാഗതസംഘം ചെയർമാനും സി. ബാലചന്ദ്രൻ ജനറൽ കൺവീനറും, രക്ഷാധികാരിയായി സി. സോമസുന്ദരം (ആർ.എസ്.എസ്. വിഭാഗ് സംഘചാലക്) ടി.എം. നാരായണൻ, നാരായണൻ കേക്കടവൻ, ഹരിശങ്കർ, കെ. കൃഷ്ണൻകുട്ടി, ശ്രീമതി പ്രിയ അജയൻ, അഡ്വ. ഇ. കൃഷ്ണദാസ് (മുൻസിപ്പൽ വൈസ് ചെയർമാൻ), സി.എച്ച്. രമേശ് (കിസാൻസംഘ്), എ കുമാരൻ (വനവാസി വികാസ് കേന്ദ്രം) തുടങ്ങി വിപുലമായ വ്യത്യസ്ഥ കമ്മിറ്റികളുടെ നേതൃത്വത്തിൽ പ്രവർത്തനം നടന്നുവരുന്നു.

9-ാം തീയതി വൈകിട്ട് കോട്ടമൈതാനത്ത് ആയിരക്കണക്കിനു തൊഴിലാളികൾ പങ്കെടുക്കുന്ന പ്രകടനവും പൊതുസമ്മേളനവും നടക്കും. പൊതു സമ്മേളനത്തിൽ ബി.എം.എസ്. സംസ്ഥാന അധ്യക്ഷൻ സി. ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ അധ്യക്ഷത വഹിക്കും. ബി.എം.എസ്. അഖിലേന്ത്യാ സെക്രട്ടറി വി. രാധാകൃഷ്ണൻ സമ്മേളനം ഉദ്ഘാടനം ചെയ്യും. ദക്ഷിണ ക്ഷേത്ര സംഘടനാ സെക്രട്ടറി എസ്.ദുരൈരാജ്, സഹ സംഘടനാ സെക്രട്ടറി എം.പി.രാജീവൻ, ദേശീയ സമിതി അംഗം കെ.കെ. വിജയകുമാർ തുടങ്ങിയവർ സമ്മേളനത്തിൽ പങ്കെടുത്തു സംസാരിക്കും.

വൈകിട്ട് 7 മണിക്ക് നടക്കുന്ന പ്രവർത്തക സമിതി യോഗം ബി.എം.എസ്. ദേശീയ സമിതി അംഗം കെ.കെ. വിജയകുമാർ ഉദ്ഘാടനം ചെയ്യും.

**ഉദ്ഘാടന സമ്മേളനം**

ആർ. വേണുഗോപാൽ നഗറിൽ ചേരുന്ന (പ്രസന്നലക്ഷ്മി ഓഡിറ്റോറിയം) 20-ാം സംസ്ഥാന സമ്മേളന പ്രതിനിധി സമ്മേളനം ബി.എം.എസ്. അഖിലേന്ത്യാ ജനറൽ സെക്രട്ടറി രവീന്ദ്രഹിംതെ ഉദ്ഘാടനം ചെയ്യും. സംസ്ഥാന അധ്യക്ഷൻ സി. ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ അധ്യക്ഷത വഹിക്കുന്ന യോഗത്തിൽ സ്വാഗത സംഘം ചെയർപേഴ്സൺ റിട്ട: ജഡ്ജി ശ്രീമതി ഇന്ദിര കേരളത്തിലെ വിവിധ ട്രേഡ് യൂണിയനുകളെ പ്രതിനിധീകരിച്ച്, സി.ഐ.ടി.യു. സംസ്ഥാന പ്രസിഡന്റും മുൻ തൊഴിൽവകുപ്പു മന്ത്രിമാരുമായ ടി.പി. രാമകൃഷ്ണൻ, ഐ.എൻ.ടി.യു.സി. സംസ്ഥാന പ്രസിഡന്റ് ആർ.



ചന്ദ്രശേഖരൻ, എ.ഐ.ടി.യു.സി സംസ്ഥാന ജനറൽ സെക്രട്ടറി കെ. പി. രാജേന്ദ്രൻ, യു.ടി.യു.സി. അഖി. പ്രസിഡന്റ് എ.എ. അസീസ്സ്, എസ്.ടി.യു. സംസ്ഥാന പ്രസിഡന്റ് റഹ്മത്തുള്ള, എസ്.ഇ.ഡബ്ല്യു. എ. സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീമതി സോണിയ ജോർജ്, ബി. എം.എസ്. മുൻ അഖിലേന്ത്യാ പ്രസിഡന്റ് അഡ്വ. സജിനാരായണൻ, അഖി. സെക്രട്ടറി വി. രാധാകൃഷ്ണൻ, ദക്ഷിണ ക്ഷേത്ര സംഘടനാ സെക്രട്ടറി എസ്. ദുരൈരാജ്, സഹസംഘടനാ സെക്രട്ടറി എം.പി. രാജീവൻ, കേന്ദ്രസമിതി അംഗം കെ.കെ. വിജയകുമാർ, സംസ്ഥാന ജനറൽ സെക്രട്ടറി ജി.കെ. അജിത് തുടങ്ങിയവർ പങ്കെടുത്തു സംസാരിക്കുന്നതാണ്.

സമ്മേളനത്തിൽ വ്യത്യസ്ഥ മേഖലകളെ സംബന്ധിക്കുന്ന ഒമ്പത് ഔദ്യോഗിക പ്രമേയങ്ങൾ അവതരിപ്പിക്കും.

* മിനിമം വേജസ്സിനു പകരം ലിവിംഗ് വേജസ് നടപ്പാക്കണം
* സാമ്പത്തിക പ്രമേയം - കേരളം നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയും - പരിഹാരവും
* പൊതുമേഖല - വെല്ലുവിളികൾ
* ഇ.എസ്.ഐ. - ഇ.പി.എഫ്. - കാലോചിതമായ പരിഷ്കാരം
* അസംഘടിത മേഖല - വെല്ലുവിളിയും പരിഹാരവും
* കരാർ തൊഴിലാളികൾ - വെല്ലുവിളികൾ
* സ്ത്രീ തൊഴിലാളികൾ നേരിടുന്ന വെല്ലുവിളികൾ
* സ്വകാര്യ വ്യവസായ മേഖല - തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധികൾ
* സർവ്വീസ് മേഖല - പ്രതിസന്ധി - പരിഹാരം

## സമ്മേളനത്തെ വരവേൽക്കാൻ തകൃതിയായ ഒരുക്കങ്ങളുമായി പാലക്കാട്

**ക**രിമ്പനകളും കൽപ്പാത്തി ത്തേരും 'കറയറ്റൊരാലസൽ ഗ്രാമഭംഗി'യെന്ന കാവ്യമാധുരിയാൽ ലോക ശ്രദ്ധ നേടിയ കൊല്ലങ്കോടും നിറച്ചാർത്തു പകരുന്ന പാലക്കാടിന്റെ ഹൃദയത്തുടിപ്പുകൾക്കു പോലും ദേശീയതയുടെ വശ്യതാളം പകർന്നു നൽകി ഭാരതീയ മസ്ദൂർ സംഘത്തിന്റെ ഇരുപതാം സംസ്ഥാന സമ്മേളനത്തിനായി പാലക്കാട് തയ്യാറെടുക്കുകയാണ്. രണ്ടു ദശാബ്ദങ്ങൾക്കിപ്പുറം പാലക്കാട് ജില്ല ആതിഥേയത്വം വഹിക്കുന്ന സമ്മേളനത്തിനായി പ്രവർത്തകർ ആവേശപൂർവ്വം സജ്ജീകരണങ്ങളൊരുക്കുന്ന തിരക്കിലാണ്. ഫെബ്രുവരി 9,10,11 തീയതികളിൽ നടക്കുന്ന സമ്മേളനത്തിന്റെ പ്രധാന വേദിയായി നിശ്ചയിക്കപ്പെട്ടത് പാലക്കാട് നഗരത്തിൽ തന്നെയുള്ള പ്രസന്ന ലക്ഷ്മി ഓഡിറ്റോറിയമാണ്. റിട്ട.ജില്ലാ ജഡ്ജ് ശ്രീമതി.കെ.ഇന്ദിര ചെയർ പേഴ്സണും, ബി.എം.എസ് സംസ്ഥാന ട്രഷറർ സി.ബാലചന്ദ്രൻ ജനറൽ കൺവീനറുമായി 501 അംഗ സ്വാഗത സംഘ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തി വരുന്നു.

ബി.എം. എസ് ജില്ലാ ആസ്ഥാനം തന്നെ സ്വാഗത സംഘം ഓഫീസായി നിശ്ചയിക്കപ്പെട്ടതോടെ കൊടി തോരണങ്ങളും മനോഹരകമാനങ്ങളുമായി ജില്ലാ ഓഫീസിന്റെ മുഖഛായ തന്നെ മാറ്റപ്പെട്ടു. ചുവരെഴുത്തുകളും പതിനായിരക്കണക്കിന് പോസ്റ്ററുകളും ജില്ലയുടെ കണ്ണായ പ്രദേശങ്ങളിൽ പ്രദർശിപ്പിക്കപ്പെട്ടു. വാളയാർ മുതൽ ചാലിശ്ശേരി വരെ നീണ്ടുകിടക്കുന്നു വിസ്തൃത ഭൂപ്രദേശങ്ങളിൽ സമ്മേളനത്തിന്റെ വരവറിയിച്ച് പടുകൂറ്റൻ ബോർഡുകൾ ഉയർന്നു. പ്രവർത്തകർ ആവേശപൂർവ്വം സമ്മേളനത്തെ വരവേൽക്കുന്ന കാഴ്ചയാണ് ജില്ലയിലങ്ങോളമിങ്ങോളമുള്ളത്.

നിലവിലുള്ള ജില്ലാ ഭാരവാഹികളും മുൻ ജില്ലാ ഭാരവാഹികളും ഉൾപ്പെടുന്ന ജില്ലാ ഗണത്തിന്റെ നേതൃത്വത്തിലാണ് സമ്മേളന പ്രവർത്തനങ്ങൾക്ക് അശ്വവേഗം തീർക്കുന്നത്. ഇതുവരെ നടന്ന സംസ്ഥാന സമ്മേളനങ്ങളിലെ സംഘടനാചാര്യകൾ നിലനിർത്തിക്കൊണ്ട് വ്യത്യസ്തവും മനോഹരവുമാക്കി ഇരുപതാം സമ്മേളനത്തെ അണിയിച്ചൊരുക്കുന്നതിനുള്ള പദ്ധതികൾ ചർച്ച ചെയ്യുകയും അതിനുള്ള പ്രവർത്തനങ്ങളുമായി അശ്രാന്ത പരിശ്രമം നടക്കുകയും ചെയ്യുന്നു. വിവിധ ജില്ലകളിൽ നിന്നും വരുന്ന ആയിരത്തിലധികം പ്രതിനിധികൾക്ക് താമസ സൗകര്യവും ഭക്ഷണം വ്യവസ്ഥയും സജ്ജീകരിക്കാനുള്ള പ്രവർത്തനം അവസാന ഘട്ടത്തിലാണ്.

പാലക്കാട് ജില്ലയിൽ നിന്നും കാൽ ലക്ഷത്തോളം തൊഴിലാളികളെ അണിനിരത്തി ജില്ല കണ്ട ഏറ്റവും വലിയ പ്രകടനത്തിലൂടെ ചരിത്രം കുറിക്കുവാനുള്ള തയ്യാറെടുപ്പിലാണ് പ്രവർത്തകർ. നൂറു കണക്കിന് വാഹനങ്ങൾ ഇതിനോടകം ഏർപ്പാടാക്കി കഴിഞ്ഞു. ഫെബ്രുവരി 9 ന് വിക്ടോറിയ കോളേജിനു മുമ്പിൽ നിന്നും കോട്ടമൈതാനത്തേക്ക് നടക്കുന്ന പ്രകടനത്തിനു മാറ്റുകൂട്ടാനുള്ള വാദ്യഘോഷങ്ങളും തനതു കലാരൂപങ്ങളും തയ്യാറാക്കാനുള്ള പരിശ്രമത്തിലാണ് മേഖലാ ഭാരവാഹികൾ.

ബി.എം.എസ് മുൻ പാലക്കാട് ജില്ലാ പ്രസിഡന്റും സ്വാഗത സംഘം രക്ഷാധികാരിയുമായ ബി.ഗംഗാധരന്റെ വിയോഗം വേദനയായി നിറയുമ്പോഴും, അദ്ദേഹമുൾപ്പടെ കൊളുത്തി വെച്ച ആദർശ ദീപം സ്മരിച്ച് സമഗ്രമായ ഒരുക്കങ്ങളിലൂടെ കേരളത്തിന്റെ തൊഴിലാളി ചരിത്രത്തിൽ രേഖപ്പെടുത്തുന്ന അവിസ്മരണീയ മുഹൂർത്തത്തിനായുള്ള കാത്തിരിപ്പിലാണ് പാലക്കാട്ടെ തൊഴിലാളി സമൂഹം.

# സ്വകാര്യ സ്കൂൾ മാനേജ്മെന്റിന്റെ തൊഴിലാളി ദ്രോഹ നടപടികൾ അവസാനിപ്പിക്കണം

**ആലപ്പുഴ:** കേരളത്തിലെ സ്വകാര്യ മാനേജ്മെന്റിന്റെ കീഴിലുള്ള അൺ എയ്ഡഡ് സ്കൂളുകളിൽ ജോലി ചെയ്തുവരുന്ന ആയിരക്കണക്കിന് ജീവനക്കാർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങളും വേതനവും നൽകാതെ മാനേജ്മെന്റ് പീഡിപ്പിക്കുകയാണ്. 'തുല്യ ജോലിക്ക് തുല്യ വേതനം' എന്ന നിയമം ഉണ്ടെങ്കിലും അത് നല്കാൻ മിക്ക മാനേജ്മെന്റ് കളും തയ്യാറാകുന്നില്ലയെന്നും, അധ്യാപക അനധ്യാപക ജീവനക്കാർക്ക് തുല്യ വേതനവും, മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കണമെന്നും ആൾ കേരള അൺ എയ്ഡഡ് സ്കൂൾ സ്റ്റാഫ് അസോസിയേഷൻ ആലപ്പുഴ ജില്ലാ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് ബി.എം.എസ്. സംസ്ഥാന സെക്രട്ടറി കെ.ചന്ദ്രലത ആവശ്യപ്പെട്ടു. യൂണിയൻ ജില്ലാ പ്രസിഡന്റ് ബി.രാജശേഖരൻ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി കെ.സദാശിവൻപിള്ള വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. അന്നക്കുട്ടി,ജെ.മനോജ്,എന്നിവർ സംസാരിച്ചു. ബി.എം.എസ്. ജില്ലാ സെക്രട്ടറി ജി.ഗോപകുമാർ പുതിയ ഭാരവാഹികളെ പ്രഖ്യാപിക്കുകയും ചെയ്തു.



**ആൾ കേരള അൺ എയ്ഡഡ് സ്ക്കൂൾ സ്റ്റാഫ് അസോസിയേഷൻ ആലപ്പുഴ ജില്ലാ സമ്മേളനം ബി.എം.എസ്. സംസ്ഥാന സെക്രട്ടറി കെ.ചന്ദ്രലത ടീച്ചർ ഉദ്ഘാടനം ചെയ്യുന്നു.**

പുതിയഭാരവാഹികളായി അഡ്വ.ഗ്രീഷ്മ അരുൺ പ്രസിഡന്റ് ആയും കെ.സദാശിവൻ പിള്ളയെ ജനറൽ സെക്രട്ടറിയായും തെരഞ്ഞെടുത്തു.

# സെക്യൂരിറ്റി എംപ്ലോയീസ് സംഘ് വാർഷിക സമ്മേളനം

**കാസർഗോഡ്:** സെക്യൂരിറ്റി എംപ്ലോയിസ് സംഘ് പെരിയ സെൻട്രൽ യൂണിവേഴ്സിറ്റി യൂണിറ്റ് വാർഷിക സമ്മേളനം സെക്യൂരിറ്റി എംപ്ലോയീസ് സംഘ് ജില്ലാ സെക്രട്ടറി കെ.എ. ശ്രീനിവാസൻ ഉദ്ഘാടനം ചെയ്തു. വിനോദ് സി യുടെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ പ്രവർത്തന റിപ്പോർട്ട് വരവ് ചിലവ് കണക്ക് അവതരിപ്പിച്ചു പുതിയ ഭാരവാഹികൾ പ്രസിഡൻറ് വിനോദ് സി, വൈസ് പ്രസിഡനറ്മാരായി ടി.വി സുരേഷ്, എകെ സുരേഷ് സെക്രട്ടറി രവീന്ദ്രൻ പുലിക്കോടൻ ജോ.. സെക്രട്ടറിമാരായി സുനിൽകുമാർ പി.ടി ശശികുമാർ മുളിയാർ ട്രഷറർ ഉണ്ണി പി.വി. എന്നിവരെ തെരഞ്ഞെടുത്തു രവീന്ദ്രൻ പുലിക്കോടൻ സ്വാഗതവും ശശികുമാർ മുളിയാർ നന്ദിയും രേഖപ്പെടുത്തി.




# കെ. എസ്. ആർ. ടി. സി:
# കൃത്യമായ കണക്കുകൾ പുറത്തുവിടണം

**പാലക്കാട്** : കെ.എസ്.ആർ.ടി.സിയിലെ വരവു ചെലവു കണക്കുകൾ തോന്നുംപടി അവതരിപ്പിച്ച് ജീവനക്കാരുടെ ശമ്പളം നിഷേധിക്കുന്ന നടപടിയാണ് ഇടതുസർക്കാർ സ്വീകരിക്കുന്നതെന്ന് കെ.എസ്.ടി. എംപ്ലോയീസ് സംഘ് സംസ്ഥാന ഡെപ്യൂട്ടി ജനറൽ സെക്രട്ടറി പ്രദീപ് വി. നായർ പറഞ്ഞു. എംപ്ലോയീസ് സംഘിന്റെ പാലക്കാട് ജില്ലാ സമ്മേളനം ബി.എം.എസ്. ജില്ലാ കാര്യാലയത്തിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ജീവനക്കാരിൽനിന്നും ഈടാക്കുന്ന പി.എഫ്. വിഹിതവും എൻ.പി.എസ്. പെൻഷൻ വിഹിതവും വിവിധ ധനകാര്യസ്ഥാപനങ്ങളിലേക്കുള്ള വായ്പാ തിരിച്ചടവും ഉൾപ്പെടെയുള്ള തുക സ്ഥാപനങ്ങളിൽ അടക്കാതെ സർക്കാർ കൊള്ളയടിക്കുകയാണ്. കൃത്യവും വിശദവുമായ വരവു ചെലവു കണക്ക് പുറത്തുവിടണമെന്ന് സർക്കാരിനോടും മാനേജ്മെന്റിനോടും കെഎസ്ടി എംപ്ലോയീസ് സംഘ് രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഇനിയും ഇല്ലാത്ത നഷ്ടക്കണക്കിന്റെ പേരിൽ ജീവനക്കാരന്റെ ശമ്പളമുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ തടഞ്ഞുവെയ്ക്കാൻ അനുവദിക്കില്ലെന്നും അദ്ദേഹം പറഞ്ഞു. നാഷണൽ പെൻഷൻ സ്കീമിലേക്ക് ഈടാക്കുന്ന തുക അടക്കാതെ ജീവനക്കാരന്റെ വാർദ്ധക്യത്തിൽ അവന് താങ്ങാവേണ്ട പെൻഷൻ നിഷേധിക്കുന്ന കൊള്ളക്കെതിരെ കെഎസ്ടി എംപ്ലോയീസ് സംഘ് പ്രക്ഷോഭം ശക്തമാക്കുമെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി. ജില്ലാ പ്രസിഡന്റ് വി. ശിവദാസ് അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ സംസ്ഥാന ജനറൽ സെക്രട്ടറി എസ്. അജയകുമാർ, ബി.എം.എസ്. ജില്ലാ സെക്രട്ടറി കെ. രാജേഷ് എംപ്ലോയീസ് സംഘ് സംസ്ഥാന സെക്രട്ടറി പി.കെ. ബൈജു എന്നിവർസംസാരിച്ചു. ജില്ലാ സെക്രട്ടറി ടി.വി. രമേഷ്കുമാർ പ്രവർത്തന റിപ്പോർട്ടും, ജില്ലാ ട്രഷറർ കെ. സുധീഷ് സാമ്പത്തിക റിപ്പോർട്ടും അവതരിപ്പിച്ചു. പാലക്കാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ വർക്കിംഗ് പ്രസിഡന്റ് കെ.സുരേഷ് കൃഷ്ണൻ പതാക ഉയർത്തി ജില്ലാ ഭാരവാഹികളെ സംഘടന ഐകകണ്ഠ്യേന തെരഞ്ഞെടുത്തു.

പ്രസിഡന്റ് വി. ശിവദാസ്, വർക്കിംഗ് പ്രസിഡന്റ് - കെ. സുരേഷ് കൃഷ്ണൻ, വൈസ് പ്രസിഡന്റുമാർ - വി. വിജയൻ, വി. കണ്ണൻ, സി. ശശാങ്കൻ എൽ. മധു, സെക്രട്ടറി ടി.വി. രമേഷ് കുമാർ, ജോ. സെക്രട്ടറിമാർ - പി.ആർ. മഹേഷ്, എം. അനീഷ്, എം. കണ്ണൻ, സി. സുമതി, ട്രഷറർ സി. പ്രമോദ്.




**കെ എസ് ടി എംപ്ലോയീസ് സംഘ് പാലക്കാട് ജില്ലാ സമ്മേളനം സംസ്ഥാന ഡെപ്യൂട്ടി ജനറൽ സെക്രട്ടറി പ്രദീപ്.വി.നായർ ഉദ്ഘാടനം ചെയ്യുന്നു.**

# കെ. എസ്. ആർ. ടി. സി:
# ശമ്പളം ലഭിക്കാത്തതിൽ പ്രതിഷേധം

**തിരുവനന്തപുരം:** കെ.എസ്. ആർ.ടി.സി. ജീവനക്കാരുടെ നവംബർ മാസത്തെ ശമ്പളം പൂർണ്ണമായും വിതരണം ചെയ്യാത്തതിൽ പ്രതിഷേധിച്ച് കെ.എസ്.ടി. എംപ്ലോയീസ് സംഘ് (ബി.എം.എസ്.) തിരുവനന്തപുരം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ കെ.എസ്. ആർ.ടി.സി.യുടെ കേന്ദ്ര ആഫീസായ ട്രാൻസ്പോർട്ട് ഭവനു മുന്നിൽ പ്രതിഷേധ ധർണ്ണ നടത്തി. ജില്ലാ ഭാരവാഹികളായ ആർ. പത്മകുമാർ, സി.എസ്. ശരത്, വി.കെ. ജയപ്രകാശ്, മഹേശ്വരൻ, എസ്. സുനിൽകുമാർ, രാജ്കുമാർ തുടങ്ങിയവർ നേതൃത്വം നൽകിയ ധർണ്ണ എംപ്ലോയീസ് സംഘ് സംസ്ഥാന ഡെപ്യൂട്ടി ജനറൽ സെക്രട്ടറി വി. പ്രദീപ് ഉദ്ഘാടനം ചെയ്തു. ഇരുനൂറ്റി മുപ്പത്തി




കെ എസ് ടി എംപ്ലോയീസ് സംഘ് തിരുവനന്തപുരം ജില്ലാ കമ്മറ്റി കെ.എസ്.ആർ.ടി.സി ചീഫ് ഓഫീസിലേയ്ക്ക് നടത്തിയ പ്രതിക്ഷേധ മാർച്ച്.

അഞ്ചുകോടി രൂപ വരുമാനമുണ്ടായിട്ടും 40 കോടി രൂപ ശമ്പളത്തിനായി നീക്കിവയ്ക്കാൻ തയ്യാറാവാത്തത് ജീവനക്കാരെ അസന്തുഷ്ടരാക്കി സ്ഥാപനത്തെ തകർക്കുകയെന്ന ഇടതു സർക്കാരിന്റെ ഗൂഢപദ്ധതിയാണെന്ന് അദ്ദേഹം കുറപ്പെടുത്തി.



വരിഷ്ഠ നാഗരിക് പരിസംഘ് ദേശീയ പ്രവർത്തക സമിതി യോഗം ബി.എം.എസ്. നാഷണൽ വൈസ് പ്രസിഡന്റ് കെ.പി.സിംഗ് ഉദ്ഘാടനം ചെയ്യുന്നു.

# പെൻഷനേഴ്സ് സംഘ്
# കാസറഗോഡ് ജില്ലാ സമ്മേളനം

**കാസർഗോഡ്** : പെൻഷനേഴ്സ് സംഘ് കാസറഗോഡ്ജില്ലാ സമ്മേളനം ഹോസംഗഡി ഗുരുനരസിംഹ സഭാഭവനിൽ വെച്ച് നടന്നു. ജില്ലാ പ്രസിഡന്റ് കെ. മുത്തുകൃഷ്ണൻ അധ്യക്ഷത വഹിച്ചു കെ.എസ്.പി.എസ്. സംസ്ഥാന ട്രഷറർ അഡ്വക്കേറ്റ് ജയഭാനു ഉദ്ഘാടനം ചെയ്തു. സെക്രട്ടറി നാഗരാജ . ബി. സ്വാഗതം പറഞ്ഞു ആർ.എസ്.എസ്. ദക്ഷിണ കർണ്ണാടക കുടുംബ പ്രബോധന സംചാലക സുബ്രായ നന്തോ ഡി, ബി.ജെ.പി. മഞ്ചേശ്വരം മണ്ഡലം പ്രസിഡണ്ട് ആദർശ, ബി.എം.എസ്. ജില്ലാ ജോ. സെക്രട്ടറി ദിനേശൻ. ബി.എച്ച്, എൻ.ടി.യു. സംസ്ഥാന വൈസ് പ്രസിഡണ്ട് വെങ്കപ്പ ഷെട്ടി, കെ.എസ്.പി.എസ്. സംസ്ഥാന വൈസ് പ്രസിഡണ്ടുമാരായ ഈശ്വര റാവു വിനോദ്. കെ.എൻ. ആർ.എസ്.എസ്. മഞ്ചേശ്വരം മേഖലാ സംഘചാലക് സദാശിവ ഭട്ട് എന്നിവർ സംസാരിച്ചു. ജോ സെക്രട്ടറി ബാബു. എം. നന്ദി പറഞ്ഞു.



പെൻഷനേഴ്സ് സംഘ് കാസറഗോഡ്ജില്ലാ സമ്മേളനം സംസ്ഥാന ട്രഷറർ അഡ്വക്കേറ്റ് ജയഭാനു ഉദ്ഘാടനം ചെയ്യുന്നു.

പുതിയ ജില്ലാ ഭാരവാഹികളായി മുത്തുകൃഷ്ണൻ.കെ.(പ്രസിഡണ്ട് ), നാഗരാജ ബാളിഗേ (ജ ന.സെക്രട്ടറി), ശ്രീധരറാവു, ബാബു. എം.. ശാന്തകുമാരി, കേശവ ഭട്ട് മന്നിപ്പാടി (വൈസ് പ്രസിഡണ്ടുമാർ), സത്യ നാരായണ തന്ത്രി (ജോ.സെക്രട്ടറി )കേശവ പ്രസാദ്. കെ.(ട്രഷറർ) എന്നി വരെ തെരഞ്ഞെടുത്തു.

## യൂണിറ്റ് സമ്മേളനം

**കാസർഗോഡ്** : ഹെഡ് ലോഡ് ആന്റ് ജനറൽ മസ്ദൂർ സംഘ് ബിഎംഎസ് പുതിയകോട്ട യൂണിറ്റ് സമ്മേളനം യൂണിറ്റ് പ്രസിഡണ്ട് അജയന്റെ അധ്യക്ഷതയിൽ ബിഎംഎസ് ജില്ല സെക്രട്ടറി സ് ബാബു ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു യൂണിറ്റ് സെക്രട്ടറി സുനിൽകുമാർ പ്രവർത്തന റിപ്പോർട്ടും ട്രഷറർ രാമകൃഷ്ണൻ സാമ്പത്തിക റിപ്പോർട്ടും അവതരിപ്പിച്ചു. വി.വി. ബാലകൃഷ്ണൻ സമാപന പ്രസംഗം നടത്തി. പുതിയ ഭാരവാഹികൾ ഷിജു മാണിക്കോത്ത് പ്രസിഡന്റ് മനോജ് സെക്രട്ടറി ചന്ദ്രൻ പൊള്ള കട ഖജാൻജി അടക്കം 11 അംഗ കമ്മിറ്റി നിലവിൽ വന്നു സുനിൽകുമാർ സ്വാഗതവും മനോജ് നന്ദിയും പറഞ്ഞു ദേശീയ ഗാനത്തോടെ സമ്മേളനം സമാപിച്ചു.



ഹെഡ് ലോഡ് ആന്റ് ജനറൽ മസ്ദൂർ സംഘ് പുതിയ കോട്ട യൂണിറ്റ് സമ്മേളനം ബി.എം.എസ് കാസർഗോഡ് ജില്ലാ സെക്രട്ടറി കെ.വി. ബാബു ഉദ്ഘാടനം ചെയ്യുന്നു.

# വൈദ്യുതി ജീവനക്കാരുടെ ആനുകൂല്യങ്ങൾ നിഷേധിക്കരുത്

**കാസർഗോഡ്** : കെ.എസ്.ഇ.ബി ജീവനക്കാർക്ക് ലഭിക്കേണ്ട ഡി എ, ലീവ് സറണ്ടർ , പ്രമോഷനുകൾ എന്നിവ നൽകാത്തതിൽ പ്രതിഷേധിച്ച് കാസർഗോഡ് വൈദ്യുതി ഭവനുമുൻപിൽ പ്രതിഷേധ ധർണ്ണ സംഘടിപ്പിച്ചു. ധൂർത്തും അഴിമതിയും കൊള്ളയും കൈമുതലാക്കിയ ഇടതുപക്ഷ സർക്കാർ സാധാരണക്കാരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകാതെയും പൊതുമേഖലാ സ്ഥാപനങ്ങൾ ഒന്നൊന്നായി പൂട്ടിക്കുക എന്ന ഗൂഢ ലക്ഷ്യത്തിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി തൊഴിലാളികളെ പിച്ചച്ചട്ടി എടുപ്പിച്ചു. വൈദ്യുതി തൊഴിലാളികൾക്ക് ലഭിക്കേണ്ട ഡിഎ ആനുകൂല്യം തടഞ്ഞുവെച്ച ബോർഡ് മാനേജ്മെന്റിന്റെ ഉത്തരവിനു പിന്നിൽ ഇടതുപക്ഷ സർക്കാരാണ്. തൊഴിലാളികളുടെ ആ നുകൂല്യങ്ങൾ ഒന്നൊന്നായി നിർത്തലാക്കിയതും പ്രമോഷനുകൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ തടഞ്ഞു വെച്ചതും ഇടതുപക്ഷ തൊഴിലാളി സംഘടനകളുടെ പിന്തുണയോടു കൂടിയാണ് എന്നും തിരിച്ചറിയണമെന്നും ധർണ്ണ ഉദ്ഘാടനം ചെയ്ത ബി.എം.എസ് സംസ്ഥാന സമിതി അംഗം വി.വി.ബാലകൃഷ്ണൻ പറഞ്ഞു. സെക്രട്ടറി ശശിധരൻ.കെ സ്വാഗതം പറയുകയും കെ.വി.എം .എസ് ജില്ലാ വർക്കിംഗ് പ്രസിഡണ്ട് വസന്തനായക് അധ്യക്ഷ ഭാഷണവും നടത്തി. കെ.വി.എം.എസ് സംസ്ഥാന ഉപാധ്യക്ഷൻ കെ.എൻ കൃഷ്ണൻകുട്ടി,ജില്ലാ വൈസ് പ്രസിഡന്റ് പ്രവീൺ എച്ച്.പി.,ജില്ലാ ജോയിന്റ് സെക്രട്ടറി മുരളി.ടി.പി എന്നിവർ സംസാരിച്ചു.




**കേരള വൈദ്യുതി മസ്ദൂർ സംഘം കാസർഗോഡ് വൈദ്യുതി ഭവനു മുൻപിൽ നടത്തിയ ധർണ്ണ ബി.എം.എസ് സംസ്ഥാന സമിതി അംഗം വി.വി.ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.**




**കേരള വൈദ്യുതി മസ്ദൂർ സംഘ് കണ്ണൂർ ഡിവിഷൻ ധർണ്ണ.**

**കണ്ണൂർ:** ഇടത് മുന്നണി സർക്കാരിന്റെ തൊഴിലാളി വിരുദ്ധ നടപടികൾക്കെതിരെ കേരള വൈദ്യുതി മസ്ദൂർസംഘം കണ്ണൂർ ഡിവിഷന്റെ ആഭിമുഖ്യത്തിൽ വൈദ്യുതി ഓഫീസിനു മുമ്പിൽ ധർണ്ണനടത്തി. ക്ഷാമബത്ത നിഷേധിച്ചതിനെതിരേയും ശമ്പളം പിടിച്ചെടുക്കാനുള്ള സർക്കാരിന്റെ ഗൂഢനീക്കത്തിനെതിരേയുമാണ് ധർണ സംഘടിപ്പിച്ചത്. കേരള വൈദ്യുതി മസ്ദൂർസംഘം സംസ്ഥാന വൈസ് പ്രസിഡന്റ് ടി. ഷാനവാസ് ഉദ്ഘാടനം ചെയ്തു. പി.കെ. മഹേഷ് അധ്യക്ഷത വഹിച്ചു. ടി.കെ. അനിൽ, കെയ വിനോദൻ എന്നിവർ സംസാരിച്ചു.




**അംഗൻവാടി,ആശാ വർക്കേഴ്സ് – സ്കീം വർക്കേഴ്സിന്റെ വിവിധ ആവശ്യങ്ങൾ അടങ്ങിയ നിവേദനം ബി.എം.എസ് അഖിലേന്ത്യാ പ്രസിഡൻറ് ഹിരൺമയപാണ്ഡ്യയുടെ നേതൃത്വത്തിൽ കേന്ദ്രമന്ത്രി മൻസൂഖ് മാണ്ഡവ്യക്ക് നൽകുന്നു.**

## ഉപഭോക്തൃവില സൂചിക

കേരളത്തിലെ വിവിധ കേന്ദ്രങ്ങളിലെ 2023 സെപ്റ്റംബർ,ഒക്ടോബർ മാസങ്ങളിലെ വില സൂചിക ഔദ്യോഗികമായി പ്രഖ്യാപിച്ച പട്ടികയാണ് ചുവടെ ചേർക്കുന്നത്. Department of economics and statistics Trivandrum Dated 07-12-2023 അടിസ്ഥാനവർഷം 1998 – 99 = 100

പഴയ സീരീസ് അനുസരിച്ച്

| | | ലിങ്കിങ് ഫാക്ടർ | വിലസൂചിക | | വിലസൂചിക | |
|---|---|---|---|---|---|---|
| | | | അടിസ്ഥാനവർഷം: 2011-12=100 | | അടിസ്ഥാനവർഷം: 1998-99=100 | |
| Sl. No. | സെന്റർ | | 2023 സെപ്റ്റംബർ | 2023 ഒക്ടോബർ | 2023 സെപ്റ്റംബർ | 2023 ഒക്ടോബർ |
| 1. | തിരുവനന്തപുരം | 2.11 | 198 | 198 | 418 | 418 |
| 2. | കൊല്ലം | 2.09 | 193 | 194 | 403 | 405 |
| 3. | പുനലൂർ | 2.10 | 193 | 193 | 405 | 405 |
| 4. | പത്തനംതിട്ട | 2.03 | 211 | 208 | 428 | 422 |
| 5. | ആലപ്പുഴ | 2.05 | 198 | 197 | 406 | 404 |
| 6. | കോട്ടയം | 2.08 | 206 | 205 | 428 | 426 |
| 7. | മുണ്ടക്കയം | 2.17 | 197 | 197 | 427 | 427 |
| 8. | ഇടുക്കി | 1.97 | 199 | 199 | 392 | 392 |
| 9. | എറണാകുളം | 2.03 | 196 | 196 | 398 | 398 |
| 10. | ചാലക്കുടി | 2.00 | 214 | 214 | 428 | 428 |
| 11. | തൃശൂർ | 1.87 | 207 | 206 | 387 | 385 |
| 12. | പാലക്കാട് | 2.09 | 192 | 192 | 401 | 401 |
| 13. | മലപ്പുറം | 2.00 | 196 | 195 | 392 | 390 |
| 14. | കോഴിക്കോട് | 2.02 | 205 | 203 | 414 | 410 |
| 15. | വയനാട് | 1.93 | 197 | 196 | 380 | 378 |
| 16. | കണ്ണൂർ | 2.02 | 207 | 205 | 418 | 414 |
| 17. | കാസർഗോഡ് | 2.05 | 211 | 209 | 433 | |

# ആദരാഞ്ജലി



**ബി.ഗംഗാധരൻ**

പാലക്കാട്. ബി.എം.എസ്. പാലക്കാട് മുൻ ജില്ലാ പ്രസിഡന്റും മൂത്താന്തറ കർണകിയമ്മൻ ഹൈസ്കൂൾ മുൻ മാനേജരുമായ മൂത്താന്തറ ആരപ്പത്ത് കല്ലിങ്കൽ വീട്ടിൽ ബി.ഗംഗാധരൻ (77) അന്തരിച്ചു. പാലക്കാട് നഗരസഭാ വൈസ് ചെയർമാനും മൂത്താന്തറകെ.എസ്.ബി. സ്കൂൾ പ്രധാനാധ്യാപകനും കർണകിയമ്മൻ ഹൈസ്കൂൾ മാനേജരുമായിരുന്ന പരേതനായ കെ.ബാലൻമാസ്റ്ററുടെ മകനാണ്.

റെയിൽവേയിൽ പേഴ്സണൽ ബ്രാഞ്ചിൽ ഹെഡ് ക്ലർക്കായി ഔദ്യോഗിക ജീവിതം ആരംഭിച്ച ഗംഗാധരൻ മൂന്നു പതിറ്റാണ്ടിലധികം ബി.എം.എസ്സിന്റെയും ഡി.എയർ.കെ.എസ്സിന്റെയും ചുമതലകൾ വഹിച്ചിരുന്നു. റെയിൽവേയിൽ ബി.എം.എസ്. യൂണിയൻ ആരംഭിക്കുന്നതിന് രാ.വേണുഗോപാൽ ചുമതല ഏൽപ്പിച്ചത് ഇദ്ദേഹത്തെ ആയിരുന്നു. ഓ.രാജഗോപാൽ കേന്ദ്ര റെയിൽവേ മന്ത്രി ആയിരുന്നപ്പോൾ ലെയ്സൺ ഓഫീസറായും പ്രവർത്തിച്ചു.

മുതിർന്ന പ്രചാരകൻ എസ്.സേതുമാധവന്റെ അമ്മാവന്റെ മകനാണ്. ഭാര്യ : എ.സുഭദ്ര,മക്കൾ:ദീപ.ദീപ്തി,പരേതയായ ദിവ്യ.മരുമക്കൾ:ബാബു,രാജേഷ്,

**അനുസ്മരണ യോഗം**

**പാലക്കാട്** : ബി.എം.എസ് മുൻ പാലക്കാട് ജില്ലാ പ്രസിഡൻറും സാമൂഹിക സാംസ്കാരിക മേഖലകളിലെ സജീവ സാന്നിധ്യവുമായിരുന്ന സ്വർഗ്ഗീയ ബി.ഗംഗാധരന്റെ അനുസ്മരണ സദസ് മൂത്താന്തറ ഉമാമഹേശ്വരി മണ്ഡപത്തിൽ വെച്ച് നടന്നു. ബി എം എസ് ജില്ലാ പ്രസിഡൻറ് സലിം തെന്നിലാപുരം അദ്ധ്യക്ഷത വഹിച്ചു. ബി.എം.എസ്. ദക്ഷിണ ക്ഷേത്രീയ സംഘടനാ സെക്രട്ടറി എസ്.ദുരൈരാജ് അനുസ്മരണ പ്രഭാഷണം നടത്തി.ആർ എസ് എസ് വിഭാഗ് സംഘചാലക് വി.കെ. സോമസുന്ദരം, ബി.എം.എസ് ദേശീയ സെക്രട്ടറി വി.രാധാകൃഷ്ണൻ , റോട്ടറി ക്ലബ് മുൻ സെക്രട്ടറി ജോൺ, മുനിസിപ്പൽ കൗൺസിലർ സജിത, ജില്ലാ സംഘചാലക് കെ.പി.രാജേന്ദ്രൻ,കണ്ണകി അമ്മൻ ഹൈസ്കൂൾ മാനേജർ യു.കൈലാസ് മണി, ബി.എം.എസ് മുൻ ജില്ലാ പ്രസിഡൻറ് നാരായണൻ കേകടവൻ,മൂത്താൻ സർവ്വീസ് സൊസൈറ്റി ഭാരവാഹി സുരേന്ദ്രനാഥ് എന്നിവർ സംസാരിച്ചു. ബി എം എസ് ജില്ലാ സെക്രട്ടറി കെ.രാജേഷ് സ്വാഗതവും ട്രഷറർ വി.ശരത്ത് നന്ദിയും പറഞ്ഞു.



**ഗിരീഷ് അവസ്തി**

ബി.എം.എസ്. മുൻ അഖിലഭാരതീയ അദ്ധ്യക്ഷൻ.



**വിജയ്കാന്ത്**

സിനിമാതാരം വിജയ്കാന്ത്



**കൊമ്മേരി അയ്യപ്പൻ**

മാവൂർ ഗ്വാളിയോർ റയോൺസ് ജീവനക്കാരനും ബി.എം.എസ്. പ്രവർത്തകനുമായിരുന്ന ചെറുവായൂർ നാഗംകുന്നത്ത് കൊമ്മേരി അയ്യപ്പൻ.

# ഇ.എസ്.ഐ. കോർപ്പറേഷൻ അറിയിപ്പ്

ഇ.എസ്.ഐ. ലീവ് തുടങ്ങിയ എല്ലാ ഇ.എസ്.ഐ. ഗുണഭോക്താക്കളും ലീവിനുള്ള ക്ലയിം ഓൺലൈൻ ആയി സമർപ്പിക്കണമെന്ന് ഇ.എസ്.ഐ. കോർപ്പറേഷൻ തീരുമാനിച്ചിരിക്കുന്നതായി കേന്ദ്ര ഇ.എസ്.ഐ. ട്രസ്റ്റി ബോർഡ് മെമ്പർ എസ്.ദുരൈരാജ് അറിയിച്ചു. 2024 ജനുവരി 1 മുതൽ ബാധകമായിരിക്കും. ലീവ് ക്ലയിം ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അതാത് ഇ.എസ്.ഐ ബ്രാഞ്ച് ഓഫീസുകളിൽ ലഭ്യമായിരിക്കും.

## ESI ലീവ് ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം

**ESI** യുടെ വെബ്സൈറ്റായ **www.esic.gov.in** ഓപ്പൺ ചെയ്യുക.

Insured person/beneficiary എന്ന് എഴുതിയിട്ട് ഉള്ള ടാബിൽ ക്ലിക്ക് ചെയ്യുക.

തുടർന്ന് വരുന്ന **page CÂ username/password** എന്നിവ നൽകി ലോഗിൻ ചെയ്യുക. (ശ്രദ്ധിക്കുക **username** എന്നത് **ESI** ഇൻഷുറൻസ് നമ്പർ ആണ്).

Cash **benefit claim request submission** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക

ഓൺലൈൻ സർട്ടിഫിക്കറ്റ് ലഭ്യമല്ല എങ്കിൽ **Please click here to submit manual certificate** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യണം.തുടർന്ന് വരുന്ന ബോക്സിൽ സർട്ടിഫിക്കറ്റ് നമ്പർ,ഇഷ്യൂ ചെയ്ത തീയതി എന്നിവ നൽകുക. ഒപ്പം സർട്ടിഫിക്കറ്റ് (**Pdf or jpeg or jpg** ഫോർമാറ്റ് 200 കെബി സൈസിൽ താഴെ) **browse** എന്ന ടാബ് വഴി അപ്ലോഡ് ചെയ്യുക. ഒന്നിൽ കൂടുതൽ സർട്ടിഫിക്കറ്റ് ഉണ്ടെങ്കിൽ **add row** നൽകി മുകളിൽ പറഞ്ഞ പ്രകാരം അപ്ലോഡ് ചെയ്യുക. എല്ലാ സർട്ടിഫിക്കറ്റും അപ്ലോഡ് ചെയ്തതിനു ശേഷം **submit** ബട്ടൺ ക്ലിക്ക് ചെയ്യുക. തുടർന്ന് വരുന്ന 2 ബോക്സുകളിൽ **ok** നൽകുക. **certificate submit successfully** എന്ന് സ്ക്രീനിൽ കാണിച്ചാൽ മാത്രമേ അപ്ലോഡ് പൂർണ്ണമാവുകയുള്ളൂ.

തുടർന്ന് വരുന്ന ബോക്സിൽ സർട്ടിഫിക്കറ്റ് ലിസ്റ്റ് കാണുവാൻ സാധിക്കും. ഓരോ സർട്ടിഫിക്കറ്റിനും നേരെ ഇടതു ഭാഗത്ത് നൽകിയിരിക്കുന്ന ചെറിയ ടിക്ക് ബോക്സിൽ ക്ലിക്ക് ചെയ്ത് വേണ്ട സർട്ടിഫിക്കറ്റുകൾ തെരഞ്ഞെടുക്കുക.

അതിനു ശേഷം താഴെ ലീവ് ആവശ്യമുള്ള തുടക്ക തീയതിയും നിലവിൽ സെലക്റ്റ് ചെയ്തിരിക്കുന്ന സർട്ടിഫിക്കറ്റ് പ്രകാരം ലീവ് എന്നുവരെ വേണം എന്നുള്ള തീയതിയും നൽകുക.

അതിനു ശേഷം ഏറ്റവും താഴെ നൽകിയിരിക്കുന്ന **I here by agree** എന്ന ചെക്ക് ബോക്സ് ടിക്ക് ചെയ്ത് സബ്മിറ്റ് ചെയ്യുക

**Sb benefit claim initiation request is submitted successfully** എന്ന് സ്ക്രീനിൽ കാണിക്കുമ്പോൾ ok ബട്ടൺ ക്ലിക്ക് ചെയ്യുക.

**Mozilla Firefox** ബ്രൗസർ ഉപയോഗിക്കുവാൻ ശ്രദ്ധിക്കുക

## ബീഡി തൊഴിലാളികളുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് നിവേദനം നൽകി



**ബീഡി തൊഴിലാളികളുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ബി.എം.എസ്. പ്രതിനിധി സംഘം കേന്ദ്ര തൊഴിൽ വകുപ്പ് മന്ത്രി ഭുപേന്ദ്രയാദവിന് നിവേദനം സമർപ്പിക്കുന്നു.**

**ന്യൂഡൽഹി** : രാജ്യത്തെ ബീഡി തൊഴിലാളികളുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ബി.എം.എസ്. പ്രതിനിധി സംഘം കേന്ദ്ര തൊഴിൽവകുപ്പ് മന്ത്രി ഭുപേന്ദ്രയാദവ് മായി വിശദമായി ചർച്ച നടത്തുകയും. നിവേദനം നൽകുകയും ചെയ്തു. നിവേദനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പരിഗണിക്കുമെന്ന് മന്ത്രി പ്രതിനിധിസംഘത്തിന് ഉറപ്പു നൽകി. പ്രതിനിധി സംഘത്തിൽ ബി.എം.എസ്. അഖിലേന്ത്യാ ജനറൽ സെക്രട്ടറി രവീന്ദ്ര ഹിമ ഡേ, ദേശീയ സെക്രട്ടറി വി. രാധാകൃഷ്ണൻ, സൗത്ത് സോൺ ഓർഗനൈസിംഗ് സെക്രട്ടറി എസ്. ദുരൈരാജ്, ബീഡി ഫെഡറേഷൻ ഭാരവാഹികളും സന്നിഹിതരായിരുന്നു.

---

## പി. അനിൽകുമാറിന് യാത്രയയപ്പ് നൽകി

**കോഴിക്കോട്:** കേരള മുൻസിപ്പൽ ആൻഡ് കോർപ്പറേഷൻ സ്റ്റാഫ് സംഘിന്റെ മുൻ സംസ്ഥാന പ്രസിഡന്റും ഫെറ്റോ സംസ്ഥാന ഉപാധ്യക്ഷനും കോഴിക്കോട് കോർപ്പറേഷനിലെ ഫസ്റ്റ് ഗ്രേഡ് ഓവർസിയറും ആയി ജോലിയിൽനിന്നും വിരമിച്ച പി. അനിൽകുമാറിന് കേരള മുൻസിപ്പൽ ആൻഡ് കോർപ്പറേഷൻ സ്റ്റാഫ് സംഘ് കോഴിക്കോട് ജില്ലാ സമിതി യാത്രയയപ്പ് നൽകി. യാത്രയയപ്പ് സമ്മേളനം ബി.എം.എസ്. ജില്ലാ പ്രസിഡണ്ട് ശശിധരൻ പി. ഉദ്ഘാടനം ചെയ്തു. അനിൽകുമാറിനുള്ള ഉപഹാര സമർപ്പണം അഖിലേന്ത്യ സ്വസസ്തസായി കർമ്മചാരി മഹാസംഘ് ദക്ഷിണ ക്ഷേത്രീയ സംഘടന സെക്രട്ടറി പി.കെ. സാബുവും ജില്ലാ പ്രസിഡന്റ് പി.സി. മനോജും ചേർന്ന് നൽകി. എ. സോമൻ നമ്പ്യാർ അധ്യക്ഷത വഹിച്ചു. കെ. സുനിൽകുമാർ, സുജാതൻ യു.വി., ജയരാജ്, അനിൽകുമാർ നരിക്കുനി, അശോകൻ, എം. ദേവദാസൻ, പി. നൈഷാജ



**പി. അനിൽകുമാറിന് കേരള മുൻസിപ്പൽ ആൻഡ് കോർപ്പറേഷൻ സ്റ്റാഫ് സംഘ് കോഴിക്കോട് ജില്ലാ സമിതി യാത്രയയപ്പ് നൽകുന്നു.**

എന്നിവർ സംസാരിച്ചു. ബാബുരാജ് നന്ദിയും പറഞ്ഞു.



അയോദ്ധ്യയിൽ പൂജിച്ച അക്ഷതം ദക്ഷിണക്ഷേത്ര പ്രചാരക് സെന്തിലിൽ നിന്നും രജനീകാന്ത് സ്വീകരിക്കുന്നു.



ഗായിക കെ.എസ്.ചിത്ര അക്ഷതം ഏറ്റുവാങ്ങുന്നു.



നാദാപുരം കോടതി അഭിഭാഷകൻ എൻ.എം.കുട്ടികൃഷ്ണനും ഭാര്യ മിനിയും ചേർന്ന് ബി.എം.എസ്. സംസ്ഥാന സെക്രട്ടറി അഡ്വ. പി.മുരളീധരനിൽ നിന്ന് അക്ഷതം ഏറ്റുവാങ്ങുന്നു.



ബി.എം.എസ്. നേതൃത്വത്തിൽ ദൽഹി ജന്തർ മന്തറിൽ നടന്ന അംഗൻവാടി ജീവനക്കാരുടെ മഹാറാലി




ബി.ഗംഗാധരന്റെ അനുസ്മരണ സദസ്സിൽ ബി.എം.എസ്. ദക്ഷിണ ക്ഷേത്രീയ
സംഘടനാ സെക്രട്ടറി എസ്. ദുരൈരാജ് അനുസ്മരണ പ്രഭാഷണം നടത്തുന്നു.



ഹരിദ്വാർ മഠത്തിലെ സംപൂജ്യ സ്വാമി സ്വരൂപാനന്ദജി മഹാരാജിനു എറണാകുളം വൈറ്റിലയിലെ
ശ്രീരാമകൃഷ്ണ മഠത്തിൽ വച്ച് ബി.എം.എസ് സംസ്ഥാന സംഘടനാ സെക്രട്ടറി കെ മഹേഷ് അക്ഷതം സമർപ്പിക്കുന്നു.

MAZDOOR BHARATHI
R.N.I.NO.29578/79. REGISTERED NO. KL/CT/103/2024-26. LICENCED TO POST WITHOUT PREPAYMENT LICENCE NO. KL/PMG/NR/WPP/17/KKD/2024-26 | POSTED AT KOZHIKODE RMS Price Rs. 15/-
Publishing Date: 10th JANUARY 2024




Printed and Published by K. Gangadharan Mazdoor Bharathi Office, Kallai Road. Kozhikode.Kerala-673 002 and Printed at Geethanjali Offset Prints Kundayithode, Kolathara P.O., Kozhikode, Kerala- 673 655, Editor : K.K. Vijayakumar (Editor responsible for selection of news under the PRB Act) E-mail:mazdoorbharathi@gmail.com., PH: 0495 2305040.